വികസനരേഖ - ൯൬

# പോർക്കുളം ഗ്രാമപഞ്ചായത്ത്



## ജനകീയ ആസൂത്രണം

82-7

# വികേന്ദ്രീകൃത ആസൂത്രണത്തിൻെറ പ്രസക്തി

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ അധികാരം കൈയ്യാളിയ കരങ്ങൾ മാറി എന്നതൊഴിച്ചാൽ ജനത്തിൻെറ പ്രതീക്ഷകൾക്കൊപ്പം ഉയർന്നു പ്രവർത്തുക്കുവാൻ ഭരണഘടനക്കോ തയ്യാറാക്കിയ പദ്ധതികൾക്കോ സാധച്ചിട്ടില്ല. തൽഫലമായി വളരെക്കാലം ജനകീയാസൂത്രണംപോലുള്ള പരിപാടികൾ ഉണ്ടാകുന്നതുവവരെ കാത്തിരിക്കേണ്ടിയും വന്നു. കേന്ദ്രീകരണഭരണസമ്പ്രദായത്തിൻെറ ദൂഷ്യഫലങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. 73,74 ഭരണഘടനഭേദഗതി നടത്തിയതോടെയാണ് ഈ അവസ്ഥക്ക് മാറ്റം സംഭവിക്കുന്നത് തൃതല പഞ്ചായത്തുകൾ നിലവിൽ വന്നതോടെ മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി നടപ്പിലാക്കേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും രേഖകൾ തയ്യാറേക്കേണ്ട ചുമതല പഞ്ചായത്തിനും ജനങ്ങളിലും എത്തിച്ചേർന്നു. പഞ്ചവൽസര പദ്ധതികളിലൂടെ നടപ്പിലാക്കിയിരുന്ന പ്രവർത്തനങ്ങൾ പരിപൂർണ്ണതയിൽ എത്തിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണം എന്ന പ്രക്രിയയിലൂടെ ജന പങ്കാളിത്തം ഉറപ്പാക്കികൊണ്ട് 97 ൽ ആരംഭിക്കുന്ന പദ്ധതിക്ക് രൂപരേഖ തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചു. ഒപ്പം തന്നെ പദ്ധതിചിലവിൻെറ 30 മുതൽ 40 % വരെ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറാൻ തീരുമാനിക്കുകയും ഇതിനും പുറമെ പദ്ധതിക്ക് ആവശ്യമായ വിഭവ സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ സർക്കാരിൻെറ 60 % ൽപ്പെട്ട സ്കീമുകൾ, ഭാഹ്യ വികസന ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ, ജനകീയ സംഭാവനകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. നാം പ്രധാമാമായി ചർച്ചചെയ്യേണ്ടത് കേന്ദ്രത്തിൽനിന്നോ സംസ്ഥാനത്ത്നിന്നോ ലഭിക്കേണ്ട സമ്പത്തിനെക്കുറിച്ചല്ല. മറിച്ച് ഭാരതത്തെ് സംബന്ധിച്ചിടത്തോളം മനുഷ്യവിഭവശേഷിയെക്കുറിച്ചാണ് പുതിയ ആസൂത്രണത്തിൻെറ പാതയിൽ യഥാർത്ഥ അർത്ഥത്തിൽ നാം സഞ്ചരിച്ച് തുടങ്ങിയ ഈ വിഭവം ഉപയോഗിക്കുന്നതിന് പരിപൂർണ്ണമായി വിജയിക്കാൻ കഴിയുമെന്നതിന് സംശയമില്ല. പരിപൂർണ്ണ ജന പങ്കാളിത്തം ഉറപ്പാക്കിയാൽ ഏറ്റവും പ്രധാനപ്പെട്ടത് അഴിമതിരഹിത വികസനമാണ്. അതിനുംപുറമെ മനുഷ്യവിഭവ ശേഷിയും സമ്പത്തും ചേരുമ്പോൾ വികസനത്തിൻെറ വരൾച്ച ഇരട്ടിയാക്കാനാകും. പദ്ധതിയുടെ വിജയം ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ്വന്ന നിർദ്ദേശങ്ങളെ പ്രായോഗിക തലങ്ങളിലേക്ക് എത്തിക്കുന്നതിലുള്ള ജനപങ്കാളിത്തം ഉറപ്പാക്കലാണ്. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ ഭരണം എന്ന ആശയത്തിൻെറ പൂർത്തികരണം തീർച്ചയായും കൊച്ചുഗ്രാമങ്ങളുടെ നേർത്ത തുടിപ്പുകൾ ഉയർന്ന മാനങ്ങളിൽ എത്തിച്ച് ഉത്തമജനാതിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നാടിൻെറ സമഗ്ര വികസനം ഇത്തരം പദ്ധതികളിലൂടെ അവകാശമാക്കി മാറ്റാൻ നാടുകൾ ഉണർന്ന് പ്രവർത്തിക്കേണ്ട സമയവും അടുത്തു എന്ന് ഓരോ ഇന്ത്യൻ പൗരനും ബോധവാൻമാരേകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

*എം.എ. വേലായുധൻ മാസ്റ്റർ*
*പോർക്കളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്.*

## പഞ്ചായത്ത് ഭരണസമിതി

എം.എ. വേലായുധൻ മാസ്റ്റർ (പ്രസിഡൻറ്)

പി.എം. സോമൻ (വൈസ്. പ്രസിഡൻറ്)

ഋത്വിക് (സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ)

മെമ്പർമാർ

വത്സല സുരേന്ദ്രൻ

ഗ്ലോറി പോൾ

സി.ജി. രഘുനാഥൻ

രാമകൃഷ്ണൻ



എം.എ. വേലായുധൻ മാസ്റ്റർ
പഞ്ചായത്ത് പ്രസിഡൻറ്



അഡ്വ. സി.എസ്. ഋത്വിക്
സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ



സി.ജി. രഘുനാഥ്
കൺവീനർ



സി.വി. ശ്രീരാമൻ
മുൻ പഞ്ചായത്ത് പ്രസിഡൻറ്



വെങ്കിടേശ്വര അയ്യർ
മുൻ പഞ്ചായത്ത് പ്രസിഡൻറ്



# കോർ ഗ്രൂപ്പ്

M.S. ജോണി
M. സോമസുന്ദരൻ
M.S. പോൾ
N. രാധാകൃഷ്ണൻ
K.B. തമ്പി മാസ്റ്റർ
P.G. ജയപ്രകാശ്
K.P. പ്രേമൻ
K.K. ബിനു
ചന്ദ്രൻ കളരിക്കൽ
K.A. വിജയൻ
K.P. വാസൻ
ജയ്ബിന്ദ്
M.K. സുധാകരൻ
U.K. വേലായുധൻ
M.K.പ്രേമനാഥ്
K.K. സുരേഷ്കുമാർ
K.A. ജൂലിയറ്റ്
N.K. മുസ്തഫ
P.V. ജോസ്
T.P. അയൂബ്
P.I. കുഞ്ഞുമോൻ
K.C. ഷൺമുഖൻ
T.K. വാസു
K. പത്മനാഭൻ നായർ
K. രാഘവൻ
A.R. രാഘവൻ
സയ്യദ് ഹാരിസ്
ജോസഫ് മാസ്റ്റർ
K.I. ചേറു മാസ്റ്റർ
C.K. പാവു
A.K. ഉണ്ണി
M.T. സരോജിനി
K.V. ഗംഗാധരൻ
T.M. കൃഷ്ണൻകുട്ടി
P.T. ചേറുകുട്ടി
K.M. കുഞ്ഞു
P.P. കോമൻ
K.A. ജോതി
K.C. അപ്പുക്കുട്ടൻ
K.R. വിജയൻ
ഷെബീർ
A.K. പരമേശ്വരൻ നായർ
K. ബാലകൃഷ്ണൻ നായർ
അനീഷ്
T.P. പ്രസാദ്

## എഡിറ്റർ

എം.എ. വേലായുധൻ മാസ്റ്റർ

## എഡിറ്റോറിയൽ ബോർഡ്

പി.എം. സോമൻ

അഡ്വ: സി.എസ്. ജതിൻ

സി.ജി. രഘുനാഥൻ

കെ. രാമകൃഷ്ണൻ

ഗ്ലോറി പോൾ

വത്സല സുരേന്ദ്രൻ

ടി.വി. ഷാജി

എം.കെ. സുകുമാരൻ

വി. മനോജ് കുമാർ

# ആമുഖം

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ചൊവ്വന്നൂർ ബ്ലോക്കിൽ, അകതിയൂർ, പോർക്കുളം, മങ്ങാട് എന്നീ വില്ലേജുകൾ ചേർന്നതാണ് പോർക്കുളം പഞ്ചായത്ത് പഞ്ചായത്തിൻെറ വിസ്തീർണ്ണം 14.49 ചതുരശ്ര കിലോമീറ്റർ ആണ്. 1991ലെ കാനേഷുമാരി കണക്കുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 14,244 ആണ്. അതിൽ സ്ത്രീജനസംഖ്യ 7384ഉം പുരുഷ ജനസംഖ്യ 6840 ഉം ആണ്. 8നിയോജക മണ്ഡലത്തിൻെറ പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ് പഞ്ചായത്തിൻെറ ഭരണ സമിതി. 2,4,8, എന്നീ നിയോജകമണ്ഡലങ്ങൾ സ്ത്രീ നിയോജക മണ്ഡലങ്ങളും 3-ാം നിയോജക മണ്ഡലം പട്ടികജാതി സംവരണ നിയോജക മണ്ഡലവും 1,5,6,7 എന്നീ നിയോജക മണ്ഡലങ്ങൾ ജനറൽ നിയോജക മണ്ഡലങ്ങളും ആണ്.

പോർക്കുളം ഗ്രാമപഞ്ചായത്തിൻെറ നല് അതിരുകൾ, തെക്കു ഭാഗം കുന്നംകുളം നഗരസഭയും ആർത്താറ്റ് ചൊവ്വന്നൂർ എന്നീ പഞ്ചായത്തുകളുടെ ഭാഗങ്ങളും ആണ്. പടിഞ്ഞാറു ഭാഗം കാട്ടകാമ്പാൽ പഞ്ചായത്തും, വടക്കുഭാഗം കടവല്ലൂർ പഞ്ചായത്തും, കിഴക്ക് കടങ്ങോട് പഞ്ചായത്തുമാണ്.

ഈ പഞ്ചായത്തിലൂടെ ഗുരുവായൂർ കോഴിക്കോട് സ്റ്റേറ്റ് ഹൈവേ കടന്നുപോകുന്നു.

പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഒരു മാവേലി സ്റ്റോറും പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ സെൻറ് ജോസഫ് ആൻറ് സിറിൽസ് ഹൈസ്കൂളും മൂന്നാം വാർഡിൽ മൃഗസംരക്ഷണവകുപ്പിൻെറ ബീജ സങ്കലന കേന്ദ്രവും നാലാം വാർഡിൽ തിരുത്തിക്കാട് ഭാരത് മാത ലോവർ പ്രൈമറി സ്കൂളും, പോർക്കുളം പ്രൈമറി ഹെൽത്ത് സെൻററും ക്ഷീരോല്പാദക സഹ. സംഘവും അഞ്ചാം വാർഡിൽ പോർക്കുളം എം.കെ.യു.പിസ്കൂൾ, പോർക്കുളം ഗ്രാമ പഞ്ചായത്ത് ഓഫീസ്, പോർക്കുളം സർവ്വീസ് സഹ. ബാങ്ക്, കൃഷിഭവൻ, വില്ലേജ് എക്സ്റ്റൺഷൻ ഓഫീസ്, മാതൃശിശു സംരക്ഷണ കേന്ദ്രം എന്നിവയും ആറാം വാർഡിൽ വില്ലേജ് ഓഫീസ്, ആയുർവേദ ഡിസ്പെൻസറി എന്നിവയും ഏഴാം വാർഡിൽ സബ് രജിസ്റ്റാർ ഓഫീസ്, ടെലഫോൺ എക്സേഞ്ച് സർവ്വീസ് സഹ. ബാങ്കിൻെറ ശാഖ എന്നിവയും എട്ടാം വാർഡിൽ ഡി.വി.എം. എൽ.പി. സ്കൂൾ എന്ന സ്ഥാപനവും സ്ഥിതിചെയ്യുന്നു.

കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്കൂളോ അൺ എയിഡഡ് സ്കൂളോ ഇല്ല എന്നത് ഒരു പ്രത്യേകതയാണ്.

കേന്ദ്ര സർക്കാർ സ്ഥാപനമായ പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൻെറ മങ്ങാട്, പോർക്കുളം, അകതിയൂർ, അക്കിക്കാവ്, എന്നീ നാലുബ്രാഞ്ച് പോസ്റ്റാഫീസുകളാണ് ഈ പഞ്ചായത്തിലുള്ളത്.

## ഭൂപ്രകൃതി

അവലംബം, വിഭവ ഭൂപടങ്ങൾ, റവന്യൂ രേഖകൾ, കൃഷി ഭവൻ രേഖകൾ, പടന പര്യടനം മുതലായവ.

മനോഹാരിത മുറ്റിനിൽക്കുന്ന കലശമല കുന്നും ഐതീഹ്യം മുറ്റി നില്ക്കുന്ന എട്ടുവരച്ച പാറയുമാണ് ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ. ഈ പ്രദേശത്തു നിന്നും ചുറ്റും നോക്കിയാൽ കാണുന്ന ദൂരക്കാഴ്ചകൾ, ഹൃദയകാരിയായ വിനോദ സഞ്ചാരികളെ ഹഠാകർഷിക്കുന്നവയുമാണ്. ഉയർന്ന പ്രദേശങ്ങളെ ഒഴിച്ച് ബാക്കി പരന്നു കിടക്കുന്ന വയൽ പ്രദേശങ്ങളും, കോൾ നിലങ്ങളും ആണ്. നെല്ല്, തെങ്ങ്, കവുങ്ങ് വാഴ മുതലായവയാണ് ഈ പ്രദേശങ്ങളിലെ പ്രധാന കൃഷികൾ. ഒന്ന്, രണ്ട്, മൂന്ന്, നാല് വാർഡുകളിലായി കോൾ നിലങ്ങൾ സ്ഥിതിചെയ്യുന്നു.

വർഷത്തിൽ എട്ട് മാസത്തോളം ശുദ്ധജലം നിറഞ്ഞു നിൽക്കുന്ന ഈ പ്രദേശം വറ്റിച്ചാണ് കൃഷിയിറക്കുന്നത്. വെട്ടിക്കടവ് കോൾ പടവ് സംഘം, കോട്ടിയാട്ടുമുക്ക് കോൾപടവ് സംഘം, അടിയറ കോൾപടവ് സംഘം എന്നിവയാണ് ഈ പഞ്ചായത്തിലെ കോൾ പടവ് സംഘങ്ങൾ. ഇവ കൂടാതെ ചെറിയ തോതിലുള്ള വ്യവസായ ശാലകളും കുടിൽ വ്യവസായങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.



# ചരിത്രം

വളരെ പ്രാചീനമായ മനുഷ്യസംസ്കാരത്തിന്റെ മുദ്രകൾ പതിഞ്ഞുകിടക്കുന്ന ഹരിതാഭമായ ഒരു ഭൂപ്രദേശമാണ് പോർക്കുളം എന്ന ഗ്രാമം. സിന്ധു നാഗരികതയുടെ ഏതാണ്ട് അതേ കാലയളവിൽ ഈ ഗ്രാമത്തിലും ജനജീവിതത്തിന്റെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ഈ ഗ്രാമത്തിലെ വേദക്കാട് എന്ന സ്ഥലത്തുനിന്നും ഖനനം ചെയ്തെടുത്ത നന്നങ്ങാടികളിൽ നിന്നുമാണ് മണ്ണടിഞ്ഞുപോയ ആ സംസ്കാരത്തെക്കുറിച്ച് അറിവ് ലഭിച്ചത്. കേരളത്തിൽ ആദ്യമായി ശാസ്ത്രീയമായി ഖനനം നടത്തിയതും ഇവിടെ തന്നെയായിരുന്നു. പുരാവസ്തുഗവേഷകനായ ബി.കെ. തപ്പറിന്റെ നേതൃത്വത്തിൽ ഖനനം ചെയ്തെടുത്ത നന്നങ്ങാടികൾക്ക് ക്രിസ്തുവിന് മുമ്പ് രണ്ടായിരം വർഷം പഴക്കമുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. വായ്‌വട്ടം കൂടിയ വലിയ മൺകലത്തിനോട് സാമ്യമുള്ള ഈ നന്നങ്ങടികൾക്കകത്ത് ചെറുമൺപാത്രങ്ങളിൽ എല്ലിൻ കഷ്ണങ്ങളും, തുരുമ്പുപിടിച്ച ഇരുമ്പുകത്തികളുടെയും മഴുവിന്റെ കഷ്ണങ്ങളും കല്ലുമണികളും ഉണ്ടായിരുന്നു. പ്രാചീനമനുഷ്യരെ സംസ്കരിച്ചരുന്ന നന്നങ്ങാടികളിൽ പണിയായുധങ്ങൾ കൂടി അടക്കം ചെയ്തിരുന്നത് അവരുടെ ഇടയിൽ പ്രബലമായി നിലനിന്നിരുന്ന പുനർജന്മത്തെക്കുറിച്ചുള്ള വിശ്വാസം കൊണ്ടായിരുക്കും.

സംസ്കൃത സാഹിത്യത്തിന് അമൂല്യങ്ങളായ മീമാംസ ഗ്രന്ഥങ്ങളും, കാവ്യ ഗ്രന്ഥങ്ങളും നൽകിയ പണ്ഡിതരായ പയ്യൂർ ഭട്ടതിരിമാർക്ക് ജന്മം നൽകിയ നാടെന്ന നിലയിൽ ഈ ഗ്രാമം കേരള ചരിത്രത്തിൽ പ്രസിദ്ധമാണ്. കോഴിക്കോട് സാമൂതിരി മാനവ വിക്രമന്റെ വിദ്വൽസദസ്സിലെ പതിനെട്ടരകവികളിൽ ഒമ്പതുപേർ ഒരച്ഛനും ഏഴു സഹോദരങ്ങളും ഒരു മകനും ഉൾപ്പെടുന്ന പയ്യൂർ ഭട്ടതിരിമാരിയിരുന്നു. സംസ്കൃതഭാഷയിൽ വേദാരണ്യം, വേദവനം, ശ്രുതികാന്താരം എന്നീ പേരുകളിൽ അറിയപ്പെടുന്ന വേദക്കാട് എന്ന സ്ഥലത്തെ ദേവീക്ഷേത്രത്തിന് സമീപമാണ് പയ്യൂർ ഭട്ടതിരിമാരുടെ ഇല്ലം സ്ഥിതിചെയ്യുന്നത്. വിദ്വൻ സദസ്സിലെ ഭട്ടതിരി മാരിലൂടേയാണ് ഈ ഇല്ലം പ്രസിദ്ധമായിത്തീർന്നത്. അവർക്ക് മുമ്പ് പയ്യൂർ ഇല്ലത്ത് ജീവിച്ചിരുന്ന മഹാപണ്ഡിതന്മാരെക്കുറിച്ച് വളരെ കുറച്ച് അറിവ് മാത്രമെ ലഭ്യമായിട്ടുള്ളു. യജ്ഞ കർമ്മാദികളിൽ നിഷ്ണാദരായിരുന്ന കേരളത്തിലെ വൈദിക ബ്രാഹ്മണരുടെ പാരമ്പര്യവും, അധൃഷ്യയും പയ്യൂർ ഭട്ടതിരിമാരെ ആശ്രയിച്ചാണ് ഇന്നും നിലകൊള്ളുന്നത്.

പയ്യൂർ ഭട്ടതിരിമാരുടെ പരദേവതയായ ഗോപാലകാദേവിയെ പ്രതിഷ്ഠിച്ചിരുക്കുന്ന വേദാരണ്യത്തെക്കുറിച്ച്(വേദക്കാട്) വാസുദേവഭട്ടതിരിയുടെ ചകോര സന്ദേശം എന്ന കാവ്യത്തിൽ വർണ്ണിക്കുന്നുണ്ട്. പുരാണേതിഹാസങ്ങളുടെ പാരായണം, വേദപാരായണം, മനുസ്മൃതികളും വിവിധ ശാസ്ത്രങ്ങളുടെ പദവാക്യാർത്ഥം വിവരിക്കുന്ന ഭാഷ്യങ്ങൾ, കാളിദാസാദി മഹാകവികളുടെ നാടകാദി ചർച്ചകൾ, മനോഹരങ്ങളായ ഗാനങ്ങൾ, വിവിധ വാദ്യങ്ങളുടെ വിശേഷങ്ങൾ എന്നിവയെല്ലാം കൊണ്ടും സജീവമായിരുന്നു. വേദാരണ്യം എന്നതിന് ശക്തമായ തെളിവുകളാണ് ചകോരസന്ദേശം എന്ന കാവ്യം നൽകുന്നത്. വൈദിക സംസ്കാരത്തിന്റെ സർവ്വകലാശാലയായി ഗണിക്കാമായിരുന്ന ഈ ഗ്രാമം, കാലക്രമത്തിൽ നാശത്തിന്റെ ഗർത്തങ്ങളിലേക്ക് ഉരുണ്ടു വീഴുകയായിരുന്നു. ഇതിന് കാരണം, പിന്നീട് നിലവിൽ വന്ന ഭരണകേന്ദ്രങ്ങളിൽ നിന്നും പണ്ഡിതസമൂഹത്തിന് അർഹിക്കുന്ന പരിഗമനയും പ്രോത്സാഹനവും ലഭിക്കാതെ പോയതാണെന്ന് ബ്രാഹ്മണസമൂഹം വിശ്വസിക്കുന്നു. ഇതുമാത്രമായിരുന്നില്ല ഈ അപചയത്തിന് കാരണം. ബ്രാഹ്മണരുടെ ഇടയിലെ അന്ത: ഛിദ്രങ്ങളും അവരുടെ മേധാവിത്വത്തിന്റെ ഭിത്തികൾക്കകത്ത് മാത്രം സകലവിജ്ഞാനങ്ങളും തളക്കപ്പെട്ടിരുന്ന ഒരു സാമൂഹികാവസ്ഥ നിലനിന്നിരുന്നതു കൊണ്ടുമാണ് ഈ അപചയം സംഭവിച്ചത്. പോർക്കളം എന്ന നാമധേയത്തിലാണ് ഈ ഗ്രാമം പണ്ട് അറിയപ്പെട്ടിരുന്നത്. വാ മൊഴിയുടെ സുഖകരമായ ഒഴുക്കിന് വഴങ്ങി പിന്നീടത് പോർക്കുളമായി രൂപാന്തരപ്പെട്ടു. കൊച്ചി രാജവിന്റെ അധീനതയിലായിരുന്ന ഈ പ്രദേശം സാമൂതിരി രാജാവിന്റെ ആക്രമണങ്ങൾക്ക് വിധേയമായിരുന്നു. കൊച്ചിരാജാവും, സാമൂതിരി രാജാവും തമ്മിൽ ഇവിടെ വെച്ച് യുദ്ധങ്ങൾ നടന്നിരുന്നത് കൊണ്ടാണ് ഈ പ്രദേശത്തിന് പോർക്കളം എന്ന നാമധേയം ഉണ്ടായതെന്ന് കരുതുന്നന്നു. ഈ നാമധേയത്തിന്റെ ഉത്ഭവത്തിനു പിന്നിൽ മറ്റൊരു ചെറുത്തുനിൽപിന്റെ ചരിത്രം കൂടിയുണ്ടെന്ന് ഒരു വിഭാഗം ജനങ്ങൾ വിശ്വസിക്കുന്നു. ടിപ്പുവിന്റെ പടയോട്ടത്തെ നാട്ടുരാജ്യങ്ങളുടെ കീഴിലുണ്ടായിരുന്ന ഇവിടുത്തെ നായർ പടയാളികൾ ശക്തമായി എതിരിട്ടുവത്രെ. അവർ നടത്തിയ ചെറുത്ത്നിൽപ്പ് ഇവിടം ഒരു യുദ്ധക്കളം ആക്കിമാറ്റിയതുകൊണ്ടാണ് ഈ പ്രദേശത്തിന് പോർക്കളം എന്ന നാമധേയം ഉണ്ടായതെന്നുമാണ് മറ്റൊരു വിശ്വാസം. ടിപ്പുവിന്റെ പടയോട്ടം ഈ ഗ്രാമത്തിന് കനത്ത നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. ഇവിടുത്തെ ആരാധനാലയങ്ങൾ പോലും ആക്രമണത്തിൽ നിന്നും ഒഴിവായിരുന്നില്ല.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ മുന്നണിപ്പോരാളികളായി ഒരാളെയെങ്കിലും ദേശീയമോ, പ്രദേശീകമോ ആയ നേതൃത്വത്തിലേക്ക് സംഭാവന ചെയ്യുവാൻ ഈ ഗ്രാമത്തിനു കഴിഞ്ഞില്ല. എങ്കിലും ആ കാലഘട്ടത്തിൽ ഇവിടെ ദേശീയപ്രസ്ഥാനങ്ങളുടെ ശാഖകൾ രൂപം കൊണ്ടിരുന്നു. ശക്തമായ സമരങ്ങൾ നടത്തുവാൻ കെൽപ്പുള്ളവയായി ഈ പ്രസ്ഥാനങ്ങൾ രൂപം പ്രാപിച്ചപ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യസമരം അതിന്റെ

അന്ത്യനാളുകളിലേക്ക് അടുത്തിരുന്നു. ഈ ഗ്രാമത്തിൽനിന്നും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർ ശ്രീ. കുറുമ്പൂർ അപ്പുക്കുട്ടൻ, ശ്രീ. ചെറുരുത്തി വേലപ്പൻ, ശ്രീ. പി.വി. കോമൻ എന്നിവരാണ്. പ്രജാമണ്ഡലം സംഘടിപ്പിച്ച ക്ഷേത്രപ്രവേശന വിളംബര ജാഥയിലും ഇവർ പങ്കെടുത്തിരുന്നു.

1957 ൽ തെലുങ്കാനയിൽ വെച്ച് ആചാര്യ വിനോബാവ രൂപം കൊടുത്ത ഭൂദാന പ്രസ്ഥാനത്തിന്റെ പ്രതിധ്വനികൾ ഈ ഗ്രാമത്തിലും ചെറിയ അലകൾ ഉയർത്തുകയുണ്ടായി. ഇക്കണ്ടവാര്യരുടെ നേതൃത്വത്തിൽ കൊച്ചിരാജ്യത്ത് രൂപീകരിച്ച ഭൂദാനപ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗമായി ഈ ഗ്രാമത്തിലെ ശ്രീ. പി.വി. കോമൻ പ്രവർത്തിച്ചിരുന്നു. 1957 ശ്രീ. ആചാര്യ വിനോബാവ തന്റെ ഭൂദാനയാത്രക്കിടയിൽ ഈ ഗ്രാമം സന്ദർശിക്കുകയും, ഇവിടെയുള്ള (തിരുത്തിക്കാട്) കോളനിയിൽവെച്ച് കോളനിവാസികളുടെ ഗ്രാമദാനം സ്വീകരിക്കുകയുമുണ്ടായി. എല്ലാവരും ചേർന്ന് ഒരുമയോടെ ആദർശപരമായൊരു ജീവിതം ദൃഢപ്രതിജ്ഞയെടുക്കലിനേയാണ് ഗ്രാമദാനം എന്നതുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്. ദാനപത്രത്തിൽ ഒപ്പിട്ട ഇവിടുത്തെ കോളനി നിവാസികൾ അത്തരം ഒരു ജീവിതം നയിക്കാനുള്ള ആഗ്രഹമായിരുന്നു ഈ ശ്രമദാനത്തിലൂടെ പ്രകടമാക്കിയത്. ഈ ചടങ്ങ് ഇവിടെ വെച്ച് നടത്തുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്തത് ശ്രീ. വി.പി. കോമനായിരുന്നു.

മുഖ്യമായും കൃഷിയെ മാത്രം ആശ്രയിച്ച് നിലനിന്നിരുന്ന ഒരു സമ്പദ്‌വ്യവസ്ഥയായിരുന്നു, ഈ ഗ്രാമത്തിന്റേതും. ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്തെ ഭൂസ്വത്തിന്റെ കേന്ദ്രീകൃത സ്വഭാവത്തിനും ജന്മി കുടിയാൻ ബന്ധത്തിലെ അഭിമത മനോഭാവത്തിനും ശൈഥില്യം സംഭവിച്ചത് ഭൂപരിഷ്കരണ നിയമത്തോടെയായിരുന്നു. കൃഷിക്കാർ ജന്മികൾ നിന്നും പാട്ടത്തിനെടുത്ത ഭൂമിയിലാണ് മുമ്പ് കൃഷി ചെയ്തിരുന്നത്. ഭൂപരിഷ്കരണ നിയമത്തോടെ പാട്ടത്തിനെടുത്ത ഭൂമി അവരുടേതാകുകയും ആ ഭൂമിയിൽ കൃഷി ചെയ്ത് സ്വന്തം ജീവിതച്ചെലവുകൾക്കുള്ള വരുമാനം കണ്ടെത്താനും കഴിഞ്ഞപ്പോൾ അതുവരെ നിലനിന്നിരുന്ന മാനുഷിക ബന്ധങ്ങളിലെ സാമൂഹികവും സാമ്പത്തികവുമായ വിടവുകളുടെ അകലം കുറയാൻ ഇടയായി.

# 15
# കൃഷി

ഒരു കാലഘട്ടത്തിൽ ജന്മി, ഭൂപ്രഭുവർഗ്ഗങ്ങളുടെ കൈപ്പിടിയിൽ ആയിരുന്നു പോർക്കുളം പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിയിടങ്ങളും. ജന്മി- കുടിയാൻ സമ്പ്രദായമായിരിന്നു നിലനിന്നിരുന്നത്. കുടിയാന്മാരുടേയും കർഷക തൊഴിലാളികളുടേയും അധ്വാനത്തിൻെറ ഫലം അനുഭവിച്ചിരുന്നത് ഭൂപ്രഭുവർഗ്ഗമായിരുന്നു. ഈ അവസഥക്ക് മാറ്റം വന്നത് ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നതോടെയാണ്. ഇത്തരം ഒരു അവസ്ഥ നിലനിന്നിരുന്നുവെങ്കിലും വിളവെടുപ്പ് കാലഘട്ടങ്ങൾ സമൃദ്ധിയുടേയും ആഘോഷത്തിൻേറയും കാലങ്ങളായിരുന്നു.

ഭൂരിഭാഗം ഭൂ ഉടമസ്ഥരും അമ്പതുസെൻറിൻെറ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| വില്ലേജിൻെറ പേര് | ഉടമസ്ഥരടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|
| | 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മുകളിൽ |
| അകതിയൂർ | 656 | 452 | 341 | 116 | 54 | 21 | 6 |
| പോർക്കുളം | 592 | 483 | 316 | 189 | 103 | 65 | 8 |
| മങ്ങാട് | 312 | 264 | 371 | 148 | 96 | 16 | 3 |
| ആകെ | 1560 | 1219 | 1028 | 453 | 253 | 102 | 17 |

ആദ്യകാലത്ത് വളരെയധികം ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. കൃഷിക്കാവശ്യമായ ജലസേചനം നടത്തിയിരുനനത് പരമ്പരാഗത രീതികളായ കാളത്തേക്ക്, കൊട്ടത്തേക്ക്, വേനി, തുലാത്തേക്ക്, ചക്രം ചവിട്ടൽ എന്നി പ്രക്രിയയിലൂടെയായിരുന്നു. കാലക്രമേണ യന്ത്രവത്കരണത്തിന് കൃഷി രീതികൾ വഴിമാറികൊടുത്തു. പമ്പ് സെറ്റുകളും ട്രാക്ടറുകളും മറ്റും രംഗത്തു വന്നു. കീടനാശിനികൾക്ക് പകരം മുറം വീശിപ്പിടിക്കലും കായം കലക്കിതെളിക്കലും ഈന്തപ്പന ച്ചക്ക വെയ്ക്കലും പുഴുവിനെ വില്ക്കലും മറ്റുമായിരുന്നു.

ഈ പഞ്ചായത്തിലെ മുഖ്യധാന്യവിള നെല്ലുതന്നെയാണ്. രണ്ടു പൂവൽ കൃഷിരീതിയാണ് പൊതുവായി അവലംബിച്ചിരുന്നത്. നാടൻനെൽ വിത്തിനങ്ങളായ വട്ടൻ, നവര, ആര്യങ്കാളി, ചിറ്റേനി, തവളക്കണ്ണൻ, ചീര, കൊടിയൻ എന്നിവയാണ് ഉപയോഗിച്ചിരുന്നത്. മുഴുവനായും ജൈവവളങ്ങളായിരുന്നു ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. ചാണകം, വേപ്പിൻപിണ്ണാക്ക്, ആട്ടിൻകാഷ്ഠം, മരോട്ടിപ്പിണ്ണാക്ക്, പച്ചില, വെണ്ണീറ് തുടങ്ങിയ ജൈവവളങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ജൈവവളങ്ങളുടെ സ്ഥാനത്ത് രാസവളങ്ങളാണ് ഉപയോഗിക്കുന്നത്.

മങ്ങാട്ട് പടവ്, അടിയറ പടവ് ,കരുവാൻതാഴം പടവ് എന്നിവിടങ്ങളിലാണ് പുഞ്ചകൃഷി ചെയ്തിരുന്നത്. ആദ്യകാലങ്ങളിൽ വളരെ പ്രയാസമേറിയ കൃഷിയായിരുന്നു പുഞ്ചകൃഷി. കാലക്രമേണ വെട്ടിക്കടവ് ബണ്ടിൻെറ വരവോടുകൂടി വിപ്ലവകരമായ മാറ്റം പുഞ്ചകൃഷിക്കും മറ്റുമുണ്ടായത്. തിരുത്തിക്കാട്, പോർക്കുളം എന്നീ പ്രദേശത്ത് സ്ഥിരമായി നെൽവയലുകൾ വെള്ളത്തിൽ മുങ്ങി

പ്പോകുകയും കൊയ്ത്തുകാലത്ഥ് വരൾച്ച അനുഭവപ്പെടുകയും ആണ് പതിവ്. മേൽപറഞ്ഞ ബണ്ടിന്റെ വരവോടുകൂടി തിരുത്തിക്കാട് പോർക്കുളം എന്നീ പ്രദേശത്തെ 200 ഏക്കറോളം സ്ഥലത്ത് പുഞ്ചകൃഷി ചെയ്യുവാൻ സാധിക്കുന്നുണ്ട് സമീപ പഞ്ചായത്തുകളിലും ഈ ബണ്ടിന്റെ ഗുണഭോക്താക്കളുണ്ട്.

നെൽകൃഷി ചെയ്തിരുന്ന പാടങ്ങളിൽ ഇടവിളയായി പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, മുതലായവ കൃഷി ചെയ്തിരുന്നു. എന്നാൽ ഇടക്കാലത്ത് വെച്ച് ഇടവിളകളുടെ കൃഷി നമുക്ക് കൈമോശം വന്നു. ഇടവിളകൾ മണ്ണിനെ വീണ്ടും ഫലഭൂയിഷ്ഠമാക്കുന്ന പ്രക്രിയ ആണ് ചെയ്യുന്നത്. നെൽകൃഷിഞാൽ നിലങ്ങളിലും നടത്തിയിരുന്നു. എന്നാൽ അത്തരം കൃഷി രീതി ഇപ്പോൾ വളരെ കുറവാണ്.

കവുങ്ങ് , തെങ്ങ്, വാഴ, കുരുമുളക്, ഇഞ്ചി, റാഗി, കൊള്ളി, (കപ്പ) പയർവർഗ്ഗങ്ങൾ മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ പച്ചക്കറികൾ മുതലായവയാണ് മറ്റു കൃഷികൾ. കവുങ്ങ് കൃഷി പഞ്ചായത്തിൽ വ്യാപകമാണ്. മുൻകാലങ്ങളിൽ പച്ച അടക്കതന്നെ പറിച്ചുവില്ക്കുകയായിരുന്നു. കർഷകരുടെ സാമ്പത്തുക സ്ഥിതി പച്ചക്ക് അടക്ക പറിക്കുന്നത് വവിളവ് വർദ്ധിപ്പിക്കാൻ സഹായകമാണ് എന്ന വിശ്വാസവുമാണ് ഇതിനു പിന്നിൽ. അടക്കസംസ്കരണവും അക്കാലത്ത് കുറവായിരുന്നു. അടക്ക സംഭരണവും സംസ്കരണവും അക്കാലത്ത് കുറവായിരുന്നു. അടക്കസംഭരണവും സംസ്കരണവും പഴഞ്ഞി, മരത്തം കോട്,ചാലിശ്ശേരി ,മുതലായ സ്ഥലങ്ങളിൽ ആരംഭിക്കുക വഴി കർഷകരിൽ പുത്തൻ ഉണർവ് പകരുകയും അടക്ക പഴുത്ത് തന്നെ പറിക്കുകയും വീടുകളിൽ ഉണക്കിപൊളിച്ച് വിൽക്കുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെട്ടു. കവുങ്ങിനെ മുഖ്യമായും ബാധിക്കുന്ന രോഗമാണ് മഹാളി. മുൻകാലങ്ങളിൽ മഹാളി മരുന്ന് പാളയിൽ നിറച്ച് അടക്കകുലകളിൽ ബ്രഷ് കൊണ്ട് തളിക്കുകയായിരുന്നു. ഇന്ന് സ്പ്രേയർരംഗത്ത് വരികയും പരമ്പരാഗത രീതി മാറുകയും ചെയ്തു.

തെങ്ങുകൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തിയിരുന്നില്ല. തെങ്ങ് മറ്റുവിളകളുടെ കൂടെ മാത്രമായിരുന്നു കൃഷി ചെയ്തിരുന്നത് . കള്ളും ചക്കരയും ഉണ്ടാക്കുവാനും ഉപയോഗിച്ചിരുന്നു.

വാഴകൃഷി വളരെ നല്ലനിലയിൽ നമ്മുടെ പഞ്ചയത്തിൽ ഉണ്ടായയിരുന്നു. കാഴ്ച്ചകുലകൾക്ക് വളരെ പേരുകേട്ട പ്രദേശമായിരുന്നു ഇവിടം. വാഴകൾക്ക് രോഗം വളരെ പെട്ടെന്നാണ് പകർന്നു പിടിച്ചത്. ഇത് കർഷകരിൽ വാഴകൃഷിയോടുള്ള താല്പര്യം കുറഞ്ഞു വരുന്നു. നേന്ത്രവാഴയ്ക്കു പുറമെ, മൈസൂർ പൂവ്വൻ, ഞാലിപ്പൂവൻ, കുന്നൻ, കുഴി നേന്ത്ര, കദളി, ചെട്ടി, മലവണ്ണൻ മുതലായ വാഴകളാണം കൃഷി ചെയ്തിരുന്നത്.

കുരുമുളക് കൃഷിക്ക് അനുയോജ്യമായ മണ്ണാണ് ഇവിടം. കുരുമുളകും വെറ്റിലയും കവുങ്ങിൻ തോപ്പുകളിൽ വ്യാപകമായി കൃ,ഇ ചെയ്തിരുന്നു. കുരുമുളക് കൃഷി ഇപ്പോഴു വ്യാപകമായി വാണിജ്യാടിസ്ഥാനത്തിൽ നിലവിലുണ്ട്. എന്നാൽ വെറ്റില കൃഷി തീരെ ഇല്ലാതാകുകയാണ്. പയർവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, ഇഞ്ചി, പച്ചക്കറികൾ എന്നിവ വ്യാപകമായി കൃഷി ചെയ്തിരുന്നു. എന്നാൽ ഈ കൃഷികളും കുറഞ്ഞു വരികയാണ്. കിഴങ്ങു വർഗ്ഗങ്ങളായ നനക്കിഴങ്ങ്, പൊടിക്കിഴങ്ങം , കാവത്ത് എന്നിവ കാണാനില്ലാത്ത അവസ്ഥയായിത്തുടങ്ങി. അരിഭക്ഷണത്തിനു പകരമായി കപ്പ ഉപയോഗിച്ചിരുന്നു. ഇന്ന് കപ്പക്കൃഷിയും നാമാവശേഷമായിത്തുടങ്ങി. പയർ വർഗ്ഗങ്ങളുടേയും, പച്ചക്കറിയുടേയും കാര്യത്തിൽ സ്വയം പര്യാപ്തമായിരുന്ന ഈ പഞ്ചായത്ത് ഇന്ന് ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലാണ്. കൃഷിയെ അവലംബിച്ച ജീവിതരീതി തന്നെ ആയിരുന്നു മുൻകാലങ്ങളിൽ എന്നാൽ ഇപ്പോൾ ആ അവസ്ഥ മാറി.

**നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിളകളുടെ ഉല്പാദനക്കണക്ക്**

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം |
|---|---|---|
| നെല്ല് (ഒന്നാംവിള) | 324.8 ഹെക്ടർ | 2.55 ടൺ |
| നെല്ല് (രണ്ടാംവിള) | 324.8 ഹെക്ടർ | 2.56 ടൺ |
| നെല്ല് (മൂന്നാംവിള) | 200 ഹെക്ടർ | 5 ടൺ |
| പയർ | 3 ഹെക്ടർ | 2 ടൺ |
| പച്ചക്കറികൾ | 5 ഹെക്ടർ | 5.5 ടൺ |
| തെങ്ങ് | 274 ഹെക്ടർ | 10,000 എണ്ണം |
| വാഴ | 50 ഹെക്ടർ | 14 മെട്രിക് ടൺ |
| മരച്ചീനി | 30 ഹെക്ടർ | 1.9 മെട്രിക് ടൺ |
| കുരുമുളക് | 25 ഹെക്ടർ | 2.1 മെട്രിക് ടൺ |
| കശുമാവ് | 60 ഹെക്ടർ | 4.2 മെട്രിക് ടൺ |
| കവുങ്ങ് | 200 ഹെക്ടർ | 1.9 മെട്രിക് ടൺ |

**കാർഷികോപകരണങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ**

| നമ്പർ | | | | മരുന്നുതളി ഉപകരണങ്ങൾ | | |
|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻകലപ്പ | റോക്ക് സ്പെയർ | തെങ്ങുകയറ്റ യന്ത്രം | |
| 1 | | | | 5 | 1 | |
| 2 | | | 2 | 3 | 2 | |
| 3 | | | 3 | 4 | – | |
| 4 | | | 5 | – | – | |
| 5 | 1 | 1 | 3 | 5 | – | |
| 6 | | | 4 | | 1 | |
| 7 | | | 2 | | | |
| 8 | | | 6 | | | |

## കൃഷിഭവൻ

1987 സെപ്റ്റംബർ 10ാം തിയ്യതിയാണ് പോർക്കുളം കൃഷി ഭവൻ ആരംഭിച്ചത്. ആരംഭത്തിൽ നാല് ഉദ്യോഗസ്ഥൻമാർ ഉണ്ടായിരുന്നു. പോർക്കുളം സർവ്വീസ് സഹകരണബാങ്കിന്റെ വാടകക്കെ

ട്ടിടത്തിലാണ് പ്രവർത്തനം തുടങ്ങിയത് . ഇപ്പോഴും അതേ കെട്ടിടത്തിൽ തന്നെ കൃഷി ഭവൻ പ്രവർത്തനം തുടരുന്നു. ഇതുവരേയും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**പോർക്കുളം കൃഷിഭവൻ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ.**

1. പട്ടികജാതി / പട്ടികവർഗ്ഗവികസനപദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വളം, തെങ്ങിൻതൈ, സ്പ്രേയർ, കിണർ, കാർഷികായുധങ്ങൾ എന്നിവ കൊടുത്തിട്ടുണ്ട്.

2. ഐ. എച്ച്. ഡി.പി. കൊങ്ങണൂർ കോളനിയിലേക്ക് രണ്ട് കിണർ, രണ്ട് പമ്പ് സെറ്റ്, രണ്ട് ബയോപ്ലാൻറ് എന്നിവ മുഴുവൻ സബ്സിഡികളോടു കൂടി അനുവദിച്ചുകൊടുത്തിട്ടുണ്ട്. സമഗ്ര നാളികേര വികസന പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 36 ഗുണഭോക്താക്കൾക്ക് കിണർ, പമ്പ് സെറ്റ് മുതലായവ സബ്സിഡിയായി നൽകിയിട്ടുണ്ട്.

4. കവുങ്ങ് വികസന പദ്ധതിപ്രകാരം മഹാളിരോഗനിവാരണത്തിനായി 50 ഹെക്ടർ സ്ഥലത്ത് 400 കി.ഗ്രാം തുരിശ് നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 900 രൂപ വിലവരുന്ന ഒരു സ്പ്രെയറർ, 2500 രൂപ സബ്സിഡിപ്രകാരം ഒരു കിണർ 1500 രൂപ സബ്സിഡി പ്രകാരം ഒരു പമ്പ് സെറ്റ് മുതലായവ വിതരണം നടത്തിയിട്ടുണ്.

5. രജിസ്റ്റേർഡ് വിത്തുല്പാദനം. ഒരു ഹെക്ടർ സ്ഥലത്ത് വിത്ത് ഉല്പാദിപ്പിക്കുന്നതിനായി 1000 കി. ഗ്രാം വിത്ത് കർ,കന് സൗജന്യമായി വിതരണം നടത്തി.

6. ഡിപ്പാർട്ട് മെൻറ് ഓഫ് സ്പൈസസ്

1. സ്പൈസസ് ബോർഡിൻെറ പദ്ധതിയിൻകീഴിൽ 2000 കുരുമുളക് തൈകൾ സൗജന്യമായി വിതരണം നടത്തി.

2. സസ്യ സംരക്ഷണ പദ്ധതിപ്രകാരം 6 ഹെക്ടർ സ്ഥലത്ത് 50 % സബ്സിഡിപ്രകാരം ഇഞ്ചി വിത്ത് വിതരണം നടത്തി.

3. ഇഞ്ചി ഉത്പാദനക്ഷമത പരിപോഷിപ്പിക്കുന്നതിന് വേണ്ടി 25 സെൻറ് സ്ഥലം കർഷകരിൽ നിന്നും തിരഞ്ഞെടുത്തു.

4. ജാതിക്ക മുതലായവയുടെ സബ്സിഡി അനുവദിച്ചു. (ഒന്നാം വർഷം 400 രൂപ)

7. കശുമാവ് വികസനം

10 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നടത്തുന്നതിന് വളം സൗജന്യമായി വിതരണം ചെയ്തു.

8. കുരുമുളക് പുനരുല്പാദന പദ്ധതി

5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 50% സബ്സിഡി നിരക്കിൽ വളം വിതരണം ചെയ്തു.

9. നാളികേര വികസന പദ്ധതി'

ടി X ഡി 75 എണ്ണവും ഡി X ടി 40 എണ്ണവും വിതരണം ചെയ്തു.

10. ബയോഗ്യാസ് പ്ലാൻറ് പദ്ധതി

ബയോഗ്യാസ് പ്ലാൻറ് പദ്ധതി പ്രകാരം 2650 രൂപ സബ്സിഡി കൊടുത്തു.

11. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1500 പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം നടത്തി. ഈ പദ്ധതി പ്രകാരം ഏറ്റവും നല്ല പച്ചക്കറി ഉല്പാദനകന് സമ്മാനം നൽകുകയുണ്ടായി.

12. എട്ട് പാടശേഖരങ്ങളിലായി നെൽകൃഷിക്കാർക്ക് ഉല്പാദന ബോണസ്സായി 60,446 രൂപ നൽകുകയുണ്ടായി.

13. കശുമാവ് മരുന്നു തളിക്ക് 7 ഹെക്ടർ സ്ഥലത്തേക്ക് 2100 രൂപ നൽകുകയുണ്ടായി.

14. സമഗ്ര കീടനിയന്ത്രണ പദ്ധതിപ്രകാരം നെൽകർഷകർക്ക് പരിശീലനം നടത്തി.

15. വെറ്റിലകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്, കിണർ കുഴിക്കുന്നതിന് 1500 രൂപയും പന്തൽ നിർമ്മിക്കാൻ 750 രൂപയും നൽകി.

16. ട്രിപ്പ് ഇറിഗേഷൻ പദ്ധതിപ്രകാരം 2 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തു.

17. വിള ഇൻഷൂറൻസ് പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

18. പ്രത്യേക തൊഴിൽദാന പദ്ധതിയിൻകീഴിൽ 101 യുവ കർഷകരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്

**കൃഷിഭവനിൽ നിന്ന് ലഭിച്ച വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | വെട്ടിക്കടവ് കോൾ കർഷക സംഘം | 262.72 | 380 |
| 2 | അടിയറകോൾ പടവ് | 46.80 | 51 |
| 3 | ചുമുണ്ടു പാടം നെല്ലുലാഭക സമിതി | 41.13 | 45 |
| 4 | വേട്ടക്കാട് പാടം ഗ്രൂപ്പ് ഫാമിങ്ങ് സമിതി | 93.08 | 97 |
| 5 | തിരുത്തിക്കാട് ഗ്രൂപ്പ് ഫാമിങ്ങ് സമിതി | | |
| 6 | കൊങ്ങണൂർ ഗ്രൂപ്പ് ഫാമിങ്ങ് സമിതി | 54.17 | 47 |
| 7 | അകതിയൂർ ഗ്രൂപ്പ് ഫാമിങ്ങ് സമിതി | 128.42 | 103 |
| 8 | കാഞ്ഞിരപ്പാടം ഗ്രൂപ്പ് ഫാമിങ്ങ് സമിതി | 85.40 | 90 |
| | ആകെ | 740.04 | 858 |

**പോർക്കുളം പഞ്ചായത്തിൽ കണ്ടുവരുന്ന സസ്യാവരണം**

20

| കുന്നിൻചെരിവ് | സമതലം | പാടം | പുഷ്പങ്ങൾ |
|---|---|---|---|
| കുളവെട്ടി ഒരുപ്രത്യേക തരം മരമാണ് | തെങ്ങ് | നെല്ല് | ചെമ്പകം |
| കാഞ്ഞിരം | കവുങ്ങ് | പയറ് | പിച്ചകം |
| ആല് | പ്ലാവ് | വെള്ളരി | ലാങ്കി |
| ഞാവൽ | മാവ് | വെണ്ട | മുല്ല |
| കശുമാവ് | നെല്ലി | വഴുതന | പലതരം റോഡുകൾ |
| ചെമ്പകം | പേര | ചീര | നിശാഗന്ധി |
| കടുപ്പാവുട്ട | ഇരുമ്പാംപുളി | എള്ള് | ചെണ്ടമല്ലി |
| പാല | കോൽപ്പുളി | തുവരപയറ് | ജെമന്തി |
| ചൂള | ഗ്രാമ്പു | | തെച്ചി |
| കമ്പിപ്പാല | ജാതി | | തുമ്പ |
| തേക്ക് | കറുകപട്ട | | കാശിതുമ്പ |
| പൂമരം | കുളകം | | മുക്കുറ്റി |
| ഇഞ്ചിപ്പുല്ല് | കൊക്കോ | | സൂര്യകാന്തി |
| കമ്മ്യൂണിസ്റ്റ് പച്ച | അലറി | | ലില്ലി |
| ശീമക്കൊന്ന | പപ്പായ | | നിത്യകല്യാണി |
| ആവണക്ക് | ആല് | | |
| കണിക്കൊന്ന | നാരകം | | |
| പ്ലാവ് | ശംഖുപുഷ്പം | | |
| അയിനിപ്ലാവ് | കരിമ്പന | | |
| ഇലഞ്ഞി | മധുരക്കിഴങ്ങ് | | |
| ചേര് | ചീര | | |
| താണി | മരച്ചീനി | | |
| തെങ്ങ് | കുർക്ക | | |
| ഉങ്ങ് | ഇഞ്ചി | | |
| മഞ്ഞാടി | മഞ്ഞൾ | | |
| കുന്നിക്കുരു | വഴുതന | | |
| പുല്ലാനി | ചേന | | |
| പൂള | വാഴ | | |
| വാക | മുളക് | | |
| പൂമരം | കുരുമുളക് | | |
| | | | |

## ജലസേചനം

1961ൽ വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ നിലവിൽ വന്നു. ഇതു സ്ഥാപിതമായപ്പോൾ 420 ഹെക്ടർ കൃഷിസ്ഥലത്തിന് ജലസേചന സൗകര്യം ഉണ്ടായി. പിന്നീട് ഇതിൽ നിന്നും 166 ഏക്കർ സ്ഥലത്തുകൂടി അധികം ജലസേചനത്തിന് സൗകര്യപ്പെട്ടു. ജനുവരി 15 മുതൽ കോൾ പടവുകളിലെ ജലം മുണ്ടകൻ പാടശേഖരങ്ങളിലേക്ക് പമ്പ് ചെയ്തു നിർത്തുകയും പുഞ്ചകൃഷിക്ക് ആവശ്യാനുസരണം തുടർന്ന് കൊടുക്കുകയും ചെയ്യുന്നു. മാത്രമല്ല അടുത്ത കാലത്തായി മുങ്ങുന്ന മുണ്ടകൻ കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ടി വെള്ളം റീ ലിഫ്റ്റ് ചെയ്യുന്ന സംവിധാനവും ഏർപ്പെടുത്തിയ

ിട്ടുണ്ട്. ബണ്ടിൽ വേനക്കാലത്ത് വെള്ളം നിറച്ചിടുന്നതുമൂലം ഈ പ്രദേശത്തുള്ള മറ്റു കൃഷികളായ കവുങ്ങ്, തെങ്ങ്, വാഴ എന്നിവയ്ക്കും ഗുണം ചെയ്യുന്നുണ്ട്. കൂടാതെ 12 പൊതു കുളങ്ങൾ പഞ്ചായത്തിലുണ്ട്.

| | | |
|---|---|---|
| പറക്കുളം | വാർഡ് | 3 |
| കോഴിക്കുളം | ,, | 3 |
| മൊയ്യുക്കുളം | ,, | 4 |
| ചില്ലിക്കുളം | ,, | 4 |
| കോതക്കുളം | എ | 5 |
| | | |
| കുഴിക്കാട്ട് മനക്കുളം | ,, | 6 |
| കണ്ടൻകുളം | ,, | 6 |
| പോർക്കുളം | ,, | 7 |
| നാറാക്കുളം | ,, | 7 |
| റാക്കളം | ,, | 8 |
| ചീരക്കുഴിക്കുളം | ,, | 8 |
| കലവർണ്ണക്കുളം | ,, | 8 |
| കുണ്ടുക്കുളം | ,, | 8 |

ഈ കുളങ്ങൾ ആഴം വർദ്ധിപ്പിക്കുകയും വിസ്തീർണ്ണം കൂട്ടുകയും ചെയ്താൽ കുറേക്കൂടി ജലസേചന സൗകര്യം ഉണ്ടാകും. ഇതുകൂടാതെ നിരവധി സ്വകാര്യ വ്യക്തികളുടെ കുളങ്ങളും കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന സ്ഥിതിയുണ്ട്.

വികസന റിപ്പോർട്ട് കൃഷി

വാർഡ് 1

കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യ ബന്ധനം എന്നീ വിഷയങ്ങായുള്ള കമ്മിറ്റിയിൽ ശിവരാമൻ കോലോട്ട് കൺവീനറും കെ.കെ. കുമാരൻ ലീഡറായും ആണ് പ്രവർത്തിച്ചിരുന്നത്. വാർഡിലെ മിക്ക വിള നെല്ലാണ്. നെൽകൃഷി 250 ഏക്കറിലും കവുങ്ങ് 300 ഏക്കറിലും തെങ്ങ് 30 ഏക്കറിലും കൃഷി ചെയ്തിട്ടുണ്ട്. 250 ഓളം ഏക്കർ വൃസ്തീർണ്ണമുള്ള കോൾ നിലം അവിടെ ഉണ്ട്. അധിക കൂലിച്ചിലവും കർഷക തൊഴിലാളികളുടെ ദൗർബല്യവും വളം കീടനാശിനി എന്നിവയുടെ വിലവർദ്ധനവ് ജലക്ഷാമവും മൂലം പണിയാതെ കിടക്കുന്ന പ്രദേശങ്ങളുണ്ട്.

പരിഹാരങ്ങൾ

തോടിൻെറ രപുറം വരമ്പിൻെറ സുരക്ഷിതത്ത്വം ഏറെക്കുറെ വേനൽക്കാലത്തേക്ക് പണികഴിക്കണം. മിച്ചഭൂമി തൊട്ട പറമ്പരികിൽകൂടി നിലവിലുള്ള തോട് വീതി കൂട്ടുകയും താഴ്ച കൂട്ടുകയും ചെയ്ത് കൊട്ടിയാട് മുക്ക് നിലവിലുള്ള തോടിനോട് ചേർക്കുകയും ചെയ്യണം. നിലവിലുള്ളതായ എല്ലാ തോടുകളും നന്നാക്കണം. രാസവളം കീടനാശിനി എന്നിവക്കു പകരം ജൈവവളം ജൈവ കീ

ടനാശിനി മുതലായവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. കൃഷിക്കാവശ്യമായ ട്രാക്ടർ, ഉഴായ്തു യന്ത്രം, മെതിയെന്ത്രം, നടീൽ യന്ത്രം എന്നിവ ലഭ്യമാക്കുക.

അടക്ക സഹ. സംഘം രൂപീകരിക്കുക. സംഭരണത്തിനും സംസ്കരണത്തിനും മുൻകയ്യെടുക്കുക. കവുങ്ങു കൃഷിക്ക് ജസസേചനത്തിനായി 50% നിരക്കിൽ പമ്പുസെറ്റ്, കിണർ എന്നിവ നൽകണം.

മഹാളി മരുന്ന് മെയ്മാസം 30-ാം തിയതിക്കുമുമ്പു തന്നെ വിതരണം ചെയ്യണം. തെങ്ങുകൃഷി പരമാവധി പ്രോത്സാഹിപ്പിക്കണം

വാർഡ് 2

ഉയർന്ന പരന്ന കൃഷി ഭൂമിയാണ് ഇവിടെ. 250 ഏക്കർ ഭൂമി കോൾപടവ് നിലമാണ്. വെട്ടിക്കടവ് വലിയ പാലം തൊട്ട് മുല്ലപ്പള്ളി താഴം തുടങ്ങി പുത്തൻ തോട് വഴി ചെറുപാലം വരെ വരുന്നതായ തോടുകൾ വികസിപ്പിച്ചു താഴ്ത്തി വരമ്പുകൾ ബലപ്പെടുത്തി വെള്ളം കെട്ടി നിർത്താനുള്ള സൗകര്യം വരികയാണെങ്കിൽ അത് നെൽകൃഷിക്ക് വളരെ സഹായകമാകും. രണ്ടാം വാർഡിൽ 4 സ്ഥിരം മോട്ടോറുകളും മോട്ടോർ ഷെഡുകളും വേണം എന്ന് ഗ്രാമസഭ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലെ ഉല്പാദനക്ഷമത 420 പറ ലഭ്യമാക്കുന്നുണ്ട്.

കൃഷി

കാലാകാലങ്ങളിലായി പണിയാതെ കിടക്കുന്ന തൊട്ടിയാട് കോൾ പടവിന്റെ 156 ഏക്കർ വരുന്ന പ്രദേശത്തിന്റെ ശോചനീയാവസ്ഥമാറ്റി വരും വർഷങ്ങളിൽ പുഞ്ചകൃഷി നടത്തുവാനുള്ള സംവിധാനം വരുകയാണെങ്കിൽ 300 കിലോ ഒരു ഏക്കറിന് വിളവ് ലഭിക്കാവുന്നതാണ്. കാർഷിക വിളകൾക്ക് മൊത്തത്തിൽ ഒരു വിപണി പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് സർക്കാർ തലത്തിൽ കർഷകരിൽ നിന്നു സഞ്ചരിച്ചു നൽകുവാൻ മുൻകൈയ്യ് എടുക്കണം എന്ന നിർദ്ദേശം ഗ്രാമ സഭയിൽ വന്നിട്ടുണ്ട്.

വാർഡ് 3

മൂന്നാം വാർഡിൽ ഇരു പൂവൽ നെൽകൃഷിയാണ്. ചെമ്മണ്ണും കളിമണ്ണും ഉള്ള അല്പം ചേർന്ന മണ്ണാണ് അവിടെ. പുത്തൻ തോട്, കരുവാൻ താഴം തോട് എന്നിവിടങ്ങളിൽ ചീപ്പുകൾ ഇടണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. പറക്കുളം നന്നാക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ വന്നിട്ടുണ്ട്. മൂന്നാം വാർഡിൽ പാടത്തേക്ക് ട്രാക്ടർ ഇറക്കുവാൻ വഴിയുണ്ടാക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ വന്നിട്ടുണ്ട്. കെ.കെ. വേലായുധൻ ലീഡറും, പി.കെ. ബാലൻ കൺവീനറുമായിരുന്നു.

വാർഡ് 4

കൺവീനർ സനലൻ പി.യു. അദ്ധ്യക്ഷൻ സി.എം.എ. ബക്കർ

പോർക്കുളം പഞ്ചായത്തിൻെറ 4-ാം വാർഡിൽ ഉദ്ദേശം 400 ഏക്കറോളം കൃഷിഭൂമി ഉണ്ട്. മുക്കാൽ ഭാഗം പുഞ്ചകൃഷി ഒരു പൂവ്വൽ പണിയുന്നുണ്ട്. ബാക്കി ഭാഗം ഒരു പൂവ്വൽ ആണ് പണിയുന്നത്. നിലവിലുള്ള തോട് താഴ്ത്തുകയും വീതികൂട്ടുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്യണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്. കൂടാതെ ഓട്ടിപ്പാലം മുതൽ റോഡിൻെറ സൈഡിൽ കൂടി പറമ്പിൻെറ ഒരു വശത്തുകൂടിയും ബണ്ട് നിർമ്മിക്കുകയും മൊച്ച് കുളം പാടത്തു നിന്നും തുടങ്ങുന്ന തോട് നിലവിലുള്ള പുത്തൻ തോട്ടിലേക്ക് യോജിപ്പിക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ വന്നിട്ടുണ്ട്. ആ തോട്ടിൽ ഒരു ചെറിയ പമ്പുഹൗസ് നിർമ്മിക്കണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്. പൊന്നും താഴം മുതൽ അരുവായി പാടംവരെ ഒരു തോട് നിർമ്മിക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. മങ്ങാട് തോടു മുതൽ പോർക്കുളം ചേരിക്കല്ലു വരെ ഒരു ചെറിയ കൈത്തോടു വേണം.

ബണ്ടിൻെറ സ്റ്റോറിങ്ങ് കപ്പാസിറ്റി വർദ്ധിപ്പിക്കണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്. അടക്ക കർഷകരെ ഉൾപ്പെടുത്തി ഒരു സഹകരണസംഘം വേണം എന്ന നിർദ്ദേശം ഉയർന്ന് വന്നിട്ടുണ്ട്. കൊട്ടടക്ക സംഭരണശാല സഥാപിക്കണം എന്നു ഗ്രാമസഭ ചൂണ്ടികാണിച്ചിട്ടുണ്ട്.

വർഡ് 5

കൺവീനർ- പരമേശ്വരൻ നായർ

ലീഡർ കെ .എൽ. അപ്പുകുട്ടൻ

പാടശേഖരങ്ങളിലേക്ക് തൊട്ടടുത്ത കിടക്കുന്ന പഞ്ചായത്തിലെ തൊഴിൽ ശാലകളിൽ നിന്നു ഒഴുകി വിടുന്ന മാലിന്യങ്ങൾ ഒഴുക്കി വിടുന്ന നിർത്തലാക്കാൻ നടപടി വേണം.

അവിട്ടകുഴി കുളം വൃത്തിയാക്കി ജലസേചനത്തിന് ഉപയുക്തമാക്കണം മണ്ണ് പരിശോധനക്ക് പഞ്ചായത്ത് സൗകര്യം ഏർപ്പെടുത്തണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്.

വർഡ് 6

കൺവീനർ- മണലി ലാസർ

റിപ്പോർട്ടർ- പി. എ. വേലായുധൻ പി. എ.

ഈ വാർഡിൽ ഉയർന്ന പ്രദേശങ്ങളും സമതലങ്ങളുമാണ്. നെൽകൃഷിക്ക് രണ്ട് പാടങ്ങളുണ്ട്. ഇരുപൂവ്വൻ കൃഷിയാണ്. തെങ്ങ്, കവുങ്ങ്, എന്നിവയും ഇടവിളയായി കുരുമുളക്, ജാതിക്ക മുതലായവയും നടുന്നുണ്ട്.

കൃഷി 5

കാഞ്ഞിരപാടം റോഡ് ആഴവും വീതിയും കൂട്ടി ചീർപ്പുകളും മോട്ടോറും പമ്പ്സെറ്റുകളും സ്ഥാപിക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്ന് വന്നിട്ടുണ്ട്.. ഇക്കാര്യത്തിൽ കൃഷി ഭവൻ പദ്ധതി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്.

കുണ്ടുകുളം നാരംകുളം എന്നിവയുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്. കൃഷിക്ക് ആവശ്യമായി ടാക്ട്രറുകൾ ഇറക്കുന്നതിന് മണലിത്താഴം റോഡ്, മണ്ടകത്തിങ്കൽ ഇടവഴി, കാണിക്കത്താടം ഇടവഴി പുതുശ്ശേരി ഇടവഴി എന്നിവയും , പോർക്കുളത്തേയും കൊങ്ങണൂരിനേയും ബന്ധിപ്പിക്കുന്ന വഴി കാഞ്ഞിരപാടം വഴി നിർമ്മിക്കണം എന്ന നിർദ്ദേശം ഗ്രാമസഭ നൽകിയിരുന്നു. അടക്ക, കുരുമുളക്, കൊപ്ര എന്നിവക്ക് സംഭരണത്തിന് സഹകരണസം

ഘം സ്ഥാപിക്കണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്. പഞ്ചായത്ത് ആഫീസ് പരിസരത്ത് മൃഗാശുപത്രി സ്ഥാപിക്കണം എന്ന നിർദ്ദേശം വന്നിട്ടുണ്ട്.

വർഡ് 8

24 ആശാരിത്തോടിൻേറയും കമ്പിപ്പാലം തോടിൻേറയും അറ്റകുറ്റ പണികൾ നടത്തി ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ സ്ഥാപിക്കണം. റാകുളം കുന്നംകുളം എന്നിവ എത്രയും വേഗം താഴ്ത്തി സൈഡ് കെട്ടി പമ്പ്സെറ്റ് സ്ഥാപിക്കാൻ ആവശ്യമുള്ളത് ചെയ്യണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്ന് വന്നിട്ടുണ്ട്.

ഈ വാർഡിൽ ഉയർന്ന സമതലവും ചരിവുകളുമാണ്. മുഖ്യ വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ് എന്നിവയാണ് ഇടവിളയായി കുരുമുളക്, വാഴ, ജാതിക്ക എന്നിവയാണ്.

വർഡ് 9

ഉയർന്ന സമതലങ്ങളും സമതലങ്ങളുമാണ് ഈ വാർഡിൽ. വളക്കൂറ് കുറവുള്ള മണ്ണാണ്. റാകുളത്തിലും കലർന്ന തോട്ടിലും മകരമാസം വരെയാണ് വെള്ളം നിൽക്കാറ് ഇത് ആഴംകൂട്ടി സൈഡ് കെട്ടിയാൽ അവിടെ ഡല സംഭരണം നടത്താം താറ്റകുളം പഞ്ചായത്തിന് സംഭാവന ചെയ്യുവാൻ അതിൻെറ ഉടമസ്ഥർ തയ്യാറാണ്. അത് പഞ്ചായത്ത് ഏറ്റെടുത്ത് ആ കുളം കൂടുതൽ ആളുകൾക്ക് ഉപയോഗിക്കാവുന്നരീതിയിൽ നവീകരിക്കണം

8 മേനിയാണ് നെൽകൃഷിക്ക് ലഭിക്കുന്നത് അത് ഉയർത്തുവാൻ ഉതകുന്ന നടപടികൾ കൈകൊള്ളണം.

# മൃഗസംരക്ഷണം, മത്സ്യമേഖല

നദീതട സംസ്കാരങ്ങളിൽ നിന്ന് വളർത്തുമൃഗങ്ങളുടെ പങ്കിനെകുറിച്ച് നമുക്കറിയാമല്ലോ. വിവിധ മൃഗങ്ങളെ മെരുക്കി വളർത്തുന്നതിൽ ആദിമനുഷ്യർ വിജയിച്ചു. കൃഷിയെ മുഖ്യതൊഴിലായി കണ്ടിരുന്ന ജനങ്ങൾക്ക് വളർത്തുമൃഗങ്ങൾ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായിരുന്നു. വർഷങ്ങൾക്ക് മുമ്പ് പോർക്കുളം പഞ്ചായത്തിലെ ജനങ്ങളും മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരായിരുന്നു. തന്നിമിത്തം കന്നുകാലി വളർത്തൽ കൃഷിയുടെ അവിഭാജ്യഘടകമായി. കൃഷിയിടങ്ങൾ ഒരുക്കുന്നതിന് വണ്ടി വലിക്കുന്നതിനും കന്നുകാലികളെയാണ് ആശ്രയിച്ചിരുന്നത്. മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങൾക്കുവേണ്ടിയും കന്നുകാലികളെ ആശ്രയിച്ചിരുന്നു.

പാൽ, മാംസം എന്നിവയ്ക്കുവേണ്ടിയും മൃഗങ്ങളെ വളർത്തിയിരുന്നു. നമ്മുടെ പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾ ധാരാളമുണ്ട്. പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, പോത്ത്, കാള, എരുമ, എന്നിവയാണ്.

വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനങ്ങൾ | 1991 |
|---|---|
| പശു | 800 |
| കാള | 200 |
| എരുമ | 35 |
| ആട് | 500 |
| താറാവ് | 1200 |
| പന്നി | |

മേൽ വിവരിച്ച പട്ടികയിൽ നിന്നും മനസ്സിലാകുന്നത് പഞ്ചായത്തിൻെറ പ്രകൃതിക്കനുസൃമായ വളർത്തുമൃഗങ്ങൾ ഇല്ല എന്നുതന്നെയാണ്.

ഈ പഞ്ചായത്തിൽ വാണിജ്യടിസ്ഥാനത്തിൽ ആടുവളർത്തുന്ന കേന്ദ്രം എട്ടാം വാർഡിൽ കല്ലഴിക്കുന്ന് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ആറാം വാർഡിൽ വാണിജ്യാടിസ്ഥാനത്തിൽ ആടുവളർത്തുന്ന വ്യക്തിയുമുണ്ട്. അഞ്ചാംവാർഡിൽ വാണിജ്യാടിസ്ഥാനത്തിൽ താറാവു വളർത്തുന്ന വ്യക്തിയുമുണ്ട്. ഒന്നാം വാർഡിൽ വാണിജ്യാടിസ്ഥാനത്തിൽ കാടവളർത്തുന്ന സ്ഥാപനമുണ്ട്. നാലാം വാർഡിൽ വാണിജ്യാടിസ്ഥാനത്തിൽ കന്നുകാലികളെവളർത്തുന്ന വ്യ.ക്തികളുമുണ്ട്

ദക്ഷിണമലബാറിലെ പ്രമുഖ കന്നുകാലിച്ചന്തയായ പെരുമ്പിലാവ് ചന്ത ഈ പ്രദേശത്തിന് തൊട്ടടുത്തായതിനാൽ കന്നുകാലികളെ വിൽക്കുന്നതിനും വാങ്ങുന്നതിനും കാർഷിക ഉപകരണങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും വളരെ ഉപയോഗപ്രദമാണ്. പരമ്പരാഗത കൃഷിരീതികൾ മാറി യന്ത്രവത്കരണം വന്നതോടെ കന്നുകാലികൾ അവഗണിക്കപ്പെട്ടുതുടങ്ങി. വിശാലമായ പറമ്പുകൾ ഇല്ലാതാവുകയും പാടശേഖരങ്ങൾ നികത്തപ്പെടുകയും ചെയ്തപ്പോൾ കന്നുകാലികൾക്ക് മേച്ചിൽപ്പുറങ്ങൾ നഷ്ടപ്പെട്ടു. കന്നുകാലികളെ മേയ്ക്കാൻ ആളുകളെ കിട്ടാതെ വരികയും കന്നുകാലികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് വേണ്ടി സമയം കണ്ടെത്താൻ കഴിയാതെ വരുകയും ചെയ്തപ്പോ

വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ മാത്രം ചുമതലയാണ് എന്ന ബോധം ജനങ്ങളിലുണ്ട്. ജനകീയ ബോധവത്കരണത്തിലൂടെ ഇത് ഓരോ പൗരൻെറയും ചുമതലയാണ് എന്ന ബോധം ജനങ്ങളിൽ വളർത്തി ജനങ്ങളിലൂടെ തന്നെ വികസനം നടത്താൻ കഴിയണം. വികസനപ്രവർത്തനങ്ങൾക്ക് സന്നദ്ധസംഘടനകളുടെയും പ്രവർത്തകരുടെയും സേവനങ്ങൾ പണം മറ്റു വിഭവങ്ങൾ എന്നിവ ശേഖരിക്കാൻ കഴിയുന്ന രീതിയിൽ ജനകീയ മുന്നേറ്റം ഉണ്ടാക്കാൻ നാധ്യമായാൽ വികസന മുരടിപ്പ് ഇല്ലാതാക്കാൻ ഒരു പരിധി വരെ കഴിയും.

ൾ മൊത്തം കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നു, ഓരോ വീടുകളിലും പത്തും പതിനഞ്ചും കോഴികളെ വളർത്തിയിരുന്നു. മുട്ടക്കും ഇറച്ചിക്കും സ്വയം പര്യാപ്തമായ അവസ്ഥയുണ്ടായിരുന്ന കടകളിൽ പോലും നാടൻകോഴി മുട്ടകളായിരുന്നു വിറ്റിരുന്നത്. എന്നാൽ ഇന്ന് ഇറച്ചിക്ക് ബ്രോയിലർ കോഴികളെയും മുട്ടക്ക് അന്യസംസംഥാനങ്ങളെയും ആശ്രയിക്കേണ്ട അവസ്ഥയിലെത്തിയിരിക്കയാണ്.

## മത്സ്യബന്ധനം

മത്സ്യബന്ധനം മുഖ്യതൊഴിലായ ആളുകൾ കുറവാണ്. പ്രധാനമായും കുളങ്ങൾ തോടുകൾ പുഞ്ചനിലങ്ങൾ ബണ്ട് എന്നിവിടങ്ങലിലാണ് മത്സ്യ.ബന്ധനം നടത്തുന്നത്. മത്സ്യബന്ധനം മിക്കവാറും പേർക്ക് കാലാനുസൃതമായ പ്രവൃത്തിയാണ്. ചൂണ്ട, കുരുത്തി, വല, ഒറ്റൽ, കെട എന്നിവ ഉപയോഗിച്ചാണ് സാധാരണ മത്സ്യബന്ധനം നടത്താറ്. മത്സ്യബന്ധനം നടത്തുന്നവരായി വിവിധ പ്രദേശങ്ങളിൽ ഉണ്ട്. മുഖ്യമായും കണ്ണൻ (വരാൽ), കടു, മൊയ്യ്, കല്ലുത്തി, പരൽ എന്നിവയാണ് മുഖ്യമായും ലഭിക്കുന്ന മത്സ്യങ്ങൾ. വർഷക്കാലങ്ങളിലാണ് മുഖ്യമായും മത്സ്യബന്ധനം നടത്താറ്. തിരുത്തിക്കാട്, വെട്ടിക്കടവ് പ്രദേശങ്ങളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ബണ്ടിൽ വെള്ളം അടിക്കുന്ന സമയത്ത് മത്സ്യബന്ധനം തകൃതിയായി നടത്തുന്നു. ബണ്ടിലേക്ക് വെള്ളമടിക്കുന്ന സമയത്ത് തിരിച്ചുവിടുന്ന മൊത്തമായി മത്സ്യം പിടിച്ച് അവിടെത്തന്നെ വില്പനയും നടത്താറുണ്ട്. നിത്യോപയോഗത്തിനുള്ള മത്സ്യത്തിനുവേണ്ടി ആളുകൾ ഇപ്പോഴും ആശ്രയിക്കുന്നത് മത്സ്യക്കച്ചവടക്കാരെയാണ്.

വിവിധ വാർഡുകളിൽ നിന്നും ഗ്രാമസഭകളുടെ ഭാഗമായി വന്നിട്ടുള്ള നിർദ്ദേശങ്ങലും പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും.

കന്നുകാലിത്തീറ്റ തൊഴുത്ത് നിർമ്മാണം എന്നിവ ദുർബലവിഭാഗങ്ങൾക്ക് നൽകണം എന്ന നിർദ്ദേശം ഉണ്ടായിരുന്നു. കോഴിവളർത്തലിന് സൗജന്യനിരക്കിൽ കോഴികളെ നൽകണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉന്നയിച്ചിരുന്നു.

കന്നുകാലികൾ ധാരാളമുള്ള ഇടമായതിനാൽ പാൽ സംഭരണത്തിന് സഹകരണസംഘം ഇനിയും രൂപീകരിക്കണം എന്ന ആവശ്യം ഗ്രാമസഭയിൽ വന്നിട്ടുണ്ട്. നാനൂറ് ഏക്കറോളം വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ ഉണ്ട്. അവിടങ്ങളിൽ ചെമ്മീൻ, തവള എന്നിവയെ വളർത്തുവാൻ വേണ്ട പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മത്സ്യകൃഷിക്ക് വളരെ സാധ്യതയുള്ള പ്രദേശമാണ് ഇവിടം. ഇവിടെ ബണ്ട് കെട്ടി മത്സ്യകൃഷി ചെയ്യുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം എന്ന് ഗ്രാമസഭ നിർദ്ദേശിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ കേന്ദ്രം പോർക്കുളത്ത് സ്ഥാപിക്കണം എന്ന നിർദ്ദേശം ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

## മൃഗസംരക്ഷണം

കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകണം. ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കണം. കന്നുകാലികൾക്ക് കുളമ്പുരോഗം അകിടുവീക്കം എന്നിവ കണ്ടുവരുന്നു. ഇതിന് വേണ്ടി വാർഡിൽ പ്രതിരോധ ചികിത്സാ സമ്പ്രദായം നിലവിൽവരുത്തണം. വാർഡിൽ മൃഗാശുപത്രി സ്ഥാപിക്കണം എന്നിവയാണ് ഗ്രാമസഭാ നിർദ്ദേശിക്കുന്നത്.

## പ്രശ്നങ്ങളും സാധ്യതകളും

കഴിഞ്ഞകാലങ്ങളിൽ പാലിൻെറ ലഭ്യത വളരെയധികം കുറഞ്ഞുപോയിട്ടുണ്ടെങ്കിലും മൃഗസംരക്ഷണത്തിന് വേണ്ടത്ര ഊന്നൽ കൊടുത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആസൂത്രണത്തിനുള്ള വൈകല്യം കാരണം പൂർണ്ണതോതിൽ ഫലവത്താകാൻ കഴിഞ്ഞിട്ടില്ല. ഏറെ സാധ്യതകൾ ഉണ്ടെങ്കിലും നടപ്പിലാക്കാൻ അതിനേക്കാൾ പ്രശ്നങ്ങളുമുണ്ട്.



## പ്രശ്നങ്ങളും നിർദ്ദേശവും

### ഉല്പാദനമേഖല

**1 പാൽ**

കാലിത്തീറ്റയുടെയും തീറ്റപ്പുല്ലിൻെറയും വൈക്കോലിൻെറയും വിലവർദ്ധനവ ഈ രംഗത്തെ തകർക്കുന്നു. സഹകരണാടിസ്ഥാനത്തിൽ കുറഞ്ഞ വിലക്ക് ഇവ ലഭ്യമാക്കാൻ കഴിയണം. അത്യുല്പാദനശേഷിയുള്ള സങ്കര ഇനം പശുക്കുട്ടികളെ വിതരണം നടത്തുകയും ചെയ്യുക.

2 മുൻകാലങ്ങളിൽ കോഴിമുട്ട കയററി അയച്ചിരുന്ന സംസ്ഥാനമായിരുന്നു കേരളം. എന്നാൽ കോഴിക്കുഞ്ഞുങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ ഉല്പാദനരംഗത്ത് മാന്ദ്യം സംഭവിച്ചു. എന്നാൽ ഇന്ന് ഉപഭോഗത്തിനാവശ്യമായ മുട്ട അന്യ.സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു.

കോഴിക്കുഞ്ഞുങ്ങളുടെ ക്ഷാമം പരിഹരിക്കാൻ വേണ്ടി ഹാച്ചറിയും പഞ്ചായത്ത് തലത്തിൽ എഗ്ഗർലേയർ നഴ്സറിയും സ്ഥാപിച്ചാൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

3 നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഇറച്ചിക്കോഴി കേന്ദ്രങ്ങൾ ഉണ്ട്. ഇത് നല്ല വരുമാനമുള്ളമേഖലയാണ് തൊഴിലില്ലാത്തവർക്ക് പ്രത്യേകിച്ചും വരുമാനം വർദ്ധിപ്പിക്കാൻ പറ്റിയ മേഖലയാണ്. കോഴിത്തീറ്റയുടെയും കോഴിക്കുഞ്ഞിൻെറയും വിലവർദ്ധനവ് നിയന്ത്രിക്കാൻ കഴിഞ്ഞാൽ ഈ മേഖലക്ക് പ്രശ്ന പരിഹാരം കാണാൻ കഴിയും.

**4 പന്നിവളർത്തൽ**

ഇത് നല്ല ആദായകരമായതും തൊഴിൽ സാധ്യതയുള്ളതുമായ ഒരു മേഖലയാണ് കുന്നംകുളത്ത് ഒരു പന്നിവളർത്തൽ കേന്ദ്രമുണ്ട്. ഇത് വ്യാപകമാക്കുകയും തീറ്റസാധനങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യാമാക്കുകയും പന്നിക്കുഞ്ഞുങ്ങളെ വിതരണം നടത്തുകയും ചെയ്യേണ്ടതാണ്. നല്ല ബോധവത്കരണവും അത്യാവശ്യമാണ്. ഇറച്ചി സംസ്കരണത്തിന് വേണ്ട സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

**5 ആടുവളർത്തൽ**

പാലിനും ഇറച്ചിക്കുവേണ്ടിയും ഇവയെ വളർത്താവുന്നതാണ്. കുന്നിൻചെരിവുകളും മറ്റിതര മേച്ചിൽസ്ഥലങ്ങളും ലഭ്യമാക്കണം. തീറ്റയും ഇലയും കുറഞ്ഞ ചിലവിൽ ലഭ്യമാക്കണം. ശാസ്ത്രീയ രീതിയിലുള്ള നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കണം.

6 ഇറച്ചി മാട്

നമ്മുടെ പ്രദേശത്ത് മാട്ടിറച്ചി വളരെ പരിമിതമായാണ് ലഭിക്കുന്നത്. നമ്മുടെ ഉപഭോഗത്തിന് ആവശ്യമായ ഇറച്ചി ലഭിക്കണമെങ്കിൽ അന്യസംസ്ഥാനത്ത് നിന്ന് മാടുകളെ കൊണ്ടുവരുന്നു. ഇതിനു കാരണം ശാസ്ത്രീയമായ വീക്ഷണമില്ലായ്മയാണ്. ഇത് ശരിയായ രീതിയിൽ പരിപാലിക്കപ്പെടുകയാണെങ്കിൽ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.



7 മുയൽ വളർത്തൽ

ഡിപ്പാർട്ട്മെൻറ് ഫാമുകളിൽനിന്ന് കുറഞ്ഞവിലക്ക് കർഷകന് മുയലിനെ നൽകുകയും സഹകരണാടിസ്ഥാനത്തിൽ ഇറച്ചി സംസ്കരിക്കുകയും ചെയ്താൽ ഇത് ലാഭകരമാക്കാവുന്നതാണ്.

## പരിഹാരങ്ങൾ

1. നല്ലയിനം (സങ്കരയിനം) കന്നുകാലികളെ വിതരണം ചെയ്യുക

2. രോഗപ്രതിരോധകുത്തിവയ്പുകൾ സൗജന്യമായി ചെയ്യുക.

3. മുട്ട വിരിയിക്കൽ കേന്ദ്രം തുറക്കുക.

4. പന്നിവളർത്തൽ കേന്ദ്രം ആരംഭിക്കുക.

5. സമഗ്ര കന്നുകാലി ഇൻഷുറൻസ് ഏർപ്പെടുത്തുക.

6. പേവിഷബാധ സമഗ്രനിർമ്മാർജ്ജന പദ്ധതി, പഞ്ചായത്ത് തലത്തിൽ ആരംഭിക്കുകയും കുത്തിവയ്പു മരുന്നുകൾ ലഭ്യമാക്കുകയും വേണം.

7. വളർത്തു നായ്ക്കൾക്ക് കുത്തിവെയ്പും ലൈസൻസും നൽകുക.

8. മൃഗസംരക്ഷണകേന്ദ്രം വികസിപ്പിക്കുക

9. വാർഡ് അടിസ്ഥാനത്തിൽ 250 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടതിനുള്ള നിർദ്ദേശങ്ങളും കണക്കുകളും

| പശുവളർത്തൽ | 10000 രൂപ |
|---|---|
| ഒരുവാർഡിൽ 10 എണ്ണം വീതം | ആകെ 80 എണ്ണം 80,000 രൂപ |
| ആട് വളർത്തൽ ഒരു വാർഡിൽ 20 എണ്ണം വീതം | ആകെ 160 എണ്ണം 1,60,000 രൂപ |
| പന്നി വളർത്തൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ 2 വീതം യൂണിറ്റ് | ആകെ 4 എണ്ണം 1,000 രൂപ |
| കോഴി മുട്ടക്കോഴി ഒരു വാർഡിൽ 100 പേർക്ക് 5 എണ്ണം വീതം | ആകെ 4000 എണ്ണം 1,60,000 രൂപ |
| ഇറച്ചിക്കോഴി പഞ്ചായത്ത് അടിസ്ഥാനത്തിൽ 1യൂണിറ്റിന് 250 എണ്ണം | ആകെ 5 യൂണിറ്റ് 125 എണ്ണം 18,750 രൂപ |
| മുയൽകൃഷി പഞ്ചായത്ത് അടിസ്ഥാനത്തിൽ 10 യൂണിറ്റ് ഒരു ജോഡി വീതം | ആകെ 20 എണ്ണം 400 രൂപ |



# വിദ്യാഭ്യാസം

പോർക്കുളം പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം 15ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ആരംഭിക്കുന്നു. പോർക്കുളം വേദക്കാട്ടിൽ അതിപ്രഗത്ഭരായ വേദപണ്ഡിതന്മാരുടെ നേതൃത്വത്തിൽ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രദേശത്തുനിന്നുള്ള പഠിതാക്കൾ വന്ന് വേദപഠനം നടത്തിയിരുന്നു. തുടക്കത്തിൽ എഴുത്താശാൻമാരുടെ വീടുകളിൽ വരുത്തിയാണ് അക്ഷരാഭ്യാസം നടത്തിയിരുന്നത്. പിൽകാലത്ത് തിരുത്തിക്കാട് ഒരു ഏകാദ്ധ്യാപക വിദ്യാലയം ആരംഭിച്ചു. എന്നാൽ ആ വിദ്യാലയം കേവലം നാല് വർഷം മാത്രമെ നിലനിന്നിട്ടുള്ളു.

പഞ്ചായത്തിലെ ആദ്യം സ്ഥാപിതമയ അംഗീകൃതസ്കൂൾ MLCS സ്കൂൾ പോർക്കുളത്ത് ആയിരുന്നു. 1905ൽ ആണ് ഈ സ്കൂൾ സ്ഥാപിതമായത്. LP സ്കൂൾ ആയാണ് ഇത് സ്ഥാപിതമായത്. പിന്നീട് യു.പി. സ്കൂൾ ആക്കി മാറ്റി DVM സ്കൂൾ അഗതിയൂരിൽ 1938ൽ മാനേജർ മാധവൻ നായരുടെ നേതൃത്വത്തിൽ ആരംഭിച്ചു. 1950ൽ ആസ്കൂൾ സ്റ്റാഫ് മാനേജ്മെന്റിന്റെ അധീനതിയിലായി. അഞ്ചാം ക്ലാസ് വരെ വിദ്യാഭ്യാസം ഈ സ്കൂളിൽ നല്കിയിരുന്നു. ഒരു കാല ഘട്ടത്തിൽ അഞ്ചാം ക്ലാസ് വിദ്യാഭ്യാസം എടുത്തു കളയുവാൻ ശ്രമിച്ചു. എന്നാൽ നാട്ടുകാർ സംഘടിതമായി ആ പ്രവർത്തിയെ തടയുകയും ആ പ്രദേശത്തിന്റെ മൊത്തം ആവശ്യമായ ഇക്കാര്യം അംഗീകരിപ്പിക്കുകയും ചെയ്തു. 1975ൽ ഉണ്ടായ ഒരു അഗ്നിബാധയിൽ സ്കൂൾ കത്തി നശിക്കുകയുണ്ടായി. ആ പ്രദേശത്തുകാർ തന്നെ മുൻകൈയെടുത്ത് സ്കൂൾ പുനർനിർമ്മാണം നടത്തി.

മങ്ങാട് സെന്റ് ജോസഫ് സിറിൾസ് ഹൈസ്കൂളാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂൾ. ഈ ഹൈസ്കൂൾ 1930ൽ സ്ഥാപിതമായി. ആദ്യ മാനേജർ ശ്രീ. കെ.റ്റി. പീറ്റർ ആയിരുന്നു. L.P. സ്കൂൾ ആയാണ് തുടങ്ങിയത്. 1952ൽ ഈ സ്കൂൾ U.P. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ഹൈസ്കൂൾ ആയി ഈ സ്കൂൾ 1983ൽ അപ്ഗ്രേഡ് ചെയ്യപ്പെട്ടു. തിരുത്തിക്കാട് ഭാരതമാതാ പ്രൈമറി സ്കൂൾ 1955-56 വിദ്യാഭ്യാസ വർഷത്തിൽ ആരംഭിച്ചു. കണിശ്ശേരി ശങ്കുണ്ണി മേനോനായിരുന്നു മാനേജർ. 1959ൽ എല്ലാ L.P. സ്കൂളുകൾക്കും അഞ്ചാം ക്ലാസ് അനുവദിച്ചപ്പോൾ ഭാരതമാതാ സ്കൂളിനും അഞ്ചാം ക്ലാസ് അനുവദിച്ചു. പിന്നീട് അത് പിൻവലിക്കുകയുണ്ടായി. നാലാം ക്ലാസുൾപ്പെടെ എല്ലാ ക്ലാസുകളിലും മുൻകാലത്ത് രണ്ട് ഡിവിഷൻ ഉണ്ടായരുന്നു. എന്നാൽ ഇപ്പോൾ ഡിവിഷനുകൾ ഓരോന്നായി കുറഞ്ഞു എന്നതുമാത്രമല്ല, കഴിഞ്ഞ മൂന്ന് വർഷമായി കേവലം നൂറിൽ താഴെ മാത്രം വിദ്യാർത്ഥികൾ പഠിക്കുന്നുള്ളു.

മങ്ങാട് യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടതും, ഇംഗ്ലീഷ് മീഡിയം പോലുള്ള സ്കൂളുകളിലേക്കുള്ള ഒഴുക്കുമാണ് ഈ സ്ഥിതി ഉണ്ടാകാൻ കാരണമായത്. അക്കിക്കാവിൽ ഇപ്പോൾ

സെന്റ് മേരീസ് കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സൈമൺ കുത്തൂർ എന്ന പാതിരി ഒരു L.P. സ്കൂൾ സ്ഥാപിച്ചിരുന്നു. പിൻകാലത്ത് അതിന്റെ പ്രവർത്തനം നിലച്ചു.

പൊതുവിൽ സർക്കാർ സ്കൂളുകളോട് വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കുമുള്ള ആഭിമുഖ്യം കുറഞ്ഞ് വരുന്നതോടൊപ്പം നമ്മുടെ പഞ്ചായത്തിലും സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നുണ്ട്. സ്കൂളിൽ പഠനസൗകര്യവും മറ്റും വളരെ ശോചനീയമാണ്. പഞ്ചായത്തിലെ അഗതിയൂർ, പോർക്കുളം പോലുള്ള പ്രദേശത്തെ കുട്ടികൾക്ക് സ്കൂളിൽ പോകുക എന്നത് അധികം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. തൊട്ടടുത്ത ഹൈസ്കൂളുകൾ കിലോമീറ്ററുകൾ അകലെയാണ് കിടക്കുന്നത്. കുന്നംകുളം, പെരുമ്പിലാവ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉള്ളതിനാൽ സമ്പന്നരായ വിദ്യാർത്ഥികളും, ഇംഗ്ലീഷ് ഭ്രമമുള്ള വിദ്യാർത്ഥികളും മുഴുവനായും ചേക്കേറുന്നത്. വിവിധ വാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

1. മങ്ങാട് ഹൈസ്കൂളിന് സ്വന്തമായി കളിസ്ഥലമില്ല.
2. മങ്ങാട് സ്കൂളിന് സ്വന്തമായി കക്കൂസും മൂത്രപ്പുരയും ഇല്ല.
3. മങ്ങാട് സ്കൂൾ കോമ്പൗണ്ട് കാടും, പടലവും പിടിച്ചിരിക്കുകയാണ്, സ്കൂൾ പരിസരം ശുചിയായി സൂക്ഷിക്കുന്നില്ല.
4. തിരുത്തിക്കാട് സ്കൂളിൽ തിരുത്തിക്കാടുള്ള കുട്ടുകൾ പോലും പഠിക്കുന്നില്ല എന്നത് വലിയ ന്യൂനതയാണ്. സ്കൂളിന് ഫർണിച്ചറുകളും കക്കൂസും ഇല്ല.
5. പോർക്കുളം യു.പി. സ്കൂൾ ഹൈസ്കൂളാക്കി മാറ്റണം എന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.
6. പോർക്കുളം യു.പിയ സ്കൂളിന് ശരിയായ ഫർണീച്ചറുകൾ ഇല്ല, സ്കൂളിന് സ്വന്തമായി കക്കൂസില്ല. സ്കൂളിലെ പലമുറികളും ഉപയോഗശൂന്യമായി കിടക്കുകയാണ്.
7. അകതിയൂർ എൽ. പി. സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ട്. സ്കൂളിനെ യു.പി. സ്കൂളാക്കിയെങ്കിലും അപ്ഗ്രേഡ് ചെയ്യണം.

### നിർദ്ദേശങ്ങൾ

തൊട്ടടുത്തുള്ള സ്കൂളുകളിൽ തന്നെ കുട്ടികളെ ചേർക്കുന്ന സമ്പ്രദായം വളർത്തിക്കൊണ്ടുവരണം.

എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യം നിർബന്ധമായും വേണം. P.T.A. ശക്തമായി നിലകൊള്ളണം.

പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് രൂപീകരിക്കണം.

അദ്ധ്യാപകർക്ക് ഒളിവുകാല ട്രെയിനിംങ്ങും, റിഫ്രഷിംഗ് കോഴ്സുകളും നൽകണം.

എല്ലാ സ്കൂളുകളിലും കളിസ്ഥലം വേണം.

വിവിധ സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.


ആകെ കുട്ടികൾ (ആൺ, പെൺ, ആകെ ക്രമത്തിൽ)
X -axis സ്കൂളിന്റെ പേര്
Y -axis എണ്ണം 1cm = 100 units
-ആൺ
-പെൺ
-ആകെ
1500
1400
1300
1200
1100
1000
900
800
700
600
500
400
300
200
100
1490
844
646
475
265
210
210
106
104
46
58
104
St. Joseph St. Cyrill
H.S. West Mangad
M.K.M. U.P. S
Porkulam
D.V.M.
Akathiyoor
B.M.L.P.S.
Thiruthikkad



പഠനം നിർത്തിയവർ (ആൺ, പെൺ ആകെ ക്രമത്തിൽ
X -axis സ്കൂളിന്റെ പേര്
Y -axis എണ്ണം 1cm = 100 units
-ആൺ
-പെൺ
-ആകെ
23-
22-
21-
20-
19-
18-
17-
16-
15-
14-
13-
12-
11-
10-
9 -
8 -
7 -
6 -
5 -
4 -
3 -
2 -
1 -
B.M.L.P.S.
Thiruthikkad
M.K.M. U.P. S
Porkulam
St. Joseph St. Cyrill
H.S. West Mangad

# ആരോഗ്യം

ആരോഗ്യമുള്ള ജനത ഈ നാടിന്റെ അഭിവൃദ്ധിയെ ആണ് സൂചിപ്പിക്കുന്നത്. അവരുടെ ജീവിതത്തിൽ മാത്രമേ കൃത്യനിഷ്ട ജീവിത ചിട്ടകളും ഉണ്ടായിരിക്കുകയുള്ളു. ഇത് ജീവിതത്തിന് അടുകടം ചിട്ടയും മൊത്തം സമൂഹത്തിന്റെ തന്നെ ഉന്നമനത്തിന് വഴി തെളിയിക്കുന്നു. പോർക്കുളം പഞ്ചായത്തിൽ വളരെ കാലം മുമ്പ് തന്നെ പല തരത്തിലുള്ള ചികിത്സാ രീതികളും പ്രയോഗത്തിലുണ്ടായിരുന്നു. ആയുർവ്വേദമാണ് അവയിൽ പ്രധാനം. ഇതിനും പുറമെ കുറുംകൗശലങ്ങളും ഒറ്റ മൂലികളും പ്രചാരത്തിലുണ്ടായിരുന്നു. പരമ്പരാഗത വൈദ്യ സമ്പ്രദായങ്ങളായിരുന്നു പൊതുവിൽ നിലവിലുണ്ടായിരുന്നത്.

വർഷങ്ങൾക്ക് മുമ്പ് ഒരു ആയുർവ്വേദ ഡിസ്പൻസറി ഗവൺമെന്റ് ഉടമസ്ഥതിയിൽ നിലവിൽ വന്നു. എങ്കിലും നാളിതേ വരെ അതിന് സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്ത അവസ്ഥയിലാണ് പോർക്കുളം പഞ്ചായത്തിൽ V-ാം വാർഡിൽ സ്പെഷ്യൽ കോംപണ്ട് പദ്ധതി പ്രകാരം ഒരു റൂറൽ ഡിസ്പെൻസറി 1981ൽ രൂപീകരിച്ചു. തുടക്കത്തിൽ 5 ജീവനക്കാരോട് കൂടിയാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. വാടകകെട്ടിടത്തിൽ ആണ് അത് ഇപ്പോഴും പ്രവർത്തിക്കുന്നത്. അതിന് ശേഷം പോർക്കുളത്ത് സർവ്വേ 192ൽ 1 ഏക്കർ ഭൂമി റവന്യു വകുപ്പിൽ ആരോഗ്യ വകുപ്പിന് കൈമാറിയ സ്ഥലത്ത്. ആശുപത്രിക്ക് സ്വന്തം കെട്ടിടം പണിയുന്നതിനുള്ള ഒരുക്കം തുടങ്ങി ഈ അവസരത്തിൽ 1988ൽ റൂറൽ ഡിസ്പെൻസറി പ്രൈമറി ഹെൽത്ത് സെന്ററായി രൂപീകരിച്ചു. 1991ൽ ജില്ലാ കൗൺസിൽ കെട്ടിടം പണിക്കായി വകയിരുത്തിയിരുന്നു. പിന്നീട് ജില്ലാകൗൺസിൽ ഇല്ലാതായതോടെ പണിയും മുടങ്ങി. ഇപ്പോൾ 1995-96 MP ഫണ്ട് ഉപയോഗിച്ച് സ്വന്തമായി നിർമ്മിതി കേന്ദ്രത്തിന്റെ 60ൽ നോട്ടത്തിൽ കെട്ടിടം പണി പൂർത്തികരിക്കുകയും ചെയ്തു. അധികം താമസിക്കാതെ അങ്ങോട്ട് ആശുപത്രി മാറ്റി പ്രവർത്തിപ്പിക്കും.

### പോർക്കുളം പഞ്ചായത്തിലെ
### ആരോഗ്യ സംരക്ഷണ പൊതു സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്റർ | 4 | 13 |
| 2. | ആയുർവ്വേദ ആശുപത്രി | 6 | 3 |

## പൊതു രംഗത്തെ സ്വകാര്യ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് |
|---|---|---|
| 1. | അനല ഫാർമസ്യൂട്ടിക്കൽസ് | V |
| 2. | ആരിവൈദ്യ ശാല | VII |
| 3. | വിഷ വൈദ്യ ശാല മങ്ങാട്. | VII |

## പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 177 | 5 | 12 | |
| 1994-95 | 211 | 3 | 10 | |
| 1995-96 | 118 | 2 | 8 | |

## രോഗങ്ങൾ സംബന്ധിച്ച വിവരം

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതി വർഷം(എണ്ണം) | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 92-93 | - | 6315 | 15 | 4 | 12 | - | |
| 93-94 | - | 7179 | 22 | 3 | 9 | - | |
| 94-95 | - | 8886 | 18 | 5 | 6 | | |
| 95-96 | - | 9309 | 80 | 2 | 2 | - | |

## ആരോഗ്യസ്ഥിതിവിവരക്കണക്കുകൾ

I. ആകെ വീട്

1. കോൺക്രീറ്റ് - 1132
2. ഓടിട്ടത് - 1932
3. ഓലമേഞ്ഞത് - 947

പഞ്ചായത്തിൽ മൊത്തം 4159 വീടുകൾ ഉണ്ട്. അവയിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യങ്ങൾ ഉള്ളവയും ഇല്ലാത്തവയുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു.

II. a. കക്കൂസ്: സെപ്റ്റിക് ടാങ്ക് - 403

b. ഇ.എസ്.പി. - 1927

c. കക്കൂസ് ഇല്ലാത്തവ - 1828

III. കുടിവെള്ള സ്രോതസ്സ്:-

a. സാനിറ്ററി വെൽ - 957

b. സാധാരണ കിണർ - 2099

c. പൈപ്പ് (വീടുകളിൽ) 567

d. പൊതുവിതരണം - 26
(ടാപ്പ്)

IV. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a. 1കുട്ടി - 40

b. 2 കുട്ടി - 691

c. 2ൽ കൂടുതൽ കുട്ടികൾ 669

V. അംഗവൈകല്യമുള്ളവർ.

a. അന്ധർ - 17

b. ബധിരൻ - 61

c. മൂകർ - 10

d. ബധിര - മൂകർ - 12

e. ചലന വൈകല്യങ്ങൾ - 49
ആകെ 149

VI മന്ദബുദ്ധികൾ - 19

VII. സ്ഥായിയായ രോഗബാധിതർ.

a. രക്തസമ്മർദ്ദം - 185

b. പ്രമേഹം - 173

c. കാൻസർ - 10

d. കുഷ്ഠം - 2

e. ക്ഷയം - 45

f. ഹൃദ്രോഗം - 10

ആകെ 325

**VII. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം = 260**

പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയവർ = 243

**IX. ആകെ ഗർഭിണികൾ = 270**

ഇപ്പോൾ നടത്തിവരുന്നതായ വിവിധ പദ്ധതികളും കമ്മറ്റികളും ലെപ്രസി വെൽഫയർ കമ്മറ്റി ഈ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് എം.എ. വേലായുധൻ മാസ്റ്ററാണ് അതിന്റെ ചെയർമാൻ. ത്വക്‌രോഗ ക്യാമ്പുകളും രത്ന നിർണ്ണയ ക്യാംമ്പും നടത്താറുണ്ട്. ഇപ്പോൾ PHC മുഖേന താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. M.C.H. പ്രോഗ്രാം.
2. സ്കൂൾ ഹെത്ത് പ്രോഗ്രാം.
3. N.M.E.P പ്രോഗ്രാം.
4. I.N.E.P.
5. ഫാമിലി വെൽഫെയർ പ്രോഗ്രാം.
6. പൾസ് പോളിയോ പ്രോഗ്രാം.
7. നാഷ്ണൽ ഇമ്മ്യൂസൈസേഷൻ പ്രോഗ്രാം.



# പൊതു ജനാരോഗ്യം

| വാർഡ് നമ്പർ | ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പ് വെള്ളം | | പൊതു കുഴൽ കിണർ | പൊതു കിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പൊതു ടാപ്പുകൾ | ഹൗസ് കണക്ഷനുകൾ | | | | | | |
| I | - | - | - | - | - | 1 | 1 | - | - | - | - |
| II | - | - | - | - | - | - | - | - | - | - | - |
| III | - | - | - | - | - | 4 | 5 | - | 1 | - | - |
| IV | - | - | - | 13 | - | 2 | 4 | - | 2 | - | - |
| V | - | - | - | 2 | - | 1 | 5 | - | - | - | - |
| VI | - | - | - | 7 | - | 3 | 3 | - | - | - | - |
| VII | - | - | - | - | - | 2 | 3 | - | - | - | - |
| VIII | - | - | - | - | - | 3 | 5 | - | - | - | - |

വിവിധവാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമായും പഞ്ചായത്ത് നേരിട്ട് പ്രായോഗികമാക്കാവുന്ന ഏതാനും നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. മങ്ങാട് പ്രദേശത്ത് PHC ക്യാംപ് സിറ്റിംഗ് നടത്തുവാൻ വേണ്ടുന്ന നടപടികൾ കൈക്കൊള്ളാവുന്നതാണ്.
2. ആയുർവ്വേദ ഡിസ്പൻസിയിൽ പുതിയ കെട്ടിടം നിർമ്മിക്കണം.
3. രക്ത നിർണ്ണയ ക്യാംപുകൾ സംഘടിപ്പിക്കാവുന്നതാണ്. അങ്ങിനെ നടത്തപ്പെടുന്ന ക്യാംപുകൾ മുഖേന രക്ത നിർണ്ണയത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കാവുന്നതും ദാനം നൽകാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് പഞ്ചായത്തിൽ നിന്നും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളാവുന്നതാണ്.
4. നേത്രദാനം പരിപോഷിപ്പിക്കുന്നതിന് വേണ്ടി നേത്രദാനം നൽകാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കാവുന്നതും കാലതാമസം കൂടാതെ ദാനം ചെയ്യപ്പെടുന്ന കണ്ണുകൾ യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ എത്തിക്കുന്നതിലുള്ള ഒരു സംവിധാനം ഉണ്ടാക്കണം.
5. മന്ദബുദ്ധികളായ് അനവധി കുട്ടികൾ ഈ പ്രദേശമുണ്ട് അവർക്ക് വേണ്ടുന്ന രീതിയിലുള പരിചരണവും വിദ്യാഭ്യാസവും പുനരുദ്ധിവാസ പദ്ധതികളും പഞ്ചായത്തിന് മുൻകൈ എടുത്ത് നടത്താവുന്നതാണ്.
6. ഹോങ്ങല്ലൂരുള്ള സ്വകാര്യ വ്യക്തികളുടെ ക്വാറിയിൽ നിന്നും ആ വ്യക്തിയുമായി സഹകരിച്ച് ശുദ്ധജലം പമ്പ് ചെയ്യുവാനുല്ല പദ്ധതി ഉണ്ടാക്കുകയാണെങ്കിൽ VIII, VII, VI, V വാർഡുകൾക്ക് അത് ഉപകാരപ്രദം ആക്കാവുന്നതാണ്.
7. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രകൃതിചികിത്സാ കേന്ദ്രം എന്നിവ ആവശ്യമുണ്ട് അവ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് വേണ്ടുന്ന പ്രവർത്തനം നടത്താവുന്നതാണ്.
8. കക്കൂസ് സ്വന്തമായി ഇല്ലാത്ത ഒട്ടനവധി കുടുംബങ്ങൾ ഉണ്ട് ഒരു തീവ്രയ്ജ്ഞമായി ഇക്കാര്യം പഞ്ചായത്ത് ഏറ്റെടുത്ത് കക്കൂസുകൾ ജനങ്ങൾക്ക് നൽകണം.
9. ഇത്രയും പ്രവർത്തനങ്ങളും വാർഡുകളുടെ ഗ്രാമസഭകളിൽ നിന്നുള്ള പ്രദേശികമായ നിർദ്ദേശങ്ങളും സമയബന്ധിതമായി മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് നടത്തേണ്ടതാണ്.
10. പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുല്ല സൗകര്യം ഏർപ്പെടുത്തണം.
11. ഡോക്ടറുടെ സേവനം പൂർണ്ണമായും ലഭ്യമാക്കുവാൻ ക്വാർട്ടേഴ്സ് നിർമ്മിക്കണം.
12. PHC യിലേക്ക് ഒരു റോഡ് നിർമ്മിക്കണം.
13. PHC യിൽ ശുദ്ധജലം ലഭ്യമാക്കണം.
14. ആശുപത്രി പരിസരത്ത് സാമൂഹികവനവൽക്കരണം നടത്തണം.

# ആരോഗ്യം, കുടിവെള്ളം, പരിസരശുചീകരണം

വിവിധ വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങളും പരിഹാരങ്ങളും താഴെ കൊടുക്കുന്നു.



## വാർഡ്-1

വാർഡിൽ ഓരോ ജംഗ്ഷനിലും ശുദ്ധജലം വിതരമം ചെയ്യുവാനുള്ള പൈപ്പുകൾ വേണം എന്ന നിർദ്ദേശം വാർഡ് ഗ്രാമസഭ നൽകിയിട്ടുണ്ട്. ഒന്നാം വാർഡിൽ പ്രൈമറി ഹെൽത്ത് സെന്റർ ക്യാംപ് ഡിറ്റിംഗ് നടത്തണം. എന്ന നിർദ്ദേശം വാർഡുകളിൽ നിന്നും വന്നിട്ടുണ്ട്. കക്കൂസ് ഇല്ലാത്തവർ വാർഡിൽ 100ൽ അധികം പേർ ഉണ്ട്. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് പണിയുന്നതിനുള്ള സാമ്പത്തിക സഹായം നൽകുവാൻ പദ്ധതി രൂപീകരിക്കമം.

## വാർഡ്- 2

മങ്ങാട് സെന്ററും പ്രൈമറി ഹെൽത്ത് സെന്ററും തമ്മിൽ 3 കിലോമീറ്ററോളം ഉണ്ട് ആഴ്ച യിൽ 1 ദിവസം എങ്കിലും പ്രൈമറി ഹെൽത്ത് സെന്ററിന്റെ ക്യാംപ് സിറ്റിംഗ് മങ്ങാട് പ്രദേശത്ത് വേണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. രണ്ടാം വാർഡിൽ രൂക്ഷമായ ശുദ്ധജലക്ഷാമം ഉണ്ട്. പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കണം എന്ന നിർദ്ദേശം ഗ്രാമസ ഭയിൽ ഉന്നയിച്ചിട്ടുണ്ട്.

## വാർഡ്-3

മൂന്നാംവാർഡിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം എന്ന നിർദ്ദേശം ഗ്രാം സഭ യിൽ ഉയർന്ന് വന്നിട്ടുണ്ട്. ആവശ്യമരുന്നുകളുടെ സ്റ്റോക്ക് പ്രൈമറി ഹെൽത്ത് സെന്ററിൽ അത്യാവശ്യമാണ്. കക്കൂസ് ഇല്ലാത്ത വീടുകൾ 70 ഓളം വാർഡിലുണ്ട് കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് പണിയുവാൻ വേണ്ടുന്ന സാമ്പത്തിക സഹായം.

പഞ്ചായത്ത് മുൻകൈ എടുത്ത് നൽകണം. പഞ്ചായത്ത് പൊതുസ്ഥലങ്ങളിലും കാനകളി ലും ബ്ലീച്ചിംഗ് പൗഡർ മുതലായവ സൗജന്യമായി നൽകണം. മങ്ങാട് സ്കൂളിൽ വർഷത്തിൽ ഒരിക്കൽ എങ്കിലും സൗജന്യമായി വൈദ്യപരിശോധന നടത്തണം. പൊതു കുഴൽക്കിണറുകൾ ശുദ്ധജല ക്ഷാമം അനുഭവിക്കുന്ന പറക്കുന്ന്, പത്തങ്ങാടി, ഗുരുദേവനഗർ എന്നിവടങ്ങളിൽ വേണം.

## വാർഡ് 4

തിരുത്തിക്കാട് പ്രദേശത്ത് വേനൽക്കാലത്ത് രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു ണ്ട്. പൈപ്പ് എത്താത്ത സ്ഥലങ്ങളിൽ പാടത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി ശുദ്ധജലം പമ്പ് ചെയ്ത് എത്തിക്കണം. PHC ഉൾപ്പെടുന്ന പ്രദേശമാണ് IV-ാം വാർഡ്. PHC ആശുപത്രിയിലേ ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കണം. PHCൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടാ

ക്കണം. PHC യിൽ ജല വിതരണത്തിനുല്ല സൗകര്യം ഏർപ്പെടുത്തണം. പാറേംപാടം അലൂമിനിയം ഫാക്ടറിയിൽ നിന്നും കുന്നുംകുളം മാർക്കറ്റിൽ നിന്നും ഉള്ള മലിന ജലം ധാരാളമായി ഒഴുകി വന്ന് ഈ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്ത് കെട്ടിക്കിടന്ന് രൂക്ഷമായ മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് ഇക്കാര്യം തടയുന്നതിനുള്ള വേണ്ടുന്ന നടപടി കൈക്കൊള്ളണം.

### വാർഡ് 5

സ്കൂൾ പ്രദേശത്ത് നിന്നും എല്ലായിടത്തേക്കും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടുന്ന നടപടി എടുക്കണം. നിലവിലുള്ള PHC യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനും ഉള്ള സൗകര്യം ഏർപ്പെടുത്തണം. മാതൃശിശു സംരക്ഷണ കേന്ദ്രം വാർഡിൽ സ്ഥാപിക്കണം എന്നിങ്ങനെ ഉള്ള നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉയർന്ന് വന്നിട്ടുണ്ട്.

### വാർഡ് 6

ഉപയോഗ്യശൂന്യമായി കിടക്കുന്ന പഞ്ചായത്ത് കിണറുകൾ നന്നാക്കണം എന്ന നിർദ്ദേശം പഞ്ചായത്ത് ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ഇഞ്ചികുന്ന് കോളനി കൊണ്ടയൂർ IHDP കോളനി എന്നിവിടങ്ങൾ ഉൾപ്പെടുന്ന ഈ പ്രദേശത്ത് സ്വന്തമായി കക്കൂസുകൾ ഇല്ലാത്ത ഒരുപാട് വീടുകളുണ്ട്. അവർക്ക് കക്കൂസ് പണിയുന്നതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് നൽകണം. വാർഡിൽ അങ്ങിങ്ങായി പലയിടങ്ങളിലും ചിക്കൻബോക്സ് മുതലായ പകർച്ച വ്യാധികൾ കണ്ട് വരുന്നുണ്ട്. ഇവക്കുള്ള മുൻകരുതൽ പഞ്ചായത്ത് PHC യുമായി സഹകരിച്ച് നടത്തണം.

### വാർഡ് 7

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുളങ്ങൾ നന്നാക്കുവാൻ നടപടി എടുക്കണം എന്ന നിർദ്ദേശം വാർഡിൽ ഉയർന്നു വന്നിട്ടുണ്ട്. സംസ്ഥാന ഹൈവേ കടന്നുപോകുന്നതായ പ്രദേശം ഉൾപ്പെട്ട ഏക വാർഡായതിനാൽ ഈ വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക ആണെങ്കിൽ വാർഡിലുള്ള ജനങ്ങൾക്ക് പുറമേ വഴി യാത്രക്കാർക്കും മറ്റും പ്രഥമ ശുശ്രൂഷ നൽകുവാനുള്ള സൗകര്യം ഉണ്ടാകും.

### വാർഡ് 8

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം ഉൾപ്പെടുന്നതാണ് VIII-ാം വാർഡ് ആയത്കൊണ്ട് ഇവിടെ രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇവിടെ ശുദ്ധജല വിതരണത്തിന് വേണ്ടി കുഴൽകിണറുകളും ലക്ഷം വീട് കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടുന്ന സൗകര്യം എത്തിക്കണം ഈ വാർഡിൽ ഒരു വലിയ ശുദ്ധജല സംഭരണി സ്ഥിതിചെയ്യുന്നുണ്ട് കിടങ്ങൂരിലുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള ഒരു ക്വാറിയാണത്. ഇവിടെ നിന്നും ആ വ്യക്തിയുമായി സഹകരിച്ച് ശുദ്ധ ജലം പമ്പ് ചെയ്ത് വിതരണം ചെയ്യുവാൻ കഴിയുകയാണെങ്കിൽ ദീർഘകാലാടിസ്ഥാനത്തിൽ തന്നെ ജലക്ഷാമം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയും.

# വനിത



വനിതകൾക്കായി മുൻകാലങ്ങളിൽ നൂൽനൂൽപിന് ചർക്കകളും കൈത്തറിയും ഉപയോഗിച്ച് തുണിമില്ലും പ്രവർത്തിച്ചിരുന്നു.

വനിതകൾക്കായി കസാലനെയ്ത്ത് ബാഗുകൾ നെയ്യൽ മുതലായ കാര്യങ്ങളും കൃഷി, അടുക്കളതോട്ടം മുതലായ കാര്യങ്ങളും ഉണ്ടായിരുന്നു. വനിതകളുടെ സാമൂഹ്യസ്ഥിതി വളരെ നല്ല രീതിയിൽ ആക്കിത്തീർക്കുവാൻ വേണ്ടുന്ന സംരംഭങ്ങളായിരുന്നു ഇവ. സ്ത്രീകളുടെ മഹിളാസമാജങ്ങൾ വനിത ക്ഷേമത്തിന് വേണ്ടി നിലകൊണ്ടിരുന്നു. വനിതകൾക്ക് സാമൂഹികമായും സാമ്പത്തികമായും സ്വാശ്രയത്വം നൽകിയിരുന്നു. ഇത്തരം സംരംഭങ്ങൾ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള ആശയങ്ങളും നിർദ്ദേശങ്ങളും താഴെകൊടുക്കുന്നു.

പഞ്ചായത്തിൽ വിദ്യാഭ്യാസപ്രവൃത്തിയിൽ കൂടുതലും വനിതകളാണ് എന്നത് എടുത്ത് പറയേണ്ടിയിരിക്കുന്നു.

| | |
|---|---|
| വാർഡ് II | തൊഴിലില്ലാത്ത വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ സാമ്പത്തിക സഹായം നൽകണം എന്ന് ഗ്രാമസഭ നിർദ്ദേശിക്കണം. |
| വാർഡ് II | മഹിളാസമാജം ബാലവാടി എന്നിവ സ്ഥാപിക്കണം എന്ന നിർദ്ദേശം ഉയർന്ന് വന്നിട്ടുണ്ട്. |
| വാർഡ് III | സ്ത്രീകളെ അപമാനിക്കുന്ന പോസ്റ്ററുകൾ പതിക്കുന്നത് പഞ്ചായത്തിൽ കർശനമായി നിരോധിക്കണം. സ്ത്രീ സംഘടന വേണം എന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. സാക്ഷരത പ്രവർത്തനം നടത്തണം. |
| വാർഡ് IV | മഹിളാസമാജം ഇല്ല എന്ന സ്ത്രീകളും കൂലി വർദ്ധിപ്പിക്കണം ആരോഗ്യരംഗത്ത് ഏറെ രോഗികളും സ്ത്രീകളൊന്ന് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കണം. |
| വാർഡ് V | വനിതകൾക്കായി തയ്യൽ പരിശീലന കേന്ദ്രവും മസാലപൊടി യൂണിറ്റുകളും സ്ഥാപിക്കമം. കൂലിപ്പണിയിൽ സ്ത്രീകളുടെ നിരക്ക് വളരെ കുറവാണ് സ്ത്രീധനം കൂടാതെ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കുവാച്ചു സംവിധാനം ഉണ്ടാക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ അവതരിപ്പിച്ചു. കക്കൂസ് പുകയില്ലാത്ത അംഗം എന്നിവർക്ക് പ്രാമുഖ്യം കൊടുക്കണം. |
| വാർഡ്VI | കൊങ്ങല്ലൂരും ഇഞ്ചിക്കുന്നത്തും മഹിളാസമാജങ്ങൾ സ്ഥാപിക്കമം എന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ട്. വികലാംഗർക്ക് തൊഴിൽ പദ്ധതികൾ നടപ്പിലാക്കണം. മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാംപ് വയ്ക്കണം എന്നും നിർദ്ദേശിച്ചു. |
| വാർഡ് VII | വനിതകളുടെ സ്വയം തൊഴിൽ സംഭരംഭങ്ങൾക്ക് പ്രോത്സാഹനം നൽകണം. |
| വാർഡ് VIII | വ്യാജവാറ്റ് വളരെ വ്യാപകമാണ് ഇത് സാമൂഹികമായ പ്രശ്നം ഉണ്ടാക്കുന്നു. വ്യാജവാറ്റ് തടയുവാൻ നടപടി എടുക്കണം. |

# വികസന റിപ്പോർട്ട്

## സംസ്കാരം

മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാവുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. വേദ പഠനങ്ങൾക്ക് പ്രാധാന്യം നൽകുന്ന തറവാടുകളും അക്ഷരകളരികളും ഉള്ള പഠനത്തെ സഹായിക്കുന്ന കേന്ദ്രങ്ങളും പ്രാചീനകാലം മുതൽ തന്നെ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്ത് നില നിന്നിരുന്നു. വളരെ മുമ്പ് നുണ മാനവികതയുടെയും പരസ്പര സഹകരണത്തിന്റെയും സന്ദേശങ്ങളായിരുന്നു നിരവധി ഉത്സവങ്ങൾ പഞ്ചായത്തിൽ നിലനിന്നിരുന്നു. നാടൻ കലകളും നാടൻപാട്ടുകളും ഇവിടങ്ങളിൽ പരക്കെ പ്രചാരത്തിലുണ്ടായിരന്നു കലകളും നാടൻപാട്ടുകളും ഇവിടങ്ങളിൽ പരക്കെ പ്രചാരത്തിലുണ്ടായിരുന്ന സാമൂഹ്യ ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങൾ വിളിച്ചോതുന്ന ആധുനിക നാടക സങ്കൽപത്തിന് മാനം നൽകിയ പൊറാട്ട് നാടകങ്ങളുടെ സംഘങ്ങൾ ഇവിടെ സജീവമായിരുന്നു. ഇതുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ ആരംഭിക്കുന്നത്. പോർക്കുളത്ത് ആരംഭിച്ച ഈ സ്കൂൾ നമ്മുടെ സാംസ്കാരിക മുന്നേറ്റത്തിന് ഏറെ സഹായകരമായ സ്ഥാപനമായിരുന്നു. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി അക്കിക്കാവ് എന്ന സ്ഥലത്ത് വന്ന ഒരു വൈദ്യശാലക്ക് ശിലാസ്ഥാപനം നടത്തുക ഉണ്ടായി.

വിവിധ ജാതിമതസ്ഥർ വളരെ സൗഹാർദ്ധത്തോട് കൂടിയാണ് ഇവിടെ ജിവിച്ച്വരുന്നത്. ഈ പഞ്ചായത്തിൽ ഇന്നേവരെ ജാതിയുടെയും മതത്തിന്റെയും പേരിൽ യാതൊരു തരത്തിലുള്ള സംഘർഷവും ഇവിടെ ഉണ്ടായിട്ടില്ല എന്നത് അഭിമാനാർഹമായ വസ്തുതയാണ് വിവിധ മതസ്ഥരുടെ ധാരാളം ആരാധനാലയങ്ങൾ ഇവിടെ സ്ഥിതി ചെയ്തു വരുന്നു. B.C. 2000 ആണ്ടിന് മുമ്പ് ഒരു നധരിക സംസ്കാരം ഇവിടെ നിന്നിരുന്നു എന്ന് തെളിയിക്കുന്ന വേദക്കാട് ദേവി ക്ഷേത്രവും അകതിയൂർ പ്രദേശത്ത് കലശമലയിൽ സ്ഥിതിചെയ്യുന്ന ശിവക്ഷേത്രം എന്നിവ അതിപുരാതനമായ ക്ഷേത്രങ്ങളാണ് ഇവയ്ക്കു പുറമേ 7 ക്ഷേത്രങ്ങൾ പഞ്ചായത്തിലുണ്ട്. ഇരുകൂടാതെ വിവിധ തറവാട്ടു ക്ഷേത്രങ്ങളും നിലവിലുണ്ട്. 3 മുസ്ലീം ആരാധനാലയങ്ങളും 4 കൃസ്ത്യൻ ആരാധനലയങ്ങളും വിവിധ കൃസ്ത്യൻ കുരിശുപള്ളികളും നിലവിലുണ്ട്.

ഗ്രാമീണ ജനതയുടെ ജീവിതത്തെ ഏറെ സ്വാധീനിക്കുന്ന ഉത്സവങ്ങൾ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ വർഷം തോറും നടത്താറുണ്ട്.

മങ്ങാട് ഭഗവതീക്ഷേത്രം: കുംഭമാസത്തിലെ രേവതി നാളിൽ വിവിധ പ്രദേശത്തുകാർ മരവും വൈക്കോലും ഉപയോഗിച്ച്കൊണ്ട് 25 അടിയോളം ഉയരം വരുന്ന പടുകൂറ്റൻ കുതിരകളെ വഹിച്ചു കൊണ്ടുള്ള കുതിരവേല മഹോത്സവം ഭരണി നാളിലെ ഭരണി മഹോത്സവം എന്നിവ ഏറെ പ്രത്യേകതകളുള്ളതാണ്. ഇവിടത്തെതാലപ്പൊലി ഉത്സവവും പ്രസിദ്ധമാണ്.

വേദക്കാട് ക്ഷേത്രം! പുരാതനമായ ഈ ക്ഷേത്രത്തിലെ മഹാനവമി ഉത്സവവും കുംഭത്തിലെ പൂരമഹോത്സവും നടക്കാറുണ്ട്.

**അക്കിക്കാവ് ക്ഷേത്രം**

മകരമാസത്തിൽ നടക്കാറുള്ള അക്കിക്കാവ് പൂരമഹോത്സവം സംസ്ഥാനമാകെ അറിയപ്പെടുന്ന ഉത്സവമാണ്. കേരളത്തിലെ പ്രമുഖ വാദ്യഘോഷക്കാർ പങ്കെടുക്കുന്ന പഞ്ചവാദ്യം വളരെ പ്രസിദ്ധമാണ്.

**കലശമല**

കലശമല ശിവക്ഷേത്രത്തിലെ തുലാമാസത്തിലെ കറുത്തവാവ് ആഘോഷം ഏറെ ശ്രദ്ധേയമാണ് ഈ ദിവസം ഇവിടെ നടക്കുന്ന പിതൃബലി ഒരു പ്രസിദ്ധ അനുഷ്ഠാനമാണ്.

**കൊങ്ങണ്ടൂർ**

കൊങ്ങണ്ടൂർ സുബ്രമണ്യ സ്വാമി ക്ഷേത്രത്തിലെ പൂയ്യമഹോത്സവം പ്രധാനമാണ്.

**ചേന്ദ്രപുറം ശിവക്ഷേത്രം**

ശിവരാത്രി നാളിൽ വിവിധ പരിപാടികളോടെ ഇവിടെ ശിവരാത്ര ആഘോഷിക്കാറുണ്ട്.

**പോർക്കുളം പള്ളി:**

പോർക്കുളം പള്ളിപെരുന്നാൾ വളരെ ആഘോഷപൂർവ്വം സെപ്തംബർ 30,31 തിയ്യതികളിൽ നടത്താറുണ്ട്.

**മങ്ങാട് പള്ളി**

മങ്ങാട് പള്ളി പെരുന്നാൾ വർഷാവർഷം ആഘോഷപൂർവ്വം നടത്താറുണ്ട്.

**അക്കിക്കാവ് പള്ളി**

സെപ്തംബർ 28,29 തിയ്യതികളിൽ ഈ പള്ളിപെരുന്നാൾ വാദ്യഘോഷങ്ങളോടെ നടത്താറുണ്ട്. അയ്യംപറമ്പ് പള്ളി പെരുന്നാളും, ചിറവരമ്പത്തുകാവ് പൂരമഹോത്സവവും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഉത്സവങ്ങളാണ്. ഈ ആരാധാനലയങ്ങൾ നമ്മുടെ പഞ്ചായത്തിലല്ല സ്ഥിതിചെയ്യുന്നത് എങ്കിലും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഉത്സവങ്ങളാണ്. എല്ലാ മതവിഭാഗങ്ങളും ഒത്തൊരുമിച്ചും കൂട്ടായും ആണ് മേൽവിവരിച്ച എല്ലാം ഉത്സവങ്ങളും നടത്താറ്. പഞ്ചായത്തിലെ കൊങ്ങളൂർ, പോർക്കുളം എന്നിവിടങ്ങളിൽ ഏറെ ശ്രദ്ധേയമായ അയ്യപ്പൻ വിളക്കുത്സവങ്ങൾ വർഷം തോറും നടത്താറുണ്ട്. കൂടാതെ തറവാട്ടു ക്ഷേത്രങ്ങളിൽ കളമെടുത്ത്, തുള്ളൽ, പാമ്പിൻകളം എന്നിങ്ങളെ ഉള്ള ആഘോഷങ്ങൾ നടത്താറുണ്ട്.

പഞ്ചായത്തിൽ രണ്ട് വായനശാലകളും ഒരു സാംസ്കാരിക നിലയവുമാണ് ഉള്ളത്. പഞ്ചായത്തിലെ പല വാർഡുകളിലും പ്രവർത്തന രഹിതമായ ലൈബ്രറികളാണ് ഉള്ളത്. ഒരേ ഒരു സാംസ്കാരിക നിലയം മാത്രമേ പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിൽ വിവിധ കലാകായിക സംഘടനകൾ ഉണ്ട്. പൊതുവായ ശ്രവ്യ ദൃശ്യമാദ്ധ്യമങ്ങൾ ഒന്നുംതന്നെ ഇല്ല.

പഞ്ചായത്തിൽ വിനോദസഞ്ചായത്തിന് ഉതകുന്ന മൂന്നോളം കേന്ദ്രങ്ങളുണ്ട് മാത്രവുമല്ല പുരാവസ്തു ശേഖരങ്ങളുടെ പ്രസിദ്ധമായ കേന്ദ്രങ്ങളുണ്ട്. പഞ്ചായത്തിലെ കലശമലക്കുന്ന് പ്രകൃതി രമണീയമായ ഒരു കേന്ദ്രമാണ് പുൽമേടുകൾ നിറഞ്ഞ രണ്ട് കുന്നിൻ ചെരുവുകളും പ്രസിദ്ധമായ കലശമലക്കുന്നിനെ പ്രഖ്യാപിക്കുവാനുള്ള നടപടികൾ കൈകൊണ്ട് വരുന്നുണ്ട്. ദേശീയ അവാർഡു

കൾ വാരിക്കൂട്ടിയ പൊന്തൻമാടയും തുവ്വാനതുമ്പികളും പോലുമുള്ള സിനിമകൾ ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്. വിനോദയാത്രവൽക്കരണത്തിന് വളരെ അധികം സാധ്യതകൾ ഉള്ള ഒരു പ്രദേശമാണിവിടം.

തിരുത്തിക്കാട് വർഷത്തിൽ 3 മാസത്തോളം ബണ്ടിൽ വെള്ളം കെട്ടി നിൽക്കാറുണ്ട്. ഈ കാലഘട്ടത്തിൽ ദേശാടന പക്ഷികളുടെ വിഹാര കേന്ദ്രമായി മാറുന്നു. വേനൽക്കാലത്ത് ആകമാനം കുളിർമ്മ പകർന്ന്കൊണ്ട് നില നിൽക്കുന്ന ഈ ബണ്ട് ഒരു സീസണൽ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ അതിർത്തിയിൽ കിടക്കുന്ന കാക്കത്തിരുത്ത് നാടുപാടും കായൽ ജലത്താൽ
48 ചുറ്റപ്പെട്ട ഒരു ദ്വീപാണ്. ഇവിടെ 30 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈയ്യടുത്ത് പണികഴിച്ച കാക്കതിരുത്ത് പാലം വഴി ഇഹ്ങോട്ടുള്ള സഞ്ചാരമാർഗ്ഗം നിലവിലുണ്ട്. നീർനായ, ആമകൾ, വിവിധയിനം മത്സ്യങ്ങൾ എന്നിവയുടെ ആവാസകേന്ദ്രവും ദേശാടനപക്ഷികളുടെയും സ്ഥലത്തിന്റെ പേര് സൂചിപ്പിക്കുന്നത്പോലെതന്നെ കാക്കകളുടെ ആവാസ കേന്ദ്രവുമാണ് ഇവിടം.

പ്രാചീന ഗുഹകളും 2000 വർഷത്തിലേറെ പഴക്കമുള്ള ക്ഷേത്രവും ഉൾപ്പെടുന്ന പ്രദേശം വേദക്കാടും ഈ പഞ്ചായത്തിലെ ശ്രദ്ധേയമായ പ്രദേശമാണ്.

പോർക്കുളം പഞ്ചായത്ത് നിരവധി പ്രതിഭകൾക്ക് ജന്മം നെൽകിയിട്ടുണ്ട്. സുപ്രസിദ്ധമായ പയ്യൂർ ഇല്ലം ഇവിടെ സ്ഥിതിചെയ്യുന്നു. നിരവധി വേദ പണ്ഡിതൻമാർ ഇവിടെ വസിച്ചിരുന്നു. ക്രിസ്തുവിനെ പിൻപ് 15-ാം നൂറ്റാണ്ടിൽ കേരളത്തിൽ $18\frac{1}{2}$ കവികളിൽ $\frac{1}{2}$ കവിയായ പട്ടേത്തിരിയും വേദ ശാസ്ത്ര വിശാരദന്മാർ ജീവിച്ചിരുന്നു. സുപ്രസിദ്ധ ക്ഷേത്ര വിളംബര ജാഥയിൽ കുറുമ്പൂർ അപ്പുകുട്ടൻ, പുലിക്കോട്ടിൽ കോമൻ, ചെറുതുരുത്തി വേലപ്പൻ എന്നിവർ പങ്കെടുത്തിരുന്നു. ഭൂദാന പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം പ്രമുഖഗാന്ധിയനായ വിനോദാബാജി ഈ പഞ്ചായത്ത് വഴി കടന്ന് പോയിട്ടുണ്ട്. പ്രമുഖ ചുമർചിത്രകലാകാരനായ പരേതനായ മമ്മിയൂർ കൃഷ്ണൻകുട്ടി നായർ ഈ പഞ്ചായത്തിലെ അക്കിക്കാവ് പ്രദേശത്ത് താമസിച്ചിരുന്നു. ചുമർ ചിത്രകലയുടെ അവസാന കണ്ണികളിലൊന്ന് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്. മൺമറഞ്ഞ് പോവുകയായിരുന്ന ഈ കലാരൂപത്തെ പരിപോഷിപ്പിക്കുവാൻ വേണ്ടി അദ്ദേഹം ഒരു പാട് ത്യാഗങ്ങൾ അനുഭവിച്ചിട്ടുണ്ട്. സുപ്രസിദ്ധ പഞ്ചവാടി കലാകാരൻ അക്കിക്കാവ് ചന്ദ്രശേഖരൻ നായർ എന്ന അപ്പുണ്ണിനായർവാദികലാകാരനായ ശങ്കരൻകുട്ടി നായർ എന്നിവർ ഈ പഞ്ചായത്തിലെ അക്കിക്കാവ് പ്രദേശത്ത് വസിക്കുന്നു. നാടിന്റെ പെരുമ ദേശാന്തരങ്ങളിൽ എത്തിക്കുന്നതിലും പഞ്ചവാദികലയെ പരിപോഷിപ്പിക്കുന്നതിലും അദ്ദേഹം തന്റെ കഴിവുകൾ വിനിയോഗിച്ചിട്ടുണ്ട്. പ്രസിദ്ധ വൈദ്യനും സാമൂഹിക പ്രവർത്തകനുമായ ചന്ദ്രുവൈദ്യർ ഈ പഞ്ചായത്തിലെ മുൻ മെമ്പറായിരുന്നു. പ്രസിദ്ധ വിഷവൈദ്യനായ ഉക്രു ഈ പഞ്ചായത്തിലെ മങ്ങാട് വസിക്കുന്നുണ്ട്.

സുപ്രസിദ്ധ സാഹിത്യകാരൻമാരായ സി.വി. ശ്രീരാമൻ, അയ്പ് പാറമേൽ, റഫീക്ക് അക്കിക്കാവ്, ദേവൻ പോർക്കുളം എന്നിവർ ഈ പഞ്ചായത്തിന്റെ അഭിമാനങ്ങളായി സാഹിത്യരംഗത്ത്

നിലകൊള്ളുന്നു. അനവധി പ്രതിഭകളിലും സാംസ്കാരിക പൈതൃകത്താലും അനുഗ്രഹീതമാണ് പോർക്കുളം കലക്കും സാഹിത്യത്തിനും എക്കാലവും വളക്കുറുള്ള മണ്ണാണ് ഇവിടം.

## പ്രശ്നങ്ങളും പരിഹാരങ്ങളും

1. നിലവിലുള്ള സാംസ്കാരിക നിലയം അക്കിക്കാവിലാണുള്ളത്. ഇപ്പോഴും പ്രവർത്തനം തുടങ്ങിയിട്ടില്ല. അവിടെ ഒരു വായനശാല സ്ഥാപിക്കുകയും ഫർണിച്ചറുകൾ വെക്കുകയും ഒരു ടി.വി.സെറ്റ് സ്ഥാപിക്കുകയും വേണം. ദിവസേന തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ കൈക്കൊള്ളണം.
2. എല്ലാ വാർഡുകളിലു് വായനശാല നിർമ്മിക്കണം.
3. എല്ലാ പ്രമുഖ കോളനികളിലും ടി.വി.സെറ്റ് സ്ഥാപിക്കണം.
4. കൊങ്ങണ്ടൂരിൽ ടി.വി. മുറി വയറിംഗ് കഴിച്ച് ടി.വി. സ്ഥാപിക്കണം.



# വ്യവസായം

വ്യവസായ സ്ഥാപനങ്ങൾ കാര്യമായി ഒന്നും തന്നെയില്ലാത്ത പഞ്ചായത്താണ് പോർക്കുളം പഞ്ചായത്ത് എന്ന് പറയാം. 50 വർഷങ്ങൾക്ക് മുൻപ് മങ്ങാട്ട് ഒരു ഓട്ടു കമ്പനി സ്ഥാപിച്ച് നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ചിരിക്കുയാണ്. അക്കിക്കാവിൽ പ്ലാസ്റ്റിക്ക് ചാക്കുകൾ ഉണ്ടാക്കുന്ന ഒരു ഫാക്ടറി ഏതാനും വർഷങ്ങൾക്ക് മുൻപ് ആരംഭിച്ചിരുന്നു. ഇവിടുത്തെ ഉൽപന്നങ്ങൾക്ക് നല്ല മാർക്കറ്റ് ലഭിച്ചിരുന്നു. 150ൽ പരം തൊഴിലാളികൾ ഇവിടെ ജോലി ചെയ്തിരുന്നു. ഇപ്പോൾ ഈ സ്ഥാപനവും പൂട്ടിക്കിടക്കുകയാണ്. ശരിയായ മാനേജ്മെന്റ് ഇല്ലാത്തതാണ് ഇത് പൂട്ടാൻ കാരണമായത്.

അക്കിക്കാവിൽ വൻകിടമേഖലയിൽ ഒരു പേപ്പർ നിർമ്മാണ കമ്പനി ആരംഭിക്കാനുള്ള പ്രവർത്തനം ആരംഭിക്കുകയും തറക്കല്ലിടുകയും ചെയ്തെങ്കിലും പ്രവർത്തനങ്ങളിൽ പുരോഗതി കാണുന്നില്ല.

അക്കിക്കാവിൽ എവറസ്റ്റ് മിൽബോർഡ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കാര്യക്ഷമതയുള്ള ഗവൺമെന്റാണ് ഇതിന് പ്രധാന കാരണം.

പാറേമ്പാടത്ത് പി.വി. പ്ലാസ്റ്റിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇവിടുത്തെ ഉൽപ്പന്നങ്ങൾക്ക് നല്ല മാർക്കറ്റുണ്ട്. അനല എന്ന പേരിൽ പോർക്കുളത്ത് ഒരു ആയുർവ്വേദ മരുന്ന് ഉത്പാദിക്കുന്ന ഫാക്ടറി ഉണ്ട്. കേരളത്തിലാകമാനം ഇവിടെ ഉത്പാദിപ്പിക്കുന്ന മരുന്നുകൾ വിൽപന നടത്തുന്നുണ്ട്.

പാറേമ്പാടത്ത് ആര്യവൈദ്യഫാർമസിയും, മരുന്ന് നിർമ്മിക്കുന്നുണ്ട്. ഇതുകൂടാതെ ചില ചെറുകിട ഫാക്ടറികളും ഉണ്ട്. ചെരുപ്പ്, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, എഞ്ചിനീയറിംഗ് സാധനങ്ങൾ നോട് ബുക്കുകൾ എന്നിവ നിർമ്മിക്കുന്ന സ്ഥാപനങ്ങളും ഉണ്ട്.

### പ്രശ്നങ്ങൾ

വൈദ്യുതി ദൗർലഭ്യമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്കുള്ള പ്രധാന പ്രയാസം. ധനകാര്യസ്ഥാപനങ്ങൾ സാമ്പത്തികസഹായങ്ങൾ ചെയ്യുന്നതിലും വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല. ചെറുകിട വ്യവസായ യൂണിറ്റുകൾ റജിസ്റ്റർ ചെയ്യുന്നതിനും, സാമ്പത്തികസഹായം ലഭിക്കുന്നതിനും പലരും വളരെക്കാലം നടക്കേ

ണ്ട സ്ഥിതിയുണ്ട്. ഇതുകൊണ്ടു തന്നെ പലരും പിൻമാറുകയാണ്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കഴിയാത്ത സ്ഥിതിയുണ്ട്. വൻകിട സ്ഥാപനങ്ങൾ വൻതോതിൽ പരസ്യം കൊടുക്കുന്നത് കൊണ്ട് ജനശ്രദ്ധ അതിലേക്കാണ് തിരിയുന്നത്. വിപണി ചെറുകിട വ്യവസായത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് റജിസ്ട്രേഷൻ, ലോണുകൾ ഉദാരവൽക്കരിക്കേണ്ടതാകുന്നു. ചെറുകിട വ്യവസായങ്ങൾ നടത്തുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇവരുടെ യോഗങ്ങൾ ഇടക്ക് വിളിച്ച്ചേർക്കേണ്ടതാണ്.



സഹകരണ മേഖലയിൽ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നടത്തണം. വനിതകളെ ഗ്രൂപ്പായി റജിസ്റ്റർ ചെയ്ത് വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹിപ്പിക്കണം

ബുക്ക് ബൈന്റിങ്ങ്, പ്രിന്റിംഗ് പ്രസ്സ്, ഫർണ്ണിച്ചർ, വൈരക്കൽ കമ്പനി, അടക്ക സംസ്കാര യൂണിറ്റ് പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിക്കൽ, സോപ്പ് നിർമ്മിക്കൽ, ചന്ദനത്തിരി നിർമ്മിക്കൽ, ഇലക്ട്രോണിക് സാധനങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവക്ക് നല്ല സാധ്യതയുണ്ട്.

ഖാദി ബോർഡുമായി ബന്ധപ്പെട്ടും ചില സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയും.



# ഊർജ്ജം

വൈദ്യുതി ക്ഷാമം മൊത്തം സംസ്ഥാനത്തിന്റെ കാതലായ പ്രശ്നമാണ്. അതിന്റെ അലകൾ ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നു. കുന്നംകുളത്ത് നിന്നുള്ള 66K.V. സബ്സ്റ്റേഷനിൽ നിന്നും കുന്നംകുളം പഴഞ്ഞി ഫീഡർ വഴിയാണ് പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്ത് പ്രദേശത്ത് പതിനൊന്ന് വൈദ്യുതി ഉപഭോക്ത ട്രാൻസ്ഫോർമർ ഉണ്ട്. വോൾട്ടേജ് കുറഞ്ഞ സമയത്ത് (Peak Load) 40 നും 80നും ഇടക്കാണ് വോൾടേജ് ലഭിക്കുന്നത്. വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് മുഴുവനും ബൾബ് ഉപയോഗിച്ചു വരുന്നു. സ്ട്രീറ്റ് ലൈറ്റായി നമ്മുടെ പഞ്ചായത്തിൽ 373 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. ഫ്ലൂറസെന്റ് ട്യൂബുകൾ ഒന്നും തന്നെയില്ല. എന്നാൽ വൈദ്യുതി ഉപയോഗത്തിന്റെ ശരാശരി വർദ്ധിപ്പിക്കാൻ കാരണമാകുന്നു. ശരിയായമ വീക്ഷണക്കുറവ്മൂലവും നിയന്ത്രണക്കുറവ് മൂലവും നല്ലൊരു ശതമാനം വൈദ്യുതി പാഴായിപോകുന്നുണ്ട്. പ്രേഷണവിതരണ നഷ്ടം കുറക്കുവാനുള്ള സാദ്ധ്യതകൾ മനസ്സിലാക്കി അയഞ്ഞ ലൈനുകൾ മുറുക്കിക്കെട്ടിയും, ലൈനിൽ മുട്ടി നിൽക്കുന്ന പ്രദേശങ്ങളിലെ മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള ഏർപ്പാട് എടുക്കണം. ഇങ്ങനെ ആവശ്യത്തിനു മാത്രം വൈദ്യുതി ഉപയോഗിച്ചാൽ കുറെയൊക്കെ വൈദ്യുതി ലാഭിക്കാൻ കഴിയും. പാചക ആവശ്യത്തിനായി വൈദ്യുതി ഉപയോഗിച്ചുള്ള ഹീറ്റർ നല്ലതാണെങ്കിലും ഒരു നല്ല അപകടകാരിയും കൂടിയാണ്. ഗാർഹിക ആവശ്യങ്ങൾക്ക് വേണ്ടതായ പാചകവാതകങ്ങൾ പോലുള്ള ഊർജ്ജസംവിധാനങ്ങൾ പഞ്ചായത്തിലെത്തിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. ക്ഷമതയേറിയ അടുപ്പുകളും, മൈക്രോവേവ് അടുപ്പുകളും, മണ്ണെണ്ണ സ്റ്റൗവും, ഗ്യാസ് ഉപയോഗിച്ചുള്ള സ്റ്റൗവുകളും വളരെയധികം ഇന്ധനചിലവ് കുറഞ്ഞവയുമാണ്. പുകയില്ലാത്ത അടുപ്പുകൾ ഒരു മാസം 200 രൂപ പരെ ഇന്ധനലാഭം ഉണ്ടാകുന്നു. പുകയില്ലാത്ത മെച്ചപ്പെട്ട അടുപ്പുകൾ പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അടുക്കളയിലെ "പുകവലി" വീട്ടമ്മമാരുടെ ആരോഗ്യത്തിനുള്ള ഒരു ഭീഷണിയും കൂടിയാണ്. ഇവയെല്ലാം നടപ്പിലാക്കണമെങ്കിൽ ഒരു ഊർജ്ജ സർവ്വേയും, ശാസ്ത്രീയമായി നടപ്പാക്കുന്നതിന് ഗൃഹസന്ദർശനം നടത്തി വീട്ടുകാരെ ബോധവൽക്കരണം നടത്തേണ്ടതാണ്. വൈദ്യുതി എത്താൻ സാധ്യത കുറവായ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ വളരെ എളുപ്പമായ മാർഗ്ഗമാണ് സൗരോർജ്ജവിളക്കുകൾ. ഇത് രാജ്യമാകമാനം പ്രചാരമുള്ളതാണ്. പാചകത്തിനും, മോട്ടോർ പ്രവർത്തിക്കുന്നതിനും ഇത്തരത്തിലുള്ള വൈദ്യതി ഉപയോഗയോഗ്യമാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തുകയും പ്രാവർത്തികമാക്കാനുള്ള ശ്രമം നടത്തുകയും വേണ്ടതാണ്.

ഇതു പോലെ തന്നെ പ്രചരിപ്പിക്കേണ്ട മറ്റൊന്നാണ് ബയോഗ്യാസ് അടുപ്പുകൾ. സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണപദ്ധതിയിലൂടെ (ANERT) സംസ്ഥാനസർക്കാർ സബ്സിഡിയോടുകൂടി

നടപ്പാക്കുന്ന ഒരു സ്ഥാപനമാണ് അനർട്ട്. നമ്മുടെ പഞ്ചായത്തിൽ അടുപ്പ് നിർമ്മാണത്തിൽ വൈദഗ്ദ്യം ഉള്ളവരുണ്ടെങ്കിൽ അനർട്ടുമായി ബന്ധം സ്ഥാപിച്ചാൽ തൊഴിലവസരം ലഭിക്കുന്നതിന് ഏറെ സാദ്ധ്യതകൾ ഉണ്ട്. പാചക ഊർജ്ജം ലഭിക്കുന്നതിന് ഊർജ്ജക്ഷമത കൂടിയ മറ് ഉപകരണമാണ് പ്രഷർകുക്കർ, കച്ചിപ്പെട്ടി, (Insulated Box) ഇത് അല്പം വിലകൂടുതലാണ് അനർട്ടുമായി ബന്ധപ്പെട്ടാൽ കുറഞ്ഞ വിലക്ക് ലഭ്യമാണ്. (IREP) ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണം അത്യാവശ്യമാണ്. മണ്ണെണ്ണ ചിലവ് കുറഞ്ഞാൽ മെച്ചപ്പെട്ട ക്ഷമത കൂടിയ വിവിധ തരത്തിലുള്ള സ്റ്റൗ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഇന്ത്യൻ ഓയിൽ കോർപറേഷനാണ് ആദ്യമായി ദക്ഷത കൂടിയ സ്റ്റൗ വിപണിയിലിറക്കിയത് (നൂതൻ സ്റ്റൗ) ഗോബർ ഗ്യാസ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിനും ഗാർഹിക ആവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നതിനും ലഭ്യമിട്ടുപ്രവർത്തിക്കാൻ കഴിയണം. ഇതിനാവശ്യമായ ജൈവ സമ്പത്ത് ഗ്രാമീണരുടെ മേൽനോട്ടത്തിൽ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതികളാക്കി മാറ്റാൻ കഴിയണം.

ട്രാൻസ് ഫോർമറുകൾ

| | |
|---|---|
| മങ്ങാട് സെന്റർ | 1 |
| മാളോർകടവ് | 1 |
| മങ്ങാടൻ സ്കൂൾ പരിസരം | 1 |
| വെട്ടിക്കടവ് | 1 |
| പൊന്നം | 1 |
| തിരുത്തിക്കാട് | 2 |
| പോർക്കുളം സഹകരണ ബാങ്ക് പരിസരം | 1 |
| അനഘ | 1 |
| അഗതിയൂർ | 1 |
| അക്കിക്കാവ് എവറസ്റ്റ് മിൽ | 1 |
| കമ്പിപ്പാലം | 1 |
| കൊണ്ടത്തൂർ | 1 |
| പാറേമ്പാടം | 1 |

| | |
|---|---|
| സ്ട്രീറ്റ് ലൈറ്റ് | 373 എണ്ണം |

ദക്ഷതയേറിയ അടുപ്പുകളും മറ്റ് ഉപകരണങ്ങളും

പുകയില്ലാത്ത അടുപ്പ് 140എണ്ണം

പ്രഷർ കുക്കർ 520 എണ്ണം

മണ്ണെണ്ണ സ്റ്റൗ 666എണ്ണം

## നിർദ്ദേശങ്ങൾ

1. വൈദ്യുതി എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സോളാർ വഴി വിളക്കുകൾ സ്ഥാപിക്കാവുന്നതാണ്.
2. വൈദ്യുതി ഉപയോഗം കുറക്കാൻ ഫ്ലൂറസന്റ് ട്യൂബുകൾ ഉപയോഗിക്കുക.
3. സോഡിയം വേപ്പർ ബൾബുകൾ സ്ഥാപിക്കുക. (പ്രധാന സെന്ററുകളിൽ)
4. എല്ലാ ലക്ഷം വീട് കോളനികളിലും വൈദ്യുതി ലഭ്യമാക്കുക.
5. ഗ്യാസ് കണക്ഷനുകൾ പഞ്ചായത്തിൽ ലഭ്യമാക്കുക.
6. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
7. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത എല്ലാ ലൈനുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
8. വൈദ്യുതി അപേക്ഷിക്കുന്നവർക്ക് ഉടനെത്തന്നെ കണക്ഷൻ ലഭ്യമാക്കുക.
9. ഒരു ലൈൻമാന്റെ സേവനം സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനും മറ്റുമായി പഞ്ചായത്തിന് വിട്ടുതരിക.



# ഗതാഗതം

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടി കോഴിക്കോട് തൃശ്ശൂർ സംസ്ഥാന ഹൈവേ കടന്നുപോകുന്നു. മൊത്തം പഞ്ചായത്തിൽ റോഡുകളുടെ നീളം 96.407 കിലോമീറ്ററാണ് ഇതിൽ 3 കിലോമീറ്റർ PWD റോഡും 47.638 കിലോമീറ്റർ പഞ്ചായത്ത് ടാർറോഡുകളും 43.769 കിലോമീറ്റർ പഞ്ചായത്ത് ടാർ റോഡുകളും 43.769 കിലോമീറ്റർ ദൂരം മണ്ണാറോഡുമാണ് ആകെ 247 റോഡുകളാണ് പഞ്ചായത്തിലുള്ളത് അക്കിക്കാവ് പാറേംപാടം പ്രദേശത്തുകൂടി ഹൈവേ വഴി കടന്നുപോകുന്ന ബസ്സുകളും പോർക്കുളം വഴി പഴഞ്ഞി ഭാഗത്തേക്കുള്ള ബസ്സുകളും തിരുത്തിക്കാട് മങ്ങാട് വഴി പഴഞ്ഞി ഭാഗത്തേക്കുള്ള ബസ്സുകളും വെട്ടിക്കടവ് മങ്ങാട് മാളാർക്കടവ് വഴിയുള്ള ബസ്സുകളും പഞ്ചായത്തിലൂടെ ഓടുന്നുണ്ട്. പാറേംപാടത്ത് ലിമിറ്റ് സ്റ്റോപ്പ് ബസ്സ്റ്റോപ്പ് ഉണ്ട്.

### പ്രശ്നങ്ങൾ

ബസ്സുകൾക്ക് റൂട്ട് അനുവദിക്കുന്ന പുതിയ നിയമം വന്നതോടുകൂടി ബസ്സുടമകൾ ഇഷ്ടമുള്ള റൂട്ടിൽ പെർമിറ്റാക്കുന്നു. ഇതുമൂലം പഞ്ചായത്തിൽ ഉൾപ്രദേശത്തുകൂടി ബസ്സ് ഓടുന്നതിനുള്ള സാദ്ധ്യതകൾ നിലച്ചിരിക്കുകയാണ്. മങ്ങാട് ഭാഗത്തേക്ക് നിലവിലുണ്ടായിരുന്ന സൗന്ദര്യംപോലും ഇതിന്റെ ഭാഗമായി നഷ്ടപ്പെട്ടു. കുന്നംകുളം കോഴിക്കോടു റോഡിൽ കൂടുതൽ ബസ്സുകളും ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ ആയതോടെ പാറേപ്പാടം കുരിശുപള്ളി, കമ്പിപ്പാലം, അക്കിക്കാവ് പ്രദേശങ്ങളിൽ ബസ്സ് നിറുത്താത്ത സ്ഥിതിയാണുണ്ടായത്. ഇതുമൂലം യാത്രക്കാർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

### നിർദ്ദേശങ്ങൾ

1. പാറേംപാടം കുരിശ്, പാറേംപാടം, കമ്പിപ്പാലം അക്കിക്കാവ് എന്നി സ്റ്റോപ്പുകളിൽ കുന്നംകുളത്തുനിന്ന് വരുകയും കുന്നംകുളത്തെക്ക് പോകുകയും ചെയ്യുന്ന എല്ലാ ബസ്സുകളും ഏറ്റവും അടുത്ത പ്രദേശം എന്ന നിലയിൽ നിറുത്തുന്നതിനുള്ള എർപ്പാടുകൾ ഉണ്ടാക്കുക.
2. മങ്ങാട്, അകതിയൂർ, കൊങ്ങണ്ണൂർ പ്രാദേശത്തുകൂടി KSRTC ബസ്സുകൾ ഓടിക്കുക.
3. ഓട്ടോറിക്ഷകൾക്ക് നമ്പർ ഇടുകയും നിശ്ചിത ചാർജ് മാത്രം വാങ്ങും എന്ന് ഉറപ്പുണ്ടാക്കുകയും ചെയ്യുക.
4. പാറേംപ്പാടം അക്കിക്കാവ് നാഷ്ണൽ ഹൈവെയുടെ സൈഡ് കെട്ടുകയും വീതികൂട്ടുകയും ചെയ്യുക.
5. പാറേംപ്പാടം, പോർക്കുളം PWD റോഡിൽ കാന നിർമ്മിക്കുക.

6. പോർക്കുളം മനക്കൽ ഇടവഴി മുതൽ മുള്ളത്ത് ഇടവഴി വരെ റോഡു നിർമ്മിക്കുക. ഇത് 5,4 വാർഡുകളെ ബന്ധിപ്പിക്കും.

7. കൊങ്ങണൂർ - പോർക്കുളം പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന കാഞ്ഞിരപ്പാടം റോഡ് നിർമ്മിക്കുക ഇത് കരകളെ തമ്മിൽ ബന്ധിപ്പിക്കും.

8. കൊങ്ങണൂരിൽ നിന്നും പോർക്കുളം പഞ്ചായത്ത് ഓഫീസിന് മുന്നിലേക്ക് ഒരു റോഡ് നിർമ്മിക്കുക ഇത് കൊങ്ങണൂരിൽ നിന്നും പോർക്കുളം സ്കൂളിലേക്ക് വിദ്യാർത്ഥികൾക്ക് എത്തിചേരാൻ സൗക ര്യമായിരിക്കും.

9. അണ്ടിത്തോട് നിന്നും പോർക്കുളം ആശുപത്രി വഴി 4-ാം വാർഡിലേക്ക് ഒരു റോഡ് നിർമ്മിക്കുക ഇങ്ങനെ ഒരു റോഡ് വന്നാൽ 1 മുതൽ 8 വരെയുള്ള വാർഡുകളെ ബന്ധിപ്പിക്കുന്ന ഏറ്റവു എളുപ്പവഴിയായിരിക്കും.

10. മാളോർക്കടവത്തുനിന്നും ചിറളിപുഴയിലേക്ക് ഒരു റോഡ് നിർമ്മിക്കുക ഇത് പൊന്നാന്നിഭാഗത്തേ ക്കുള്ള എളുപ്പവഴിയായിരിക്കും.

11. അപ്പം പറമ്പ് ചൊവ്വന്നൂർ റോഡിൽ നിന്നും കല്ലഴിക്കുന്ന് വഴി കലശമല കുന്നത്തേക്കും അകതി യൂർ റോഡിലേക്കും ഓരോ റോഡുകൾ നിർമ്മിക്കുക. ഇത് കലശമല ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് സഹായിക്കും.

12. പാറപ്പുറത്തുനിന്നും കല്ലഴിക്കുന്നത്തേക്ക് ടാർറോഡ് നിർമ്മിക്കുക.

14. പേരുപുരം - പന്നിത്തടം റോഡ് വരെയുള്ള റോഡ് ടാർ ചെയ്യുക.

15. അകതിയൂർ റേഷൻ കട വഴി ടാർ ചെയ്യുക.

16. അകതിയൂർ അക്കിക്കാവ് മിച്ചഭൂമി റോഡ് ടാർ ചെയ്യുക.

17. പാറപ്പുറം അയ്യം പറമ്പ്യാറോഡ് ടാർച്ചെയ്യുക.

18. കപ്പുരു അമ്പലം - തറമേൽ റോഡ് വീതികൂട്ടി നന്നാക്കുകയും ഇടക്ക് പാലം നിർമ്മിക്കുകയു ചെയ്യുക.

19. അക്കാക്കാവ് തിപ്പലിശ്ശേരി റോഡിലേക്കുള്ള പോർക്കുളം പഞ്ചായത്തിന്റെ ഭാഗം ടാർചെയ്യുക.

20. സെന്റ് ജോർജ്ജ് റോഡു വീതി കൂട്ടി നന്നാക്കുക.

21. കീഴ്‌വീട്ടിൽ റോഡ് വീതിക്കൂട്ടി നന്നാക്കുക.

22. കമ്പിപ്പാലം റോഡ് ടാർചെയ്യുക

23. വേദക്കാട് റോഡ് ടാർ ചെയ്യുക.

24. അണ്ടിത്തോട് വില്ലേജ് ഓഫീസ് റോഡ് വീതികൂട്ടി ടാർചെയ്യുക.

25. പോർക്കുളം സ്കൂൾ പൂമരം റോഡ് ടാർച്ചെയ്യുക.

26. അഞ്ചങ്ങാടി റോഡ് ടാർചെയ്യുക.

27. കുഞ്ഞുമരക്കാർ റോഡ് ടാർ ചെയ്യുക

28. എട്ടു വരച്ചപാറ - പോർക്കുളം ആശുപത്രി റോഡ് ടാർചെയ്യുക.

29. പോർക്കുളം കോളനി കയറ്റം ടാർ ചെയ്യുക

30. പോർക്കുളം പോസ്റ്റാഫീസ് - ചേരിക്കല്ല് റോഡ് നന്നാക്കുക.

31. തിരുത്തിക്കാട് - വടക്കുമുക്ക് റോഡ് നന്നാക്കുക.

32. മണ്ണാൻ ഇടവഴി നന്നാക്കുക.

33. പാമ്പിൻകാവ് ഇടവഴി നന്നാക്കുക

34. ആനചത്തങ്ങാടി റോഡ് ടാർചെയ്യുക.

35. പത്തങ്ങാടി റോഡ് ടാർചെയ്യുക.

36. AKG റോഡ് ടാർ ചെയ്യുക.

37. കൂട്ടുങ്ങൽ ഇടവഴി ടാർ ചെയ്യുക

38. കാക്കത്തിരുത്ത് റോഡ് ടാർചെയ്യുക

39. ചീരുകണ്ടം പാടം റോഡ് നന്നാക്കുക.

40. മങ്ങാട് സ്കൂൾ ഗ്രൗണ്ടിലേക്കുള്ള റോഡ് നന്നാക്കുക.

41. പാക്കത്ത് ഇടവഴി നന്നാക്കുക.

42. വെട്ടിക്കടവ് പള്ളി ഇടവഴി നന്നാക്കുക.

43. മങ്ങാട് പള്ളി റോഡ് നന്നാക്കുക.

44. പോർക്കുളം 4-ാം വാർഡിൽ അഞ്ചങ്ങാടി റോഡ് നന്നാക്കുക.

45. കൊളത്തൂർ മണ്ടകത്തിങ്കൽ ഇടവഴി നന്നാക്കുക.

46. അമ്പപ്പറമ്പ് റോഡ് നന്നാക്കുക

47. പോർക്കുളത്തു നിന്നും, അരുവായി പാടം വഴി മങ്ങാട്ടേക്ക് ഒരു റോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ മുൻകൈയ്യിൽ നിർമ്മിക്കുക.



# പഞ്ചായത്ത് ഭരണ സമിതി

| | | |
|---|---|---|
| എം.എ. വേലായുധൻ മാസ്റ്റർ | - | പ്രസിഡണ്ട് |
| പി.എം. സോമൻ | - | വൈസ് പ്രസിഡണ്ട് |
| അഡ്വ: സി.എസ്. ജ്രതിൻ | - | സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ |
| സി.ജി. രഘുനാഥൻ | - | മെമ്പർ |
| കെ. രാമകൃഷ്ണൻ | - | " |
| ഗ്ലോറി പോൾ | - | " |
| വത്സല സുരേന്ദ്രൻ | - | " |

ജനകീയാസൂത്രണ പ്രസ്ഥാനം
പഞ്ചായത്ത്തല കോർഡിനേറ്റർ
സി.ജി. രഘുനാഥൻ.

# സാമൂഹ്യക്ഷേമം-പാർപ്പിടം

സ്ത്രീകളുടെ സാമൂഹ്യ പദവിക്കെതിരായി നിലനിൽക്കുന്ന ഘടകങ്ങളിൽ പ്രധാനമായ സാംസ്കാരികവും, സാമൂഹികവും, ശാരീരികവുമായ അക്രമണങ്ങൾ പരിശോധിക്കേണ്ടതുണ്ട്. സ്ത്രീധന പീഡനം, ലൈംഗീകാക്രമണം, മാധ്യമങ്ങളിലെ അശ്ലീലവും സ്ത്രീ വിരുദ്ധ ആവിഷ്കാരവും, പുരുഷന്മാർക്കിടയിലെ മദ്യപാനം, മയക്കുമരുന്നു എന്നി പ്രാദേശിക തലത്തിൽ പഠിച്ചാൽ മാത്രമേ അവക്കെതിരെയുള്ള ബോധപൂർവ്വവും സംഘടിതവുമായ ചേറുത്തുനിൽപിൽ രൂപംകൊടുക്കുവാനാകൂ. സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങളിലുള്ള സമൂഹത്തിന്റെ ഇടപെടലുകളും പരിശോധിക്കേണ്ടതുണ്ട്. പീഢനങ്ങളെ നിയമപരമായി നേരിടാൻ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

നമ്മുടെ പ്രദേശത്തെ സ്ത്രീകൾ എത്രമാത്രം മഹിളാസമാജങ്ങളുടെയും നേഴ്സറിസ്കൂളുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നു എന്ന് പരിശോധിക്കേണ്ടതുണ്ട്. ഗ്രാമീണ വായനശാലകൾ നമുക്കുണ്ടെങ്കിലും അവിടേക്ക് കടന്നുചെല്ലാനും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സ്ത്രീകൾ വളരെപിന്നിലാണ്.

സ്ത്രീകൾക്കായുള്ള പദ്ധതികളാവിഷ്ക്കരിക്കുമ്പോഴും മറ്റു പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുമ്പോഴും ഉള്ള ഏറ്റവും വലിയ പ്രശ്നം അവരെ എങ്ങിനെ സംഘടിപ്പിക്കും എന്നതാണ് സ്ത്രീകൾക്കിടയിൽ പഞ്ചായത്തിന്റെ വിവിധ വനിത ക്ഷേമ പദ്ധതികൾക്ക് പ്രചാരണം കൊടുക്കാനും സ്ത്രീകളെ സംഘടിപ്പിക്കാനും പരിശീലനം ബോധവൽക്കരണം വിഭവസമാഹരണം എന്നിവക്ക് നേതൃത്വം കൊടുക്കാനും മഹിളാമേഖലയിൽ യോജിച്ചുള്ള പരിശ്രമം ആവശ്യമാണ്.

## ദാരിദ്ര്യം

പോർക്കുളം പഞ്ചായത്തിനെ സംബന്ധിച്ച് ദരിദ്ര നിർമ്മാണത്തിനായി കാര്യക്ഷമമായ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യരേഖക്ക് താഴെ വസിക്കുന്നവരാണ്. ആഹാരം പാർപ്പിടം ആരോഗ്യം എന്നിവയെ മുൻനിർത്തി ആസൂത്രിതമായ വികസന രൂപരേഖകൾ ഉണ്ടാക്കാത്തതിന്റെ കുറവാണ് റോഡുകൾക്കും മറ്റുമായി വൻതുകകൾ ചിലവഴിക്കുന്നതിൽ കാണുന്നത് അടങ്കൽ തുകയിൽ നിന്നും മേൽസൂചിപ്പിച്ച പദ്ധതികൾക്കായി തുക മാറ്റിവെച്ചാൽ തന്നെയാണ് ദാരിദ്ര്യ നിർമ്മാർജ്ജനം നടത്താനാവുകയുള്ളു. മൊത്തം സാമൂഹ്യസ്ഥിതി ആ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതരീതിയിലൂടെയാണ് പ്രതിഫലിക്കുക. യഥാർത്ഥത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും സഹായം ആവശ്യമുള്ളവരുമായ ആളുകളെ കണ്ടെത്തി നേരിട്ട് പദ്ധതികൾ അവരിലേക്ക് തന്നെ എത്തിക്കുവാൻ ശ്രദ്ധിക്കണം. ആവശ്യങ്ങളും അഭിരുചിക്കും അനുസൃതമായി

ട്രെയിനിംഗ് പ്രോഗ്രാമുകൾ സൃഷ്ടിക്കുകയും തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും വേണം. D.R.P.A. പോലുള്ള പദ്ധതികൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കണം. കുടുംബവരുമാനം കൂട്ടുന്നതിന് സ്ത്രീകൾക്ക് D.W.C.R.A. പോലുള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കണം. D.R C.R.A. പദ്ധതിക്ക് കീഴിൽ പാവപ്പെട്ട സ്തീകളുടെ ഗ്രൂപ്പുകൾ ആനുപാതികമായി ഉണ്ടാക്കി എന്ന ഉറപ്പുണ്ടാക്കുകയും വേണം.

### നിർദ്ദേശങ്ങൾ

കരകൗശല വിദ്ഗദർ ആയ അധികം ആളുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് വസിക്കുന്നുണ്ട്. അത്തരക്കാർക്ക് വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികൾ കീഴിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന സപ്ലൈ ഓഫ് ഇംപ്രൂവ്ഡ് ടൂൾസ് റ്റു ആർട്ടിസാൻസ് എന്ന പദ്ധതി ആവശ്യക്കാർക്ക് നൽകണം.



| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ |
|---|---|---|---|
| അകതിയൂർ | 9 | 22 | 11 |
| പോർക്കുളം | 12 | 25 | 10 |
| മങ്ങാട് | 7 | 13 | 9 |
| മൊത്തം | 28 | 60 | 30 |

സാമൂഹ്യക്ഷേമവും സാമൂഹ്യനീതിയും മുന്നിൽകണ്ടുകൊണ്ടാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. അഗതി പെൻഷൻ വിധവാ പെൻഷൻ, വികലാംഗപെൻഷൻ, വിധവകളായ സ്ത്രീകളുടെ മക്കൾക്കുള്ള ധനസഹായം, ഹരിജൻ പെൺക്കുട്ടികൾക്കുള്ള ധനസഹായം വീട് കക്കൂസുകൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം എന്നിവ ഇത്തരം പരിപാടികളുടെ ഭാഗമാണ്.

വിവിധ വാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ളതായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെകൊടുക്കുന്നു.

1. വാർദ്ധക്യ കാല പെൻഷൻ കുടിശ്ശികയായി കിടക്കുന്നത് അനുവദിക്കണം.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ
3. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഇതുവരെയും പരിഗണിച്ചിട്ടില്ലാത്ത പെൻഷന് വേണ്ട അപേക്ഷകൾ പുനർ പരിശോധിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ കൈകൊള്ളണം.

4. 8-ാം വാർഡിൽ ഹരിജൻസെറ്റിൽമെന്റ് ലക്ഷം വീട് കോളനി ആയി പ്രഖ്യാപിക്കണം.
5. വിധവകൾക്കുള്ള അശരണർക്കും ഉള്ള ധനസഹായം പഞ്ചായത്ത് വഴി ലഭ്യമാക്കണം.

## പാർപ്പിടം

പ്രാചീനകാലങ്ങളിൽ ഗുഹകളും മരപ്പോടുകളും ആയിരുന്നു മനുഷ്യന്റെ ആവാസകേന്ദ്രങ്ങൾ മൃഗങ്ങളിൽ നിന്നും മറ്റ് പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും രക്ഷനേടുന്നതിന് വേണ്ടി മനുഷ്യൻ കൊച്ച് വീടുകൾ ഉണ്ടാക്കി കൃഷിഭൂമിയുടെ പരിസരത്ത് താമസമുറപ്പിച്ചു. കേവലം സുരക്ഷ എന്ന ആശയത്തിൽ നിന്നും ഭംഗിക്കും സൗന്ദര്യത്തിനും ഒത്ത വീടുകൾ നിർമ്മിക്കുവാൻ മനുഷ്യൻ പഠിച്ചു. നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം താരതമ്യേന കുറവാണ് എങ്കിലും പൂർണ്ണമായി പാർപ്പിട പ്രശ്നം പരിഹരിച്ചിട്ടില്ല. ഓലകൊണ്ട് കെട്ടിയ കുടിലുകൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ പലയിടങ്ങളിലും കാണാം. നിരവധി വീടുകളില്ലാത്തവർക്കും വീടുകൾ പണിയുവാൻ സാമ്പത്തിക സൗകര്യങ്ങൾ ഇല്ലാത്തവർക്കും J.R.Y. ഹൗസിംഗ് ബോർഡ്, ഹരിജൻ ക്ഷേമ കോർപ്പറേഷൻ, ലക്ഷം വീട് പദ്ധതി എന്നിവ മുഖേനേയും ആണ് വീടുകൾ ഇല്ലാത്തവരുടെ എണ്ണം ഗണ്യമായി കുറവാക്കുവാൻ കഴിഞ്ഞത്. കോളനികളിലെ ഭൂരിപക്ഷം വീടുകൾക്കും സ്വന്തമായി കക്കൂസുകൾ ഇല്ല. കോളനികളിൽ എല്ലാം വൈദ്യുതി സൗകര്യം ഉണ്ടായിരുന്നിട്ടും കോളനികളിൽ വൈദ്യുതി പൂർണ്ണായും എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.



| | വാർഡ് | | | | | | | |
|---|---|---|---|---|---|---|---|---|
| കോളനി | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ഹരിജൻ | | | 1 | 1 | | | | |
| ഹരിജൻ സെറ്റിൽമെന്റ് | | | 1 | | 1 | 1 | 13 | |
| ലക്ഷംവീട് | | | 1 | 1 | | | 1 | 1 |
| IHDP | | | | | | 1 | | |
| 4 സെന്റ് കോളനി | | | | | | | | 2 |
| മൊത്തം | 3 | 2 | 1 | 2 | 2 | 6 | | |

| വാർഡ് | കെട്ടിങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം<br>കെട്ടിടങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 289 | 44 | 163 | 73 | 9 |
| II | 333 | 83 | 133 | 111 | 6 |
| III | 385 | 52 | 239 | 89 | 5 |
| IV | 470 | 65 | 273 | 125 | 7 |
| V | 487 | 106 | 285 | 85 | 11 |
| VI | 417 | 93 | 260 | 60 | 4 |
| VII | 754 | 222 | 385 | 135 | 12 |
| VIII | 640 | 118 | 299 | 217 | 6 |
| ആകെ | 3775 | 783 | 2307 | 895 | 60 |

മൊത്തം പഞ്ചായത്തിൽ ഹരിജൻ കോളനികൾ 2 എണ്ണവും സെറ്റിൽമെന്റ് കോളനി 7 എണ്ണവും ലക്ഷം വീട് കോളനി 4 എണ്ണവും ഘഫഝഝ കോളനി 1 എണ്ണവും ആണ് ഉള്ളത്.

വിവിധ വാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളും പരിഹാരങ്ങളും താഴെ കൊടുക്കുന്നു.

1. നിർദ്ധന വിഭാഗങ്ങൾക്ക് വീട് വെക്കുവാൻ പരമാവധി സഹായങ്ങൾ നൽകണം.
2. വാർഡ് 2ൽ 10 കുടിലുകൾ ഉണ്ട് അവ പുതുക്കി പണിയുവാൻ ധനസഹായം നൽകണം.
3. ഓലമേഞ്ഞ വീടുകൾ ഓടുമേയുവാൻ സാമ്പത്തിക സഹായം നൽകണം.
4. വൈദ്യുതി എല്ലാ വാർഡുകളിലും എത്തിക്കണം.
5. പട്ടയം നൽകുന്നതിലെ അപാകതകൾ പരിഹരിക്കണം.
6. ഭവന നിർമ്മാണത്തിന് നിർമ്മിതി കേന്ദ്രം സ്ഥാപിക്കണം.
7. കക്കൂസുകൾ വളരെ കുറവാണ് ആവശ്യക്കാർക്ക് മുഴുവനും കക്കൂസുകൾ പണിയുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.
8. ലക്ഷം വീടുകൾ നവീകരിക്കുന്ന പ്രത്രിക നടത്തണം.

# പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 16.76% ഹരിജനങ്ങളാണ്. 2386 അംഗങ്ങൾ ഉണ്ട്. 2 അംഗീകൃത കൊളനികളും ഒരു I.H.D.P. കോളനി കൊങ്ങണൂരിലും 6 സെറ്റിൽമെൻറ് കോളനികളും നിലവിൽ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ 4-ാംവാർഡിലാണ് കൂടുതൽ ഹരിജനങ്ങൾ ഉള്ളത്. 4-ാം വാർഡ് കോളനിയിൽ മാത്രം 55 ഹരിജൻ കുടുംബങ്ങൾ ഉണ്ട്. ഈ പഞ്ചായത്തിൻെറ പ്രത്യേകത പട്ടികവർഗ്ഗങ്ങൾ ഒട്ടും ഇല്ല എന്നതാണ്. പഞ്ചായത്തിലെ ഹരിജൻ സംവരണ മണ്ഡലം 3-ാം വാർഡാണ്. ഈ വാർഡിൽ ഒരു അംഗീകൃത ഹരിജൻ കോളനീ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക അംഗങ്ങളിൽ എല്ലം പുരോഗമനം കൈവന്നിട്ടുണ്ടെങ്കിലും വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഒട്ടനവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും ഈ വിഭാഗങ്ങൾക്ക് സർക്കാരിൻെറ ഒട്ടനവധി ഹരിജനക്ഷേമ പദ്ധതികളെ കുറിച്ച് വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തതുകൊണ്ടും ചൂഷണത്തിന് വിധേയരായതുകൊണ്ടും പുരോഗതി സമ്പൂർണ്ണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ ഈ കാലങ്ങൾക്കിടയിൽ അടിമ സമ്പ്രദായം നിലവിലുണ്ടായിരുന്നു. അയിത്തോച്ചാടനം തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ പ്രാകൃത വ്യവസ്ഥകൾ പഞ്ചായത്തിൽ പണ്ട് നിലവിലുണ്ടായിരുന്നു. നാടുവാഴി ജന്മിത്ത സമ്പ്രദായം നിലനിന്നിരുന്നു. ഭൂരിഭാഗം ഹരിജനങ്ങളും കർഷക തൊഴിലാളികളായിരുന്നു. അവരെകൊണ്ട് പരമാവധി ചൂഷണം ചെയ്തിരുന്നു. തൊഴിലിന് വേതനമായി നെല്ല് മാത്രമാണ് നൽകിരുന്നത് ഈ വിഭാഗങ്ങളിൽ 95 %വും നിരക്ഷരരായിരുന്നു. സാക്ഷരതാപ്രവർത്തനം ഇവർക്കിടയിൽ വൻനേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മൊത്തം സംസ്ഥാനത്താകെ ഉടലെടുത്ത സാമൂഹിക നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ഈ വിഭാഗങ്ങളെ മുഖ്യ ധാരയിലേക്ക് ഉയർത്തുകയും സാമൂഹികമായ ഉച്ചനീചത്വങ്ങൾ മിക്കവാറും നീക്കം ചെയ്തിട്ടുണ്ട്. മറ്റ് മതസ്ഥർക്കിടയിലും ജാതികൾക്കിടയിലും നടക്കുന്ന പൊതു ചടങ്ങുകളിൽ അവർ പങ്കെടുക്കാനും മറ്റും തുടങ്ങി.

## വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി വളരെ പിൻനിരയിലായിരുന്നു. പൂർവ്വകാല സ്ഥിതി പരിശോധിച്ചാൽ നിരക്ഷരരായി ഒരു പാടുപേർ ഉണ്ടായിരുന്നു എന്ന് കാണാം. സ്കൂൾ വിദ്യാഭ്യാസം സാർവ്വത്രികമാക്കിയതോടുകൂടി പ്രൈമറി വിദ്യാഭ്യാസവും സെക്കൻഡറി വിദ്യാഭ്യാസവും കൈവരിച്ചവർ ധാരാളമായി ഇടക്കാലം വച്ച് സാമ്പത്തിക പരാധീനത മൂലം ഇടക്കാലത്തുവെച്ച് പഠനം നിർത്തിപ്പോകുന്ന ഒരു പാട് വിദ്യാർത്ഥികൾ ഇവർക്കിടയിലുണ്ട്. കുടുംബബാധ്യതകൾ ഏറ്റെടുത്ത് നടത്തുന്നതിനോടൊപ്പം പഠനവും തൊഴിലും ഒരുമിച്ച് കൊണ്ടുപോയി ജീവിതവിജയം കൈവരിച്ച വ്യക്തികളും നാമമാത്രമായി ഉണ്ട്. വിദ്യാഭ്യാസം നഷ്ടപ്പെട്ടവരെ പുനർവിദ്യാഭ്യാസം നടത്തുന്നതിൽ രക്ഷിതാക്കൾ താല്പര്യം കാണിക്കാറില്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരെ ഉയർത്തികൊണ്ടുവരേണ്ടതുണ്ട്.

| സ്കൂളുകളുടെ എണ്ണം | മൊത്തം വിദ്യാർത്ഥികൾ | ഹരിജൻ ആൺകുട്ടികൾ | ഹരിജൻ പെൺകുട്ടികൾ | അദ്ധ്യാപകർ | ഹരിജൻ അദ്ധ്യാപകർ |
|---|---|---|---|---|---|
| 4 | 2279 | 207 | 205 | 69 | 1 |

സ്കൂളുകൾ മുഴുവനും സ്വകാര്യമേനേജ്മെൻറ് ഉടമസ്ഥതയിൽ ആയതുകൊണ്ട് നിയമനങ്ങളിൽ സംഭരണാനുകൂല്യം പാലിക്കപ്പെടുന്നില്ല.

ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ പുരാവസ്തു ഖനനം നടത്തിയ ചരിത്രപ്രസിദ്ധമായ 'ആനടിക്കുണ്ട്' എന്ന പ്രദേശം പോർക്കുളം ഹരിജൻ കോളനിയിലാണ്. ഇപ്പോൾ ആ പ്രദേശം ഒരു സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയിരിക്കുകയാണ്.



പഞ്ചായത്തിൻെറ പൊതു വരുമാനം കുറവായതിനാൽ ഹരിജൻ ക്ഷേമത്തിനായി കുറഞ്ഞ സംഖ്യ മാത്രമാണ് വിനിയോഗിക്കുവാൻ കഴിയുന്നത്. ഇവരുടെ ക്ഷേമ പ്രവർത്തനത്തിനായി ഹരിജനക്ഷേമ വകുപ്പ് മുഖാന്തിരം 7070 രൂപയാണ് പഞ്ചായത്തിൻെറ വരുമാനത്തിൻെറ 25% ഹരിജനക്ഷേമത്തിനായി വിനിയോഗിക്കേണ്ടതായിട്ടുണ്ട്.

## തൊഴിൽ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിലാണ് തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നത്. കാർഷികമേഖലയിലുണ്ടായ തകർച്ചമൂലം ഈ വിഭാഗങ്ങൾ മറ്റ് ഇതര മേഖലകളിൽ തൊഴിൽ തേടേണ്ടതായിട്ടുണ്ട്. മുഖ്യമായും നിർമ്മാണ തൊഴിൽ മേഖലയിലാണ് ജോലിചെയ്യുന്നത്. ഇവരിൽ സ്ത്രീകൾക്ക് 75 രൂപയും പുരുഷൻമാർക്ക് 125 രൂപയും ആണ് കൂലി ലഭിക്കുന്നത്. ഈ പ്രദേശത്ത് കൃഷി മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. മുൻകാലങ്ങളിൽ സ്ത്രീകൾ ചെയ്തിരുന്നതിൽ നടീൽ,കൊയ്ത്ത് എന്നിവക്ക് സ്ത്രീകളെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പുരുഷൻമാർ കർഷക തൊഴിലിനു പുറമെ മണ്ണ്വെട്ട്, വേലിപ്പണി എന്നിവയും ചെയ്തുവരുന്നു. അത്തരം തൊഴിൽ ചെയ്യുന്നവരുടെ എണ്ണം ഇന്ന് കുറവായിട്ടുണ്ട്. മിച്ചഭൂമിയും കുടികിടപ്പവകാശവും കൈവന്നതോടെയാണ് ഈ വിഭാഗങ്ങൾ സ്വന്തമായി ഭൂമിയും, കുടിലുകളും കെട്ടിയാണ് കഴിഞ്ഞിരുന്നത്. സ്വന്തമായി അദ്ധ്വാനിച്ചായിരുന്നു അന്നന്നത്തേക്കുള്ള ജീവിതം കണ്ടെത്തിയിരുന്നത്. ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഹരിജൻ സഹകരണ സംഘങ്ങളുമായി സഹകരണ സ്ഥാപനങ്ങളോ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. സാങ്കേതിക തൊഴിൽ പരിശീലന ശാലകൾ ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും ഈ വിഭാഗങ്ങൾക്കായി സഹകരണാടിസ്ഥാനത്തിൽ ഇത്തരം ഒരു സ്ഥാപനം കൊണ്ടുവരേണ്ടതാണ്.

ഈറ്റയും, മുളയും വെച്ച് നെയ്ത്ത് നടത്തുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട് എങ്കിലും അസംസ്കൃത വസ്തുക്കളായ മുളയും ഈറ്റയുടേയും ലഭ്യതയും പണികഴിഞ്ഞുല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഉള്ളതായ വിപണന സാഹചര്യങ്ങളോ നിലവിലില്ല. ഒരു ഹരിജൻ സഹകരണ സംഘം നിർബന്ധമായും സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കോരുവല, വീശു വല, കുരുത്തി,ഒറ്റൽ മുതലായവ ഉപയോഗിച്ച് മത്സ്യം പിടിച്ച് ഉപജീവനം നടത്തിവരുന്ന തൊഴിലാളികളും ഈ പഞ്ചായത്തിലുണ്ട്. പാടങ്ങളും കുളങ്ങളും വ്യാപകമായി മണ്ണിട്ട് നികത്തുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ നില പരുങ്ങലിലാണ്. അവർ മറ്റു തൊഴിൽത്തേടിപ്പോകുന്ന അവസ്ഥയിലാണ് ഇന്ന്.

പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നൽകുന്നു. പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് യാത്രാ ബത്ത കൊടുക്കുന്ന പദ്ധതിയും നിലവിലുണ്ട്.

## സംസ്കാരം

സാംസ്കാരികമായി പിന്നോക്കം നിൽക്കുന്ന ഒരു സമൂഹമാണ് ഹരിജനങ്ങൾ. അജ്ഞതമൂലം ഉച്ചനീചത്വങ്ങൾ ഉയർത്തിപ്പിടിച്ച് അനാചാരങ്ങൾ കൈമുതലാക്കിവരാണെങ്കിലും നാടൻ കലകൾ മുഖ്യമായും ഉറവിടം കൊള്ളുന്നത് ഹരീജനങ്ങളിൽ നിന്നാണ്. നാടൻ കലകളായ കരിങ്കാളി, മൂക്കാംചാത്തൻ,തിറ,നായാടിക്കളി,കാളക്കളി,പുറാട്ട് നാടകം, മഞ്ഞക്കാളി,പൊട്ടി,നന്തുണിപ്പാട്ട്, മലവായിആട്ടം മുതലായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നാടൻ കലകളുടെ രൂപത്തിലായിരുന്നു. തുലാം ഭരണിനാളിൽ മങ്ങാട് ഭഗവതീക്ഷേത്രത്തിൽ ക്ഷേത്രത്തിൻെറ തെക്കുഭാഗത്തായി പ്രത്യേകം സജ്ജീകരിച്ച തടികളിൽ വിളക്കിവെച്ച് ദേവീപ്രീതിക്കായി കുളിതാളം കൊട്ടുന്ന ഏർപ്പാട് പണ്ടുമുതൽ ഹരിജനങ്ങൾ നടത്തിവരുന്നു. പഞ്ചായത്തിൽ പൊതുശ്മശാനം നിലകൊള്ളുന്നത് 4-ാം വാർഡിലാണ്. 4-ാം വാർഡിലും 3-ാം വാർഡിലും ഹരിജനങ്ങൾക്കായി ഓരോ ശ്മശാനങ്ങളുണ്ട്. 63

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടുവാൻ കഴിഞ്ഞിട്ടില്ല. ഓലകൊണ്ടുകെട്ടിയ കുടിലിൽ താമസിക്കുന്നവർ പഞ്ചായത്തിൽ ഇപ്പോഴും ഉണ്ട്. സർക്കാർ നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖേനെ ഈ പ്രശ്നം കുറേയൊക്കെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.കോളനിവാസികൾക്ക് സ്വന്തമായി കക്കൂസില്ലാത്ത അവസ്ഥ ഇപ്പോഴും നിലവിൽ ഉണ്ട് അംഗീകൃത കോളനികളായ മങ്ങാട് കോളനിയിലും പോർക്കളം കോളനിയിലും കുടിവെള്ളത്തിനായി പൊതുകിണറും വൈദ്യുതി സൗകര്യവും ഉണ്ട്.വാർഡ് 4 ൽ 13 പൊതുടാപ്പ് ഉണ്ട് . വൈദ്യുതി സൗകര്യം ഉണ്ടെങ്കിലും കോളനിയിലെ മുഴുവൻ വീടുകളും വൈദ്യുതികരിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതികരിക്കാത്ത കുടുംബങ്ങൾക്ക് സ്വന്തമായി വൈദ്യുതികരിക്കുവാൻ സർക്കാർ സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. കക്കൂസുകളുടെ കാര്യത്തിനും സാമ്പത്തിക സഹായത്തിനായി ഒരു തീവ്രയത്നം നടത്തണം അംഗികാരമുള്ള കോളനികൾക്ക് മുഖ്യമായും സർക്കാർ പദ്ധതികൾ നേരിട്ട് എത്തുന്നു എന്നുണ്ടെങ്കിൽ അംഗികരിക്കാത്ത കോളനികളുടെ സ്ഥിതി നേരെ മറിച്ചാണ്. മൊത്തം പദ്ധതികൾ എല്ലാം തന്നെ നേരിട്ട് ഹരിജനങ്ങളിലേക്ക് ഒരു പോലെ എത്തിക്കുന്ന കാര്യ.ത്തിൽ പഞ്ചായത്ത് മുൻകൈ എടുക്കണം. അംഗികാരമില്ലാത്ത കോളനികൾക്ക് അംഗികാരം ലഭിക്കുന്നതിനായി ശുപാർശ നടത്തേണ്ടതാണ്. ലക്ഷം വീട് കോളനികളിൽ വെള്ളവും വൈദ്യുതിയും എത്തിക്കണം. ലക്ഷം വീടുകളുടെ അറ്റകുറ്റ പണികൾക്കായി സാമ്പത്തിക സഹായം നൽകേണ്ടതാണ്. നിലവിലുള്ള ലക്ഷം വീട് കോളനികളിൽ എല്ലാകോളനികളിലും ജലക്ഷാമം രൂക്ഷമാണ്. പോർക്കുളം ലക്ഷംവീട് കോളനിയിൽ ജലക്ഷാമം പരിഹരിക്കുവാൻ ടാപ്പുകളുടെ എണ്ണം കുറക്കുകയും പൊതുകിണർ കുഴിക്കുകയും വേണം

## ആരോഗ്യം

ആരോഗ്യപരിപാലനരംഗത്ത് ജാഗ്രത പുലർത്തുവാൻ കഴിയാത്ത വിഭാഗങ്ങളാണ് ഇവർ ഇന്നും. മാറാവ്യാധികളും മാരകരോഗങ്ങളും പിടിപ്പെട്ട് അവശത അനുഭവിക്കുന്നവർ ഇവർക്കിടയിൽ നിലവിലുണ്ട്. പരിസരമലിനീകരണവും ശുചിത്വകുറവുമാണ് അതിന് മുഖ്യ. കാരണങ്ങളായി ഉള്ളത്. P.H.C. മുഖേന സൗജന്യ ചികിൽസയും അവവശ്യ മരുന്നുകളും ലഭിക്കുന്നുവെങ്കിലും ബോധവൽക്കരണത്തിൻെറ കുറവ് നിലവിലുണ്ട്. കുടിവെള്ളം ക്ലോറിനേറ്റ് ചെയ്യുന്ന പ്രക്രിയ നടത്തേണ്ട

താണ്. കൊച്ചുകുട്ടികളിൽ പോളിയോ ബാധിക്കാതിരിക്കാൻ പോളിയോ നിർമ്മാർജന പദ്ധതിയിൻ കീഴിൽ പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കണം. ഹരിജൻ കുട്ടികളിൽ പോഷകാഹാരക്കുറവ് മൂലം ബുദ്ധിമാധ്യം, വളർച്ചക്കുറവ് എന്നീ വൈകല്യങ്ങൾ കണ്ടുവരുന്നു. ബോധവൽക്കരണ സെമിനാറുകളിലൂടെ ഇത്തരം വൈകല്യങ്ങൾ അകറ്റുന്നതിന് ശ്രമിക്കേണ്ടതാണ്.

| വാർഡ് | കോളനിയുടെ പേര് | അംഗീകാരത്തിനായി സമർപ്പിച്ചത് |
|---|---|---|
| 1 | ഇല്ല | |
| 2 | ഇല്ല | |
| 3 | മങ്ങാട് ഹരിജൻ കോളനി | |
| 4 | പോർക്കുളം ഹരിജൻ കോളനി | പോർക്കുളം ലക്ഷംവീട് കോളനി |
| 5 | ആറങ്ങാടി സെറ്റിൽമെൻറ് കോളനി | |
| 6 | ഇഞ്ചിക്കുന്ന് ഹരിജൻകോളനി ഐ.എച്ച്.ഡി.പി.കോളനി കൊങ്ങണൂർ | |
| 7 | ഐ.എച്ച്.ഡി.പി.കോളനി ലക്ഷം വീട് സെറ്റിൽമെൻറ് കോളനി | |
| 8 | മിച്ചഭൂമി ഹരിജൻകോളനി കല്ലഴിക്കന്ന് കോളനി | അകതിയൂർ ലക്ഷം വീട് കോളനി |

ഹരിജന ക്ഷേമം മുൻനിർത്തി ശ്രദ്ധചെലുത്തേണ്ട ചില നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നവയുടെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

1. 1,2, വാർഡുകളിൽ ഹരിജൻകോളനികൾ അനുഭവിക്കേണ്ടതാണ്.

2. പ്രാഥമിക സൗകര്യത്തിനായി കക്കൂസുകൾ അനുവദികേണ്ടതാണ്.

3. കുടിവെള്ളം ലഭ്യമാക്കുന്നതിന് കിണറോ, കുഴൽകിണറോ പൈപ്പ്ലൈൻ വഴിയോ ലഭ്യമാക്കേണ്ടതാണ്.

4. വീടില്ലാത്തവർക്ക് വീട് അനുവദിച്ചുക്കൊടുക്കണം.

5. കോളനികളിലും മറ്റ് ഹരിജൻ സെറൻറിൽ മെറൻറ് കളിലും വൈദ്യുതി ലഭ്യമാക്കേണ്ട നടപടി എടുക്കണം.

6. കോളനി പ്രദേശങ്ങളിൽ വായനശാല സ്ഥാപിക്കണം.

7. സംഘടിത ഹരിജൻ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

8. അംഗൻ വാടിയും മഹിളാസമാജവും ഓരോ വാർഡിലും സ്ഥാപിക്കുക.

9. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും വ്യാജവാറ്റ് തടയുന്നതിനും നടപടി കൈക്കൊള്ളണം.

10. ഹരിജൻ സഹകരണസംഘം സ്ഥാപിത്തണം.

# സഹകരണ മേഘല

66

## അവലോകനം

പോർക്കുളം പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ജനങ്ങൾ പണംവായ്പ എടുത്തിരുന്നത് മുഖ്യമായും വ്യക്തികളിൽ നിന്നും സംഘങ്ങളിൽ നിന്നും ആയിരുന്നു. പ്രത്യേകിച്ച് കർഷകർ ആശ്രയിച്ചിരുന്നത് വ്യക്തികളെ ആയിരുന്നു.

ഭീമമായപലിശനിരക്ക് കൊണ്ടും ,വിളനാശം സംഭവിക്കുന്നതുകൊണ്ടും ഓരോവർഷം കഴിയുംതോറും കർഷകർ ഈ വ്യക്തികളുടെ അധീനതയിൽ ആകുകയും കൃഷിയിടങ്ങൾ കടക്കെണിയിലേക്ക് കൊടുക്കേണ്ടതായും വന്നിരുന്നു

ഇതിന് ഒരു അറുതിവരുത്തേണ്ടതിനെ കുറിച്ച് ജനങ്ങൾ ചിന്തിക്കുകയും സഹകരണ ആശയം ഉടലെടുക്കുകയും തൽഫലമായി സഹകരണസംഘം സ്ഥാപിക്കുതയും ചെയ്തു.

ഒരളവ് വരെ ഗ്രാമീണജനങ്ങൾക്ക് വായ്പലഭിക്കുന്നതിന് പോർക്കുളം സർവ്വീസ് സഹകരണ സൊസൈറ്റി ഉപകരിക്കുന്നു.പിന്നീട് സൊസൈറ്റി ദ്രുതഗതിയിൽ വളരുകയും സഹകരണബാങ്കായി ഉയർത്തുകയും ചെയ്തിട്ടുള്ളത്.

പോർക്കുളം 5-ാം വാർഡിൽ ആണ് സഹകരണബാങ്കിൻറ ആസ്ഥാനം.

7-ാം വാർഡിൽ പാറേമ്പാടത്ത് സഹകരണബാങ്കിറൻറ ബ്രാഞ്ച് പ്രവൃത്തിക്കുന്നു.

സഹകരണ ബാങ്കിനെകുറിച്ച് വിശദമായി താഴെകൊടുക്കന്നു.

## രാസവളം കീടനാശിനി വിപണനം

പഞ്ചായത്തിൽ രാസവളം വില്ക്കുന്നത് സഹകരണസംഘം നേരിട്ടാണ്. സഹകരണബാങ്കിറൻറ ആസഥാനത്തും പാറേമ്പാടം ബ്രാഞ്ചിലും വളംവില്ക്കപെടുന്നു.

വളംവില്പന ഒരു പരിധിവരെ കർഷകരെ സഹായിക്കുന്നുണ്ട്. ഓണക്കാലത്ത് ന്യായവിലഅടിസഥാനത്തിൽ സാധനങ്ങൾ വില്ക്കാറുണ്ട്.

പോർക്കുളം ക്ഷീരോല്പാദകസഹകരണസംഘം വളരെ മുൻമ്പ് തന്നെ പാൽസൊസൈറ്റി എന്ന പേരിൽ ക്ഷീരോല്പാദനസഹകരണസംഘം പ്രവർത്തിച്ചിരുന്നു. ക്ഷീരകർഷകർക്കും നാട്ടുകാർക്കും വളരെ ഉപകാരപ്രദമായരീതിയിൽ ആണ് അതിറൻറ പ്രവർത്തനം. ഇപ്പോൾ സംഘത്തിൽ 320 മെമ്പർമാരുണ്ട്. ഇപ്പോൾ 60 ലിറ്റർ പാൽ സഥിരമായി അളക്കുന്നുണ്ട്. പാൽ സംഭരണകേന്ദ്രങ്ങൾ മങ്ങാടും പോർക്കുളത്തും പ്രവർത്തിച്ചുവരുന്നു.

## പ്രശ്നങ്ങൾ

പോർക്കുളം സർവ്വീസ് സഹകരണബാങ്കിൻറ പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കേണ്ട താണ്. കൂടാതെ മെമ്പർമാരെ കൂടുതൽ ചേർക്കേണ്ടതാണ്. ഈപഞ്ചായത്ത് പ്രദേശത്ത് സഹകര ണ കർഷകസംഘങ്ങൾഇല്ല. ഗൾഫ്ജോലിക്കാർ അനവധി ഉണ്ടെങ്കിലും അവരെസംഘടിപ്പിച്ച് വ്യവ സായമോ മറ്റ് സംരഭങ്ങളോ ഇല്ല. ഈ പഞ്ചായത്തിൽ വാണിജ്യബാങ്കുകളുടെ ബ്രാഞ്ചുകൾ ഇല്ലാ ത്തസ്ഥിതിക്ക് നിലവിലുള്ള സഹകരണബാങ്കിൻറ ബ്രാഞ്ച് മങ്ങാട്, അക്കിക്കാവ് എന്നിവിടങ്ങളിൽ തുടങ്ങേണ്ടതാണ്.

67 ഈ പഞ്ചായത്തിൽ സഹകരണാടിസഥാനത്തിൽ വനിതായൂണിറ്റുകൾഇല്ല. പാൽ സഹകരണ സംഘത്തിൻറ പ്രവർത്തനം കൂടുതൽ ഊർജ്ജിതപെടൂത്തേണ്ടതാണ് കാർഷിക ഉല്പന്നങ്ങളെ ഉ ൾപ്പെടുത്തിയിട്ടുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്. നിർദ്ധനർക്ക് തൊഴിൽ ലഭ്യമാ യാൽ സഹകരണഅടിസഥാനത്തിൽ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കൂടുതൽ ഊർജ്ജിതമാക്കണം. പട്ടികജാതി പട്ടികവർഗ്ഗ സഹകര ണസംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. സഹകരണഅടിസ്ഥാനത്തിൽ വൃദ്ധജനങ്ങളെ സംരക്ഷി ക്കുന്നതിനായി അഗതി മന്ദിരങ്ങൾ സഥാപിക്കേണ്ടതാണ്. മോട്ടോർതൊഴിലാളികൾക്ക് സഹകരണ സംഘങ്ങൾസ്ഥാപിക്കേണ്ടതാണ്. ഉഭപോകൃത സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

## സാധ്യതകൾ

സർവ്വീസ് സഹകരണബാങ്കിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി കൂടുതൽ മെമ്പർമാരെ ചേർക്കാവുന്നതാണ്. ഓരോവാർഡിലും മെമ്പർമാരാകത്തവരെ നിർബന്ധമായും മെമ്പർമാരാക്കുന്ന തിവേണ്ടി ഡയരക്ടർ ബോർഡ് അംഗങ്ങളോട് നിർദ്ദേശം നൽകുന്നതാണ്. സഹകരണബാങ്കിൻറ ബ്രാഞ്ചുകൾ കൂടുതലായി തുടങ്ങുന്നതിന് സമ്മർദ്ദം ചെലുത്തുന്നതാണ്. പാൽസൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കന്നതിന് ഡയർകടർ ബോർഡ് മെമ്പർമാർക്ക് നിർദ്ദേശം കൊടുക്കന്നതാണ്.

പലരംഗത്തും കർഷകർക്ക് സഹകരണസംഘങ്ങൾ തുടങ്ങാനായി ശ്രമിക്കുന്നതാണ്.

ഉദാഹരണം ഉല്പാദനം, വിപണനം സംസ്കരണം

ഗൾഫ് ജോലിക്കാരെ ഏകോപിപ്പിച്ച് വ്യവസായമോ മറ്റു തരത്തിലുള്ള ഏതെങ്കിലും സംരംഭങ്ങ ൾ തുടങ്ങുന്നതിന് പ്രേരിപ്പിക്കുന്നതാണ്.

പട്ടികജാതിപട്ടികവർഗ്ഗം വനിതകൾ എന്നിവർക്കായി സഹകപണസംഘങ്ങൾ തുടങ്ങുന്നതിന് നിർബന്ധമായും മുൻകയ്യെടുക്കുന്നതാണ്.

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ശ്രമിക്കുന്നതാണ്.

നിർദ്ധനർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വൃദ്ധജനങ്ങളെ സംരക്ഷിക്കന്നതിനും സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതാണ്. മോട്ടോർതൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും സഹകര ണസംഘങ്ങൾ രൂപീകരിക്കാൻ ശ്രമിക്കുന്നതാണ്.

## രാസവളം കീടനാശിനി വിപണനം

പഞ്ചായത്തിൽ രാസവളം വില്ക്കുന്നത് സഹകരണസംഘം നേരിട്ടാണ്. സഹകരണബാങ്കിറ ൻറ ആസ്ഥാനത്തും പാറേമ്പാടം ബ്രാഞ്ചിലും വളംവില്ക്കപെടുന്നു.

വളംവില്പന ഒരു പരിധിവരെ കർഷകരെ സഹായിക്കുന്നുണ്ട്. ഓണക്കാലത്ത് ന്യായവിലഅടിസ് ഥാനത്തിൽ സാധനങ്ങൾ വില്ക്കാറുണ്ട്.

പോർക്കുളം ക്ഷീരോല്പാദകസഹകരണസംഘം വളരെ മുൻമ്പ് തന്നെ പാൽസൊസൈറ്റി എന്ന പേരിൽ ക്ഷീരോല്പാദനസഹകരണസംഘം പ്രവർത്തിച്ചിരുന്നു. ക്ഷീരകർഷകർക്കും നാട്ടുകാർക്കു വളരെ ഉപകാരപ്രദമായരീതിയിൽ ആണ് അതിറൻറ പ്രവർത്തനം. ഇപ്പോൾ സംഘത്തിൽ 320 മെമ്പർമാരുണ്ട്. ഇപ്പോൾ 60 ലിറ്റർ പാൽ സ്ഥിരമായി അളക്കുന്നുണ്ട്. പാൽ സംഭരണകേന്ദ്രങ്ങൾ മ ങ്ങാടും പോർക്കുളത്തും പ്രവർത്തിച്ചുവരുന്നു.

### പ്രശ്നങ്ങൾ

പോർക്കുളം സർവ്വീസ് സഹകരണബാങ്കിൻറ പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കേണ്ട താണ്. കൂടാതെ മെമ്പർമാരെ കൂടുതൽ ചേർക്കേണ്ടതാണ്. ഈപഞ്ചായത്ത് പ്രദേശത്ത് സഹകര ണ കർഷകസംഘങ്ങൾഇല്ല. ഗൾഫ്ജോലിക്കാർ അനവധി ഉണ്ടെങ്കിലും അവരെസംഘടിപ്പിച്ച് വ്യവ സായമോ മറ്റ് സംരഭങ്ങളോ ഇല്ല. ഈ പഞ്ചായത്തിൽ വാണിജ്യബാങ്കുകളുടെ ബ്രാഞ്ചുകൾ ഇല്ലാ ത്തസ്ഥിതിക്ക് നിലവിലുള്ള സഹകരണബാങ്കിൻറ ബ്രാഞ്ച് മങ്ങാട്, അക്കിക്കാവ് എന്നിവിടങ്ങളിൽ തുടങ്ങേണ്ടതാണ്.

ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ വനിതായൂണിറ്റുകൾഇല്ല. പാൽ സഹകരണ സംഘത്തിൻറ പ്രവർത്തനം കൂടുതൽ ഊർജ്ജിതപെടുത്തേണ്ടതാണ് കാർഷിക ഉല്പന്നങ്ങളെ ഉ ൾപ്പെടുത്തിയിട്ടുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്. നിർദ്ധനർക്ക് തൊഴിൽ ലഭ്യമാ യാൽ സഹകരണഅടിസ്ഥാനത്തിൽ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കൂടുതൽ ഊർജ്ജിതമാക്കണം. പട്ടികജാതി പട്ടികവർഗ്ഗ സഹകര ണസംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. സഹകരണഅടിസ്ഥാനത്തിൽ വൃദ്ധജനങ്ങളെ സംരക്ഷി ക്കുന്നതിനായി അഗതി മന്ദിരങ്ങൾ സ്ഥാപിക്കേണ്ടതാണ്. മോട്ടോർതൊഴിലാളികൾക്ക് സഹകരണ സംഘങ്ങൾസ്ഥാപിക്കേണ്ടതാണ്. ഉഭപോകൃത സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

### സാധ്യതകൾ

സർവ്വീസ് സഹകരണബാങ്കിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി കൂടുതൽ മെമ്പർമാരെ ചേർക്കാവുന്നതാണ്. ഓരോവാർഡിലും മെമ്പർമാരാകത്തവരെ നിർബന്ധമായും മെമ്പർമാരാക്കുന്ന തിവേണ്ടി ഡയരക്ടർ ബോർഡ് അംഗങ്ങളോട് നിർദ്ദേശം നൽകുന്നതാണ്. സഹകരണബാങ്കിൻറ ബ്രാഞ്ചുകൾ കൂടുതലായി തുടങ്ങുന്നതിന് സമ്മർദ്ദം ചെലുത്തുന്നതാണ്. പാൽസൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കന്നതിന് ഡയര്കടർ ബോർഡ് മെമ്പർമാർക്ക് നിർദ്ദേശം കൊടുക്കന്നതാണ്.

11. സാംക്രമിക രോഗം പരത്തുന്നത് തടയാൻ കൊതുകുനശീകരണ പരിപാടി കൈകൊള്ളണം.

12. പ്രൈമറി ഹെൽത്ത് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

13. ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

69 14. ഓലമേഞ്ഞ ഹരിജൻ വീടുകൾ മുഴുവനും ഓടുവെക്കാനുള്ള സാമ്പത്തിക സഹായം നൽകുക.

15. സ്ഥലമില്ലാത്ത ഹരിജനങ്ങൾക്ക് സ്ഥലം സൗജന്യമായിനൽകണം

16. വികലാംഗരായ ഹരിജനങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കണം.

17. ഹരിജൻ കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ പണിയണം.

18. ഹരിജൻ കർഷകതൊഴിലാളികൾക്ക് കർഷക പെൻഷൻ വേഗത്തിൽ ലഭ്യമാക്കണം.

19. ഹരിജൻ കോളനികളിൽ കൺസ്യൂമർ സറ്റോർ സ്ഥാപിക്കണം.

## സഹകരണ മേഘല

### അവലോകനം

പോർക്കുളം പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ജനങ്ങൾ പണംവായ്പ എടുത്തിരുന്നത് മുഖ്യമായും വ്യക്തികളിൽ നിന്നും സംഘങ്ങളിൽ നിന്നും ആയിരുന്നു. പ്രത്യേകിച്ച് കർഷകർ ആശ്രയിച്ചിരുന്നത് വ്യക്തികളെ ആയിരുന്നു.

ഭീമമായപലിശനിരക്ക് കൊണ്ടും വിളനാശം സംഭവിക്കന്നതുകൊണ്ടും ഓരോവർഷം കഴിയുംതോറും കർഷകർ ഈ വ്യക്തികളുടെ അധീനതയിൽ ആകുകയും കൃഷിയിടങ്ങൾ കടക്കെണിയിലേക്ക് കൊടുക്കേണ്ടതായും വന്നിരുന്നു

ഇതിന് ഒരു അറുതിവരുത്തേണ്ടതിനെ കുറിച്ച് ജനങ്ങൾ ചിന്തിക്കുകയും സഹകരണ ആശയം ഉടലെടുക്കുകയും തൽഫലമായി സഹകരണസംഘം സ്ഥാപിക്കുതയും ചെയ്തു.

ഒരളവ് വരെ ഗ്രാമീണജനങ്ങൾക്ക് വായ്പലഭിക്കുന്നതിന് പോർക്കുളം സർവ്വീസ് സഹകരണ സൊസൈറ്റി ഉപകരിക്കുന്നു.പിന്നീട് സൊസൈറ്റി ദ്രുതഗതിയിൽ വളരുകയും സഹകരണബാങ്കായി ഉയർത്തുകയും ചെയ്തിട്ടുള്ളത്.

പോർക്കുളം 5-ാം വാർഡിൽ ആണ് സഹകരണബാങ്കിൻറ ആസ്ഥാനം.

7-ാം വാർഡിൽ പാറേമ്പാടത്ത് സഹകരണബാങ്കിറൻറ ബ്രാഞ്ച് പ്രവൃത്തിക്കുന്നു.

സഹകരണ ബാങ്കിനെകുറിച്ച് വിശദമായി താഴെകൊടുക്കന്നു.

# വിഭവസമാഹരണം

വിഭവസമാഹരണത്തിൻറ സാദ്ധ്യതകൾ മനസ്സിലാക്കി മാത്രമെ പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ കഴിയൂ എന്നതുകൊണ്ടുതന്നെ പഞ്ചായത്തിൻറ ധനാഗമനമാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയണം. അതുപോലെത്തന്നെ ചിലവാകുന്ന രീതിയെകുറിച്ചും അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ അന്വേഷിക്കുന്നതിനോടൊപ്പം തന്നെ പണം ചിലവഴിക്കുന്ന രീതിയിൽ കൂടുതൽ പ്രയോജനം സിദ്ധിക്കുമോ എന്നും പരിശോധിക്കണം. ഇതിനായി പഞ്ചായത്തിൻെറ വരവുചിലു കണക്കുകൾ വ്യക്തമായി തന്നെ മനസ്സിലാക്കണം.

പോർക്കുളം പഞ്ചായത്ത് ബി- ഗ്രേഡ് പഞ്ചായത്താണ് ഈ പഞ്ചായത്തിൻെറ 1995- 96 ലെ വരവിനങ്ങൾ സൂചിപ്പിക്കുന്നു.

**വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96**

| ഇനം | വരവ് | ശതമാനം |
|---|---|---|
| കെട്ടിടനികുതി | 1971075 | 35.72 |
| തൊഴിൽ നികുതി | 44005 | 9.19 |
| ലൈസൻസ് ഫീസ് | 8174 | 1.70 |
| വസ്തു കൈമാറ്റനികുതി | 82427 (75%) | 17.22 |
| കെട്ടിടനികുതി സർചാർജ്ജ് (library sess) | 9811 | 2.05 |
| ഡെപ്പോസിറ്റ് | 13025 | 2.72 |
| സർവ്വീസ് ചാർജ്ജ് | 57951 | 12.10 |
| മറ്റുള്ളവ | 77063 | 19.30 |
| ആകെ | 478870 | |

പഞ്ചായത്തിൻെറ വരുമാനത്തിൽ പ്രധാനമായും കെട്ടിടനികുതിയാണ്.

പഞ്ചായത്ത് വരുമാനത്തിമായി പൂർണ്ണമായും ആശ്രയിക്കുന്നത് സർക്കാർ ഗ്രാൻെറുകളെയാണ്. പഞ്ചായത്തിൻെറ സാധാരണ വരുമാനം പഞ്ചായത്ത് നികുതികൾ, ലൈസൻസ്ഫീസ്, വസ്തുകൈമാറ്റനികുതി ശതമാനം മാത്രമെയുള്ളു.. കഴിഞ്ഞ 5 വർഷത്തെ സർക്കാർ ഗ്രാൻെ ഒഴികെയുള്ള വരുമാനമാണ് താഴെ പട്ടികയിൽ നൽകിയിരിക്കുന്നത്.

<u>പഞ്ചായത്ത് വരുമാനം.</u>

| വർഷം | തുക | വാർഷികവർദ്ധനനിരക്ക് |
|---|---|---|
| 1991 - 92 | 274986 - | |
| 1992 -93 | 515530 | |
| 1993 - 94 | 568833 | |
| 1994 - 95 | 604296 | |
| 1995 - 96 | 478870 | |

പഞ്ചായത്തിൻെറ ചെലവുസംബന്ധിച്ച വിവരങ്ങളാണ് പട്ടിക 3 ൽ നൽകിയിട്ടുള്ളത്.

പട്ടിക 3  ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 4068 306.60 |
| പൊതുമരാമത്ത് | 637658.10 |
| വിദ്യാഭ്യാസം | 500.00 |
| ജലവിതരണം, ഓടകൾ,പൊതുജനാരോഗ്യം | 10500.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 35136.00 |
| മറ്റുള്ളവ | 148708.55 |
| ആകെ | 1240809.25 |

71

കേരളത്തിലെ മറ്റു പഞ്ചായത്തുകളെപോലെത്തന്നെ, ഭരണചിലവ് ഒഴിച്ചു നിർത്തിയാൽ പഞ്ചായത്തിൻെറ ചിലവ് പൊതുമരാമത്ത് ജലവിതരണം തെരുവുവിളക്കുകൾ എന്നീകാര്യങ്ങൾക്കായി ചിലവഴിക്കുന്നു. കാർഷിക വ്യവസായ മേഖലകളിൽ കാര്യമായ ചെലവൊന്നും തന്നെ നടത്തുന്നില്ല.

പഞ്ചായത്തിലെ കഴിഞ്ഞ അഞ്ച് വർഷതഎ ചെലവഴിച്ച അൺട്രൈഡ് ഫണ്ടിൻെറ തുക പട്ടിക 4ൽ നൽകിയിരിക്കുന്നു.

| വർഷം | പൊതുവിൽ | എസ്.സി.പി. | ആകെ | വാർഷിക വർദ്ധനവ് |
|---|---|---|---|---|
| 1991 - 92 | 184000 | 63000 | 247000 | |
| 1992 - 93 | 190000 | 67500 | 257500 | |
| 1993 - 94 | 192250 | 70000 | 262250 | |
| 1994 - 95 | 272700 | 76000 | 348700 | |
| 1995 -96 | 245540 | 106400 | 411940 | |

പഞ്ചായത്തിന് ഇഷ്ടം അനുസരിച്ച് ചെലവാക്കുന്നതിനുള്ള ഫണ്ടാണ് ഇത്. ഈ പണത്തിൻെറ ഭൂരിഭാഗവും മരാമത്ത് പണികൾക്കും ദുർബ്ബലരായ വിഭാഗങ്ങൾക്ക് വീട് നൽകുന്നതിനുമാണ് ഉപയോഗിച്ചിട്ടുള്ളത്.

**ജെ.ആർ.വൈ. പദ്ധതി കഴിഞ്ഞ അഞ്ച് വർഷത്തെ ചിലവ്**

| വർഷം | തുക | ജനറൽ | പട്ടികജാതി പട്ടികവർഗ്ഗം |
|---|---|---|---|
| 1991 - 92 | 303787 | | |
| 1992 - 93 | 310446 | | |
| 1993 - 94 | 312915 | | |
| 1994 - 95 | 175302 | | |
| 1995 - 96 | 363041 | | |
| ആകെ | 1523491 | | |

ജെ.ആർ.വൈ പദ്ധതിയിൽ നടത്തിയ ചെലവിൻെറ വിവരങ്ങളാണ് പട്ടികയിൽ നൽകിയിരിക്കുന്നത്. റോഡുകൾക്കും വീടുകൾക്കും കക്കൂസുകൾക്കുമാണ് ഈ ഫണ്ട് ചെലവഴിച്ചിരിക്കുന്നത്. കാർഷിക വ്യവസായികതുറകളിൽ കാര്യമായ യാതൊരു ചിലവും നടത്തുന്നില്ല. ഈ മേഖലകളിൽ ശ്രദ്ധ ചെലുത്തുന്നത് അഭികാമ്യമാണ്.

നമ്മുടെ ഗ്രാമം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ് വ്യവസായിക രംഗത്തെ നിശ്ചലാവസ്ഥ. വൻകിട വ്യവസായിക സ്ഥാപനങ്ങൾ പോയിട്ട് ചെറുകിട വ്യവസായങ്ങൾ കാണാൻ പോലും കഴിയാത്ത അവസ്ഥയാണ് നമ്മുടെ പഞ്ചായത്തിലുള്ളത് വികസനത്തിൻെറ വിവിധ മുഖങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്ന ഇത്തരം മേഖലകളുടെ വിപുലീകരണം സാധ്യമാകുന്ന സാഹചര്യങ്ങൾ വരേണ്ടതുണ്ട്. വികസന സാധ്യതകൾ വളരെയധികമുള്ള പ്രവർത്തനക്ഷമമായ വളരെ വലുതല്ലെങ്കിലും തീരെ ചെറുതല്ലാത്ത സ്ഥാപനങ്ങൾ ഫലപ്രദമായി മുന്നേറാൻ കഴിയും എന്നതിന് ഉചിതമായ ഉദാഹരണങ്ങൾ ഈപഞ്ചയാത്തിൽ വ്യക്തമാണ്.

വിഭവസമാഹരണത്തിൻെറ ഭാഗമായി ഗ്രാമതലങ്ങലിൽ കൃഷിയുടെ അഭിവൃദ്ധി പ്രധാനപ്പെട്ടതാണ്. അതിൻെറ വിപുലീകരണത്തിൻെറ അനന്തമായ സാധ്യതകളും സാഹചര്യങ്ങളും അതിന് അനുകൂലമാണ്. നമ്മുടെ പഞ്ചായത്തിൽ കേന്ദ്രീകരിക്കുന്ന പ്രധാനപ്പെട്ട കൃഷികൾ കവുങ്ങും നെല്ലുമാണ്. കൃഷിക്കനുയോജ്യമായ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ തന്നെയും ശാശ്വതമായ ജലസേചനത്തിൻെറയും കൃഷിക്കാരുടെ കൃഷിയോടുള്ള വൈമുഖ്യതയും കൃഷിക്കാർക്കു പൊതുവെ ധാരണയുള്ള വളത്തിൻെറയും മറ്റു കാർഷികാവശ്യങ്ങളുടെ സാമ്പത്തിക ബാധ്യതയും കൃഷിയെ കാര്യമായ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. വിപുലമായ സൗകര്യങ്ങളുള്ള ഈ പ്രദേശത്തെ വേണ്ട രീതിയിൽ പോഷിപ്പിച്ചാൽ ഈ പഞ്ചായത്തിൻെറ തന്നെ ഭക്ഷണകലവറയായി ഈമേഖലകളെ തീർച്ചയായും കണക്കാക്കാൻ കഴിയും. അങ്ങനെ ഭക്ഷണാവശ്യങ്ങൾ സ്വയംപര്യാപ്തതയിലേക്ക് എത്തുമെന്നത് തീർച്ചയാണ്. ഉദാഹരണമായി ഒന്നാം വാർഡിലെ മങ്ങാട് പുഞ്ചനിലം 240 ഏക്കറോളം വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. അതുപോലെ തന്നെ അത്രതന്നെ ഏക്കറോളം കവുങ്ങും തോപ്പുകളും ഉള്ള പ്രദേശമാണ്. വ്യാപകമായ രീതിയിൽ വെറ്റില, കുരുമുളക്,തുടങ്ങിയ വളരെ വിപണന സാധ്യതയുള്ള കാർഷിക വിഭവങ്ങൾ കൃഷി ചെയ്യാനുള്ള സാഹചര്യവും ഇത്തരം തോപ്പുകളിൽ സാധ്യമാണ്. വർഷങ്ങൾക്ക് മുന്നെ തന്നെ വെറ്റില വളരെയധികം കൃഷി ചെയ്തിരുന്ന ഇത്തരം പ്രദേശങ്ങൾ ആ കൃഷിക്ക് തീരെ പ്രധാനം നൽകുന്നില്ല എന്നത് വളരെ ഗൗരവകരമായി കണക്കിലെടുക്കേണ്ടതാണ്. കൃഷിഭവൻ മുഖേന കൃഷിക്കാർക്ക് ആവശ്യമായ വെറ്റിലക്കൊടികളും കുരുമുളക് വള്ളികളും സൗജന്യനിരക്കിൽ ഭൂമി ഉള്ള എല്ലാവർക്കും ഒരു പരിധി വരെ നിർബന്ധമായും വിതരണം ചെയ്യുകയും ഒപ്പം തന്നെ വളരെ ഉപകാരപ്രദമായ രീതിയിൽ ബോധവത്കരണം നടത്തുകയും ചെയ്താൽ കവുങ്ങു കൃഷിയുടെ ഇടവിളയായി ഇവ വിജയം കണ്ടെത്തുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ രീതിയിൽ മറ്റു കാർഷിക ഭക്ഷ്യവിള രംഗങ്ങളിലും പ്രയോഗികമായ രീതിയിൽ നടപ്പാക്കിയ വിഭവസമാഹരണത്തിൻെറ ഒന്നാമത്തെ പടി വിജയകരമായി പൂർത്തിയാക്കാൻകഴിയും .

സ്ഥിരമായി നിലകൊള്ളുന്നതും എന്നാൽ അല്പം മാത്രം വ്യത്യാസം വരുന്നതുമായ വീട് നികുതികളും മറ്റു കെട്ടിടനികുതികളും മാത്രം സ്വീകരിച്ചുകൊണ്ട് വികസനപ്രവർത്തനങ്ങൾ നടത്തുക എന്നത് ചിലവു കൂടുതലും വരുമാനം കുറഞ്ഞതുമായ പഞ്ചായത്തുകളെ അപേക്ഷിച്ച് വികസനം പൂജ്യമാണ്. ആയതുകൊണ്ടുതന്നെ വിവിധ മേഖലകളിലെ വിഭവസമാഹരണം ഗൗരവമായിതന്നെ ചർച്ചക്ക് വിധേയമാക്കേണ്ടത് അത്യവശ്യമാണ്. നമ്മുടെ വികസനപ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ മുന്നേറുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. ഹെക്ടറോളം വ്യാപിച്ചുകിടക്കുന്ന നെൽകൃഷിയിടങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കൂട്ടുകൃഷി സമ്പ്രദായം നിലവിൽ വരുത്തുക. കാർഷികമേഖലയിലെ പൊതുവിലുള്ള മനുഷ്യഭവശേഷി കുറവ് നെൽകൃഷിയുടെ കാര്യത്തിൽ നിഴലിച്ചുകാണുന്നത് കൊണ്ട് യന്ത്രങ്ങളുടെ സഹായം ലഭ്യമാക്കുക. കൃഷിയിടങ്ങൾനികത്തുന്നത് നിയമം മൂലം തടഞ്ഞിട്ടുണ്ടെങ്കിലും അതിൻെറ പ്രായോഗിക തലത്തിലുള്ള ശരിയെ ഉറപ്പുവരുത്തുക. ഭൂമി നികത്തുന്നത് തടയുന്നതിന് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുകയും Field Publicity മൂലവും ഗ്രാമോദ്ധാരണം തുടങ്ങിയ പരിശ്രമങ്ങളിലൂടെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള ബോധവത്കരണം ഒന്നുമാത്രമേ ഭക്ഷണദൗർലഭ്യത്തിന് സ്ഥായിയായ പരിഹാരം കാണാനാവൂ.

2. വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം പുലർത്തുന്ന ഉദ്യോഗാർത്ഥികളെ സ്വരൂപിച്ച് കൊണ്ട് അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ലോണുകൾ പാസ്സാക്കികൊടുത്തുകൊണ്ട് പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹിപ്പിക്കുക.

കലശമലക്കുന്ന്, തിരുത്തിക്കാട്, കാക്കതിരുത്ത് എന്നീ പ്രദേശങ്ങളിലെ വിനോദസഞ്ചാരസാധ്യതകൾ വിപുലീകരിച്ചുകൊണ്ട് ടൂറിസത്തിൽ നിന്നും വരുമാനം ഉണ്ടാക്കുക.

പഞ്ചായത്തിൽ ഒരു സിനിമാതീയ്യേറ്റർ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വിവിധ കലാപരിപാടികൾ ടിക്കറ്റ് വെച്ച് നടത്തി ജനകീയപങ്കാളിത്തത്തോടെ വിജയിപ്പിക്കാൻ ശ്രമിക്കുക. പഞ്ചായത്തിലെ ശ്രദ്ധയേറിയ Shoping complex കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ നിർമ്മിച്ചാൽ പഞ്ചായത്തിനു നല്ല വരുമാനമാർഗ്ഗം ഉണ്ടാകും.

ആട്ടോറിക്ഷകൾക്ക് പഞ്ചായത്ത് നമ്പറുകൾ കൊടുത്ത് Parking Tax ഈടാക്കുക. ബ്ലേഡ് കമ്പനികളിൽ നിന്നും Tax ഈടാക്കുക.

മരാമത്ത് പണികൾ സന്നദ്ധസംഘടനകളുടെയും വ്യക്തികളുടേയും സേവനം ലഭ്യമാക്കി പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

പഞ്ചായത്ത് അതിർത്തിക്കുള്ളിലെ തയ്യൽക്കാരെ സംഘടിപ്പിച്ചുകൊണ്ട് ഗവൺമെൻറ് സാമ്പത്തിക സഹായത്തിൻെറ അടിസ്ഥാനത്തിൽ ഒരു Readymade വസ്ത്രനിർമ്മാണം യൂണിറ്റ് സ്ഥാപിക്കുക. അതുവഴി ഒരു നിശ്ചിത ശതമാനത്തോളം തൊഴിലില്ലായ്മ സ്ത്രീ പുരുഷ ഭേദമന്യേ പരിഹരിക്കാൻ കഴിയും.

ക്ഷീരോത്പാദകസഹകരണസംഘത്തിൻെറ പ്രവർത്തനം വിപുലീകരിക്കുക. സാധ്യതയുള്ള സെൻററുകളിൽ മാർക്കറ്റുകൾ ആരംഭിക്കുക.

4271

KERALA INSTITUTE OF LOCAL ADMINISTRATION

# അധികാരം ജനങ്ങളിലേക്ക്

75

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്

ആസൂത്രണത്തിലും നിർവ്വഹണത്തിലും വുപുലമായ ജനപങ്കാളിത്തം

പഞ്ചായത്ത് രാജ്-നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മ രംഗത്തേക്ക്

ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു

വികസന സെമിനാറുകൾ, പരിശീലന ക്ലാസുകൾ

വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ

ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി

Sukumar Brothers'
PRINTED AT : **CLARITY PRINTERS**, AKKIKKAVU
DESIGNED BY : **CREATIVE COMMUNICATION**, AKKIKKAVU